# ദർശനം

ഫാദർ. കുര്യൻ, വാലുപറമ്പിൽ

www.malankaralibrary.com

# ദർശനം

ഫാ. കുര്യൻ വാലുപറമ്പിൽ
സിറിയൻ കാതലിക് ചർച്ച്
ഏനാത്തു് പി. ഒ.
പിൻകോഡ് 691526

www.malankaralibrary.com

(Malayalam)

DARSANAM

By Father Kurian Valuparampil

First Published 1981

Printed at Ebenezer Press, Enathu.

Price; Rs. 7—00

Copy right to the author

Published by Fr. Kurian Valuparampil

വിശുദ്ധ ഗ്രന്ഥത്തോട് ചെറുപ്പത്തിൽത്തന്നെ
എന്നിൽ അഭിരുചി വളർത്തിയ
എന്റെ സ്നേഹധനരായ
മാതാപിതാക്കന്മാർക്ക്
സമർപ്പിതം.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ഉപോദ്ഘാതം

നാം ദിനജീവിതത്തിൽ പലരേയും അഭിമുഖീകരിക്കാറുണ്ട്. ഓർമ്മവച്ച നാൾമുതൽ ഇന്നുവരെ എത്രയായിരം പേരെ കണ്ടുമുട്ടിയിരിക്കുന്നു! ഇവരിൽ ചിലരെ വീണ്ടും കാണാനും അവരോടു ഏറെ നേരം നർമ്മസല്ലാപം നടത്തി സന്തോഷിക്കാനും സന്തോഷിപ്പിക്കാനും ആഗ്രഹിച്ചിട്ടില്ലേ? ഈ ആഗ്രഹം അഭികാമ്യമായൊരനുഗ്രഹം തന്നെ. അതിന്റെ അഭികാമ്യത നഷ്ടപ്പെടുത്തരുതെന്നുമാത്രം.

പ്രഭാതസൂര്യന്റെ ഇളംതളിരേററ് തിളങ്ങുന്ന മഞ്ഞുകണങ്ങളുമേന്തി നിൽക്കുന്ന സുന്ദരപുഷ്പങ്ങൾ സുമനസ്സുകളെ ആകർഷിക്കും. തിരക്കേറിയ ആൾക്കൂട്ടത്തിൽ നടന്നുമറയുന്നവരിൽ ചിലർ നമ്മെ പ്രത്യേകം ആകർഷിക്കുമല്ലോ. പുഞ്ചിരിക്കുന്ന മുഖമുള്ളവർ. വിരിഞ്ഞ വദനവും വിടർന്ന സൂനവും ഒരുപോലെ ഹൃദയഹാരികളാണ്. അവയ്ക്ക് വശ്യശക്തിയുണ്ട്. സദാ സന്തോഷമൂറുന്ന മുഖമുള്ളവരെ കാണുകതന്നെ ആനന്ദകരമത്രെ.

ജീവിതത്തിൽ നാം പലരേയും തിരക്കിനടക്കാറുണ്ട്. ഇടതൂർന്നു നീങ്ങുന്ന ജനത്തിരക്കിലും ചിലരെ പ്രത്യേകം തേടാറില്ലേ? ആയിരങ്ങൾ കൂടിയിട്ടുണ്ട്. അവരിൽ ആരെ വേണമെങ്കിലും നമുക്കു കാണാം; സംസാരിക്കാം. പക്ഷേ നമ്മുടെ അന്തരാത്മാവ് അന്വേഷിക്കുന്ന വ്യക്തിയെ കണ്ടുമുട്ടിയാലേ മനസ്സും ഹൃദയവും ശാന്തമാകൂ.

www.malankaralibrary.com

സിനിമാക്കമ്പക്കാർ പല തരക്കാരാണല്ലോ. കല എന്ന നിലയ്ക്കു് ആസ്വദിക്കുന്നവരും വിലയിരുത്തുന്നവരും. ചില്ലറ പ്രശ്നങ്ങളിൽ നിന്നു് ഒഴിഞ്ഞുനിൽക്കാനും തെല്ലുനേരം കൃത്രിമമായ ആശ്വാസം അനുഭവിക്കാനും പോകുന്നവർ. വേലയുടേയും ആവർത്തനത്തിന്റെയും വിരസതയിൽനിന്നു് വിമുക്തി തേടുന്നവർ. എല്ലാവർക്കും വേണ്ടതു് സ്വസ്ഥത. സംതൃപ്തിയേകുന്ന സ്വസ്ഥത. കലാപരമായി മേന്മയേറിയ ചിത്രമായാലും ഓരോരുവർ പ്രതീക്ഷിക്കുന്ന 'സീൻ' അഥവാ 'ഇഷ്ടതാരം' അതുമല്ലെങ്കിൽ 'രസം' ഇല്ലെങ്കിൽ ചിത്രം തൃപ്തിയേകില്ല. എല്ലാവരും തേടുന്നതു് ആത്മസംതൃപ്തിയാണു്. അനുഭവസ്ഥമായ സംതൃപ്തി. സംതൃപ്തിദായകികളെന്നു് കരുതുകയോ അവകാശപ്പെടുകയോ ചെയ്യുന്നതൊന്നും അന്വേഷകരെ സംതൃപ്തരാക്കുന്നില്ലെന്നതു് കഷ്ടകരമായൊരു യാഥാർത്ഥ്യമാണു്. അസംതൃപ്തവും അതിനാൽ അസ്വസ്ഥവുമായ അന്തരാത്മാവു് കൂടുതൽ ആർത്തിയോടെ സംതൃപ്തി തേടിക്കൊണ്ടേയിരിക്കുന്നു.

ഒരു സംഗതി നിസ്സംശയമാണല്ലോ. എല്ലാ മനുഷ്യന്റെയും മനസ്സു് സമ്പൂർണ്ണസംതൃപ്തി തേടുന്നു. ജീവിതസാഫല്യമടയാൻ. നമ്മുടെ ജീവിതാശകളും അവ നിറവേറുമെന്ന പ്രതീക്ഷയുമാണു് നമ്മെ നിരന്തരം മുന്നോട്ടുനയിക്കുകയെന്നതൊരു യാഥാർത്ഥ്യമത്രേ. ജീവിതസാഫല്യത്തിനുവേണ്ടി അന്വേഷിക്കാനും അതു കണ്ടെത്താനും നമുക്കു കഴിയണം. നമ്മെ സമ്പൂർണ്ണമായി സംതൃപ്തമാക്കുന്ന വ്യക്തിയുമായുള്ള സമ്പർക്കമായിരിക്കണം നമ്മുടെ അന്വേഷണത്തിന്റെ ആത്യന്തികമായ വിഷയം. വസ്തുക്കൾ നമ്മെ തൃപ്തരാക്കില്ല, വ്യക്തികൾക്കേ കഴിയൂ. അതിനു

www.malankaralibrary.com

പ്രാപ്തിയുള്ള വ്യക്തിയെ അന്വേഷിക്കുക നമ്മുടെ ആവശ്യവും അവകാശവും കടമയുമാണ്.

അന്വേഷണത്തിന്റെ ലക്ഷ്യമെന്താവണം? കാണുക. എന്നിട്ടോ? സ്വീകരിക്കാനോ നിരാകരിക്കാനോ? ഏതുമാവാം. ചിലരെ കൊള്ളുന്നതിലും മററുചിലരെ തള്ളുന്നതിലുമാണ് തൃപ്തി. വളർത്താനും തളർത്താനുമാവാം അന്വേഷണം.

ആരെ അന്വേഷിക്കണം? എങ്ങനെ? എന്തിന്? യേശുക്രിസ്തുവിനേയും എന്നെയും മററുള്ളവരേയും കാണുവാൻ വിശുദ്ധസുവിശേഷങ്ങളിലൂടെ അന്വേഷിച്ചപ്പോൾ ലഭിച്ച ഉൾക്കാഴ്ചകളിൽ ചിലതാണ് ഈ ചെറുഗ്രന്ഥത്തിൽ പങ്കുവച്ചിട്ടുള്ളത്. സുവിശേഷഗ്രന്ഥങ്ങളിൽ പലയിടങ്ങളിൽ കിടക്കുന്ന സംഭവങ്ങൾ പരസ്പരം ബന്ധപ്പെടുത്തി കാണാനും കഴിയുന്നു. ഇതിൽ ഉദ്ധരിച്ചിട്ടുള്ള സുവിശേഷഭാഗങ്ങളെക്കുറിച്ച് ധ്യാനിച്ചപ്പോൾ നടന്ന വിചിന്തനം മാത്രം ഉൾക്കൊള്ളിക്കാനാണ് ആദ്യം ഉദ്ദേശിച്ചത്. എന്നാൽ വി. ഗ്രന്ഥത്തിലെ സംഭവങ്ങളുടെ ശരിയായ അർത്ഥം സാങ്കേതികത്വം ഒഴിച്ചുനിർത്തിയും അതേ സമയം അതിന്റെ ഫലമുൾക്കൊള്ളിച്ചും വ്യക്തമാക്കുക കൂടുതൽ പ്രയോജനകരമെന്നു കരുതി. അതിനു സഹായിച്ച നിരവധി കൃതികളോട് കടപ്പാടുണ്ട്.

എന്റെ ആദ്യഗ്രന്ഥം (വിതയും കൊയ്ത്തും—യേശുവിന്റെ ഉപമകൾ ഒരു പഠനം)ത്തിന് ലഭിച്ച സ്വീകരണം ആവേശകരവും പ്രതീക്ഷകളെല്ലാം കവിഞ്ഞ് പ്രോത്സാഹജനകവുമായിരുന്നു. അങ്ങനെ എന്റെയത്നം തുട

www.malankaralibrary.com

രുവാൻ എന്നെ ആഹ്വാനം ചെയ്ത സ്നേഹധനരായ അനുവാചകവൃന്ദത്തിന് ഈ കൃതിയും എളിമയോടെ സമർപ്പിക്കട്ടെ.

തന്നെത്തന്നെയും മററുള്ളവരേയും യേശുക്രിസ്തുവിൽ കണ്ടെത്തുക ക്രിസ്ത്യാനിയുടെ അനുപേക്ഷണീയമായ കടമയാണ്. ദിവ്യമായ ഒരനുഭവമാണത്. അത് ജീവിതത്തെ പരിവർത്തിപ്പിക്കും. സമൂഹത്തെയാകെ പുനസ്സംവിധാനം ചെയ്യാനിടയാക്കും. ഓരോരുത്തരും ആയിരിക്കുന്ന നിലയിൽ കാണാനും സ്വീകരിക്കാനും സഹായിക്കും. അങ്ങനെ മാനുഷികബന്ധം കൂടുതൽ ഉദാത്തമാക്കും.

യേശുക്രിസ്തുവിനാൽ സമുദ്ധരിക്കപ്പെട്ടവൻ എന്ന ആത്മദർശനം ഈ കൃതിയിൽ വിപുലീകരിച്ചിട്ടില്ല. അത്തരത്തിലൊരു പരിശ്രമം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കയാണ്. കണ്ണു തുറന്നുകിട്ടാൻ ആരെയെങ്കിലും സഹായിച്ചെങ്കിൽ ഞാൻ കൃതാർത്ഥനായി.

ഈ ഗ്രന്ഥത്തിന്റെ മുദ്രണം നടത്തിത്തന്ന എബനേസർ പ്രസ്സിന്റെ പ്രവർത്തകരോടുള്ള കൃതജ്ഞതയും രേഖപ്പെടുത്തുന്നു.

ഏനാത്ത്,
1-12-1981. ഫാദർ. കുര്യൻ വാലുപറമ്പിൽ.

www.malankaralibrary.com

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| | ഉപോദ്ഘാതം | | |
| | ഉള്ളടക്കം | | |
| | അന്വേഷണം—എന്തിന് | | 1 |
| | | മത്താ. 2,16–18 | |
| I | ആരാധിക്കാൻ — വാനശാസ്ത്രജ്ഞൻമാർ | | 3 |
| II | അറിയണം—നശിപ്പിക്കാൻ — ഹേറോദേസ് | | 13 |
| III | അറിയാം—ആരാധിക്കില്ല | | 18 |
| | പ്രധാന പുരോഹിതൻമാരും മതഗ്രന്ഥപണ്ഡിതരും | | |
| IV | ശലഭങ്ങൾ | | 22 |
| V | കണ്ണുണ്ട്, കാഴ്ചയില്ല; കണ്ണില്ല, കാഴ്ചയുണ്ട് | | 27 |
| | | യോഹ. 9, 1–14 | |
| VI | കാഴ്ചയുള്ള കേഴ്ക | ലൂക്കാ. 18,35–43 | 43 |
| VII | കണ്ണാടിയിൽ കാണുക | | 47 |
| | യേശുവിന്റെ മുഖക്കണ്ണാടി | | 48 |
| | ലോക പാപമേറുന്ന ദൈവകുഞ്ഞാട് | | 48 |
| | | യോഹ. 1,23–36 | |
| | ഞങ്ങൾ മിശിഹായെ കണ്ടു | യോഹ. 1,37–41 | 52 |
| | അങ്ങ് ദൈവത്തിന്റെ ക്രിസ്തു ആകുന്നു | | 56 |
| | | ലൂക്കാ. 9,18–20 | |
| | ദാഹശമനമേകുന്ന അമൃത് | യോഹ.54, –39 | 58 |


www.malankaralibrary.com

VIII തെളിവാർന്ന ദർപ്പണം—എന്നെ കാണാൻ 92

സമറിയാസ്ത്രീ 92

വാരസ്ത്രീയായിരുന്ന മേരി ലൂക്കോ. 7,36-48 95

യോഗ്യനല്ല ഞാൻ ലൂക്കോ. 7,1-10 101

നിഷ്കളങ്കൻെറ മാനസാന്തരം
ലൂക്കോ. 19,1-10 105

IX അപരനെക്കാണാൻ 115

ബഥ്സയ്ദായിലെ അന്ധൻ 115
മർക്കോ. 8,22-26

ധനികനും ലാസറും ലൂക്കോ. 16,19-31 122

അന്ത്യവിധി മത്താ. 25,31-46 126

ഉപസംഹാരം 134


**—**

www.malankaralibrary.com

# I

# അന്വേഷണം–എന്തിന്?

സുവിശേഷകനായ മാത്യൂ തന്റെ ഗ്രന്ഥത്തിന്റെ രണ്ടാം അദ്ധ്യായത്തിൽ അന്വേഷണത്തിന്റെ സുന്ദരമായൊരു സംഭവം വിവരിക്കുന്നു.

1) ഹേറോദേസ് രാജാവിന്റെ കാലത്ത് യൂദയായിലെ ബേത്ലഹേമിൽ യേശു ജനിച്ചപ്പോൾ പൗരസ്ത്യദേശത്തു നിന്ന് ജ്ഞാനികൾ ജറുസലേമിലെത്തി. 2) അവർ അന്വേഷിച്ചു: യഹൂദന്മാരുടെ രാജാവായി ജനിച്ചവൻ എവിടെയാണ്? ഞങ്ങൾ കിഴക്ക് അവന്റെ നക്ഷത്രം കണ്ടു. അവനെ ആരാധിക്കാൻ വന്നിരിക്കയാണ്. 3) ഇതുകേട്ട് ഹേറോദേസ് രാജാവ് അസ്വസ്ഥനായി; അവനോടൊപ്പം ജറുസലേം മുഴുവനും. 4) അദ്ദേഹം പ്രധാന പുരോഹിതന്മാരേയും ജനങ്ങളുടെയിടയിലെ നിയമജ്ഞരേയും വിളിച്ചുകൂട്ടി, ക്രിസ്തു എവിടെയാണ് ജനിക്കുന്നത് എന്ന് അവരോടു ചോദിച്ചു. 5) അവർ പറഞ്ഞു: യൂദയായിലെ ബേത്ലഹേമിൽ; കാരണം, പ്രവാചകൻ ഇങ്ങനെ എഴുതിയിരിക്കുന്നു: 6) യൂദായുടെ നാട്ടിലെ ബേത്ലഹേമേ; നീ യൂദായുടെ ഭരണാധിപന്മാരിൽ ഒട്ടും താഴെയല്ല; എന്തെന്നാൽ എന്റെ ജനമായ ഇസ്രായേലിനെ മേയിക്കാനുള്ള ഭരണാധിപൻ നിന്നിൽ നിന്നുത്ഭവിക്കും" 7) അപ്പോൾ ഹേറോദേസ് ആ ജ്ഞാനികളെ രഹസ്യത്തിൽ വിളിച്ച് നക്ഷത്രം അവർക്ക് പ്രത്യക്ഷപ്പെട്ടതെപ്പോഴെന്ന് ആകാംക്ഷയോടന്വേഷിച്ചു. 8) അദ്ദേഹം അവരെ

www.malankaralibrary.com

ബേത്ലഹേമിലേക്ക് അയച്ചുകൊണ്ട് പറഞ്ഞു. 'പോയി ശിശുവിനെപ്പററി സൂക്ഷ്മമായി അന്വേഷിക്കുക; അവനെ കണ്ടുകഴിയുമ്പോൾ എന്നെയും അറിയിക്കണം; എനിക്കും വന്ന് അവനെ ആരാധിക്കാമല്ലോ' 9) രാജാവ് പറഞ്ഞതെല്ലാം കേട്ടിട്ട് അവർ യാത്രയായി. ഇതാ! അവർ കിഴക്കു കണ്ട നക്ഷത്രം അവർക്കു വഴികാട്ടിയായി ചലിച്ചുകൊണ്ടിരുന്നു! അതു് ശിശു കിടക്കുന്ന സ്ഥലത്തിനു മുകളിൽ വന്നു നിന്നു. 10) നക്ഷത്രം കണ്ടപ്പോൾ അവർ അത്യധികം സന്തോഷിച്ചു. 11) അവർ ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും കുമ്പിട്ട് ആരാധിക്കയും ചെയ്തു. നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും മീറയും കുന്തുരുക്കവും കാഴ്ചയർപ്പിച്ചു. 12) ഹേറോദേസിൻെറ അടുക്കലേക്കു മടങ്ങിപ്പോകരുതെന്ന് സ്വപ്നത്തിൽ മുന്നറിയിപ്പ് ലഭിച്ചതനുസരിച്ച് അവർ വേറൊരു വഴിയെ സ്വദേശത്തേക്കു പോയി.

(2, 1-12)

.... .... .... .... .... .... ....

11) ജ്ഞാനികൾ തന്നെ വഞ്ചിച്ചെന്നു മനസ്സിലാക്കിയ ഹേറോദേസ് രോഷാകുലനായി. അവരിൽ നിന്നു മനസ്സിലാക്കിയ സമയമനുസരിച്ച് ബേത്ലേഹേമിലേയും അതിനു ചുറ്റുമുള്ള പ്രദേശങ്ങളിലേയും രണ്ടു വയസ്സും അതിനു താഴെയും പ്രായമുള്ള എല്ലാ ആൺ കുട്ടികളെയും കിങ്കരന്മാരെ അയച്ച് വധിച്ചു. 17) ഇങ്ങനെ ജെറമിയാ പ്രവാചകൻവഴി അരുളിച്ചെയ്യപ്പെട്ടതു നിവൃത്തിയായി. 18 "റാമായിൽനിന്ന് ഒരു സ്വരം കേട്ടു; കരച്ചിലും ഉച്ചത്തിലുള്ള നിലവിളിയും. റാഹേൽ തൻെറ സന്താനങ്ങളെക്കുറിച്ച് കരയുന്നു. അവളെ സാന്ത്വനപ്പെടുത്തുക അസാദ്ധ്യം.

www.malankaralibrary.com

കാരണം അവർക്കു സന്താനങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു". [2, 16-18]

ബി. സി. ഒന്നാം ദശകത്തിന്റെ അവസാനം. റോമൻ സാമ്രാജ്യം പ്രതാപത്തിന്റെ അത്യുന്നതിയിൽ. പാലസ്തീനാ മുഴുവൻ റോമിന്റെ ആധിപത്യത്തിൽ. പാലസ്റ്റൈൻ മൂന്നായി വിഭജിച്ച നിലയിൽ. തെക്ക് ഇഡുമേയാ; വടക്ക് ഗലീലി; നടുക്ക് യൂദയാ. ഹേറോദേസ് യൂദായുടെ രാജാവായി വാഴുന്നു (ബി. സി. 37—4). യൂദായിലെ ബേത്‌ലഹേം എന്ന പട്ടണത്തിൽ യേശു ജനിച്ചു. യേശു യഹൂദന്മാരുടെ രാജാവായി പിറന്നിരിക്കുന്നുവെന്ന് മെസപ്പൊട്ടേമിയാക്കാരായ വാനശാസ്ത്രജ്ഞന്മാർക്ക് സൂചന കിട്ടി. അക്കാലത്ത് മെസപ്പൊട്ടോമിയാ വാനശാസ്ത്രത്തിന് പ്രശസ്തമായിരുന്നല്ലോ. വാനഗോളത്തിൽ പൂർവ്വദിക്കിൽ ഒരു അപൂർവ്വദിവ്യനക്ഷത്രം ദൃശ്യമായി. ഓരോരുത്തരുടേയും ജനനസമയത്ത് ദൃശ്യമാകുന്ന നക്ഷത്രം അപ്പോൾ പിറന്ന ആളിനെ പ്രതിനിധാനം ചെയ്യുന്നുവെന്ന് പൊതുവെ വിശ്വസിച്ചിരുന്നു. വാനശാസ്ത്രജ്ഞന്മാർ ദൃശ്യമായ നക്ഷത്രം സൂചിപ്പിച്ച രാജാവിനെ അന്വേഷിച്ചിറങ്ങി. യൂദായുടെ തലസ്ഥാനമായ ജറുസലേമിലെത്തി. രാജാവായ ഹേറോദേസിന്റെ കൊട്ടാരത്തിൽക്കയറി. ഹേറോദേസിനോടന്വേഷിച്ചു. അയാൾക്കറിവില്ല; മാത്രമല്ല, ആ വാർത്ത അയാളെ ആകെ പരിഭ്രമിപ്പിച്ചു. തന്റെ രാജാധികാരത്തെ ചോദ്യം ചെയ്യാൻ താനറിയാതെ യൂദായിൽ ഒരു രാജപുത്രൻ പിറന്നിരിക്കുന്നുവോ! അയാളാകെ അസ്വസ്ഥനായി. രാജാവോടൊപ്പം തലസ്ഥാനനഗരിയും ഇളകി. രാജാവിനും കൊട്ടാരസേവകർക്കും ഇരിക്കപ്പൊറുതിയില്ലാതായി. ഊണില്ല, ഉറക്കവുമില്ല. അവസാനം അവരൊരു തീരുമാനത്തിലെത്തി. മതഗ്രന്ഥപണ്ഡിതന്മാരെ വിളിച്ച് ആരായുക. ഹേറോദേസിനു വെല്ലുവിളിയായി പിറന്നിരി

www.malankaralibrary.com

ക്കുന്ന രാജപുത്രനെ പണ്ഡിതന്മാർ തിട്ടപ്പെടുത്തിക്കഴിയുമ്പോൾ വധിക്കുക.

ഹേറോദേസ് പ്രധാനപുരോഹിതന്മാരേയും മതഗ്രന്ഥപണ്ഡിതന്മാരേയും വിളിപ്പിച്ചു. അവരൊത്തുകൂടി. യൂദന്മാരുടെ രാജാവായ മിശിഹായുടെ പിറവിയെപ്പററാമർശിക്കുന്ന പ്രവചനങ്ങളാകെ പരിശോധിച്ചു. പല പ്രവചനങ്ങളും അവർ ഒരുമിച്ച് പരിഗണിച്ചു. ഐസയാസിന്റേയും മീഖായുടേയുമൊക്കെ വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്ന ഗ്രന്ഥങ്ങൾ. യാഹ്‌വേയുടെ ജനമായ ഇസ്രായേലിന്റെ അജപാലകൻ യൂദായിലെ ബേത്‌ലഹേമിൽനിന്നുത്ഭവിക്കുമെന്നു മീഖാ മുൻകൂട്ടിപ്പറഞ്ഞിരിക്കുന്നത് അവർ കാട്ടിക്കൊടുത്തു.

ബി. സി. എട്ടാം-നൂററാണ്ടിന്റെ അവസാനഘട്ട (714—701)ത്തിൽ മീഖാ ഇസ്രായേൽ ജനത്തോട് ഉദ്ഘോഷിച്ചു:

"ബേത്‌ലഹേം എഫ്രാത്താ,
നീ യൂദാവംശങ്ങളിൽ നിസ്സാരമെങ്കിലും
ഇസ്രായേലിന്റെ ഭരണാധിപനാകേണ്ടവൻ,
ഉത്ഭവം പണ്ടേയുള്ളവനും പുരാതനനുമായവൻ,
എനിക്കുവേണ്ടി നിന്നിൽനിന്നുത്ഭവിക്കും"

(5, 2)

നാലു് പ്രധാന പ്രവാചകന്മാരിൽ അവസാനത്തെയാളാണ് മീഖാ. തെക്കുപടിഞ്ഞാറെ യൂദായിൽ അപ്രശസ്തമായൊരു ഗ്രാമമായിരുന്ന ഷെഫേലാ. അതിലെ മൊറേഷോത്ത് ആണു് മീഖായുടെ ജന്മദേശം. ആമോസിന്റെ ജന്മനാടായ തെക്കോവായ്ക്കു് അടുത്തു്.

ആമോസിനെപ്പോലെ മീഖായും തീവ്രവാദിയായിരുന്നു. അദ്ദേഹം സമൂഹത്തിലെ അനീതിക്കെതിരെ അ

www.malankaralibrary.com

നിശക്തിയായി ആക്രോശിച്ചു. ഒരു ശിൽക്കർഷകന്റെ മകനായിരുന്ന അദ്ദേഹം അന്നത്തെ മതസാമൂഹിക സാമ്പത്തികമണ്ഡലങ്ങളിലെല്ലാം നിലവിലിരുന്ന അനീതിപരമായ വ്യവസ്ഥിതിയാകെ പരുഷമായ ഭാഷയിൽ വിമർശിച്ചു. മുതലാളിവർഗ്ഗം പാവപ്പെട്ട കൃഷിക്കാരെ ചൂഷണം ചെയ്യുന്ന അവസ്ഥ. പുരോഹിതന്മാരും ഔദ്യോഗിക പ്രവാചകന്മാരും ന്യായാധിപസംഘവുമൊക്കെ കൈക്കൂലി കച്ചവടമനസ്ഥിതിയോടെ മാത്രം പെരുമാറി. മർദ്ദകമർദ്ദിത ചൂഷണം വളർന്ന കാലഘട്ടം. മീഖാ സാമൂഹ്യനീതിക്കാഹ്വാനം ചെയ്തു.

മീഖായുടെ പുസ്തകത്തിന്റെ പ്രാരംഭത്തിൽ പറയുമ്പോലെ യൂദായിൽ യോഥാം (742–735), ആഹാസ് (735–715), ഹെസെക്കിയ (614–687 ?) എന്നീ രാജാക്കന്മാരുടെ ഭരണകാലത്താണ് മീഖാപ്രവാചകൻ പ്രവർത്തിച്ചത്. യോഥാമിന്റെ അപ്പനായ ഉസ്സീയാ (അസ്സറിയാ)യുടെ കാലത്ത് യൂദാരാജ്യം എല്ലാവിധവും ഉന്നതാവസ്ഥയിലായിരുന്നു. ഉസ്സീയാ കുഷ്ഠരോഗഗ്രസ്തനായപ്പോൾ യോഥാം ഭരണമേറ്റു. അദ്ദേഹവും സമർത്ഥമായി ഭരിച്ചു. പല വിജയങ്ങളും നേടി. അദ്ദേഹത്തിന്റെ മകൻ ആഹാസ് ഭരണമേൽക്കുമ്പോൾ അസ്സീറിയൻ സാമ്രാജ്യത്വം മാത്രമേ ഭയഹേതുവായുണ്ടായിരുന്നുള്ളു. അസ്സീറിയായുടെ തിഗ്ലാത്പിൽസെർ ബി. സി. 732-ൽ സിറിയായും പത്തു വർഷത്തിനുശേഷം സമറിയായും കീഴടക്കി. അടുത്ത ഇര യൂദായായിരിക്കുമെന്ന് യൂദാരാജാവ് ഭയന്നുകഴിയുകയായിരുന്നു. സുരക്ഷിതബോധം അശേഷം നഷ്ടപ്പെട്ട ആഹാസ് അസീറിയായുമായി ചങ്ങാത്തം കൂടി. അസീറിയൻ ഭരണാധിപന്റെ താളത്തിനൊത്തു തുള്ളി. എന്നാൽ ആഹാസിന്റെ മകനും പിൻഗാമിയുമായ ഹെസെക്കിയാ ശക്തനും സമർത്ഥനും

www.malankaralibrary.com

ധീരൻമായിരുന്നു. അസീറിയായുമായുള്ള ബന്ധം വിട്ടീർത്തി. മീഖായുടെ ആഹ്വാനംകൊണ്ടുള്ള പ്രേരണയാലുമാവാം, (ജറ: 26.18 മുതൽ) ആഹാസ് യൂദായിൽ ആരാധന പരിഷ്കരിച്ചു. മീഖാ പ്രലപനത്തിൻേറയും പ്രതിക്ഷയുടേയും പ്രവചനങ്ങൾ ഉരുവിട്ടു. ശാപത്തിൻേറയും അനുഗ്രഹത്തിൻേറയും വാക്കുകൾ അദ്ദേഹം പുറപ്പെടുവിച്ചു.

യൂദായ്ക്കെതിരായ ഒരു ആക്രമണ ഭീഷണിയുയർന്നപ്പോൾ മീഖാ പ്രതിക്ഷയുടെ പ്രവചനവുമായി രംഗപ്രവേശം ചെയ്യുന്നു. അശക്തന്മാരും ഭീരുക്കളുമായ യൂദാരാജക്കന്മാരുടെ സ്ഥാനത്ത് യാഹ്വേയുടെ ജനത്തെ നേരായും ധീരമായും നയിക്കാനുള്ള നായകൻ ബേത്ലഹേമിൽനിന്ന് ഉയരും. "ബേത്ലഹേം എഫ്രാത്താ, നീ യൂദാ വംശങ്ങളിൽ നിസ്സാരമെങ്കിലും ഇസ്രായേലിൻേറ ഭരണാധിപനാകേണ്ടവൻ, ഉത്ഭവം പണ്ടേയുള്ളവൻ പുരാതനനമായവൻ, എനിക്കുവേണ്ടി നിന്നിൽനിന്നു ഭവിക്കും."

പ്രവാചകൻ പറയുന്ന ഭരണാധിപൻ ഭാവിയിൽ വരാനിരിക്കുന്നതേയുള്ളൂ. മീഖായുടെ പ്രഘോഷണകാലത്ത് ഭരിക്കുന്നവനല്ല. ഇസ്രായേലിൻേറ നായകൻ ദാവീദുവംശജനായിരിക്കും. പ്രവാചകവാക്കുകൾക്കർത്ഥമെന്താണോ? എഫ്രാത്താ എന്ന സ്ഥലത്തുതന്നെ ജനിക്കുമെന്നില്ല. ദാവീദിൻേറ രാജകീയ വംശത്തിൽ പിറക്കുമെന്നാണർത്ഥം. ജെസ്സേയും ദാവീദും പിറന്നത് ബേത്ലഹേമിലാണല്ലോ (1 സാമു, 17:12). എഫ്രാത്തായും ബേത്ലഹേമും സഗാഢം ബന്ധപ്പെട്ടാണ് വി: ഗ്രന്ഥത്തിൽ ബേത്ലഹേം എന്ന പദം തന്നെ 'ബേസ് എഫ്രാത്താ' യിൽനിന്ന് രൂപപ്പെട്ടതാണെന്നു കരുതുന്നവരുമുണ്ട്. പിൽക്കാലത്ത് ബേത്ലഹേമും എഫ്രാത്തായും ഒന്നായി

www.malankaralibrary.com

പരിഗണിക്കാനുമിടയായി. കനാൻ കീഴടക്കിക്കഴിഞ്ഞപ്പോൾ യൂദാഗോത്രക്കാരായ എഫ്രാത്താ വംശജരാണ് ബേത്‌ലഹേമിൽ പാർപ്പുറപ്പിച്ചത്. അതിനാൽ ബേത്‌ലഹേമിന് എഫ്രാത്താ എന്നും പേരായി (ജോഷ്വ 15:59 റൂത്ത് 4,11). ജറുസലേമിന് അഞ്ച് മൈൽ തെക്കാണ് ബേത്‌ലഹേം. ഈ പ്രവചനം മീഖാ നടത്തുന്നത് ഐസയാസിന്റെ പ്രവർത്തനകാലത്തുതന്നെയാണ്. ഐസയാസിന്റെ ഇമ്മാനുവേൽപ്രവചനം (7,14) മീഖായെ സ്വാധീനിച്ചിട്ടുണ്ടാവണം. 'ഉത്ഭവം പണ്ടേയുള്ളവനും പുരാതനനുമായവൻ' എന്നതിനർത്ഥം ദാവീദിന്റെ പുരാതനമായ വംശത്തിൽ നിന്നുള്ളവൻ എന്നാണ്. പുതിയ രാജാവ് സാമ്രാജ്യം പുനഃസ്ഥാപിക്കുംവരെ ഇസ്രായേൽ അടിമത്തത്തിലായിരിക്കും. അവൻ ഭരണമേറ്റുകഴിയുമ്പോൾ ജനം സ്വതന്ത്രമാകും.

സുവിശേഷകനായ മാത്യു മീഖായുടെ വാക്കുകൾ അതേപടി ആവർത്തിക്കയല്ല. കുറച്ചു വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്.

മാത്യു (2,6)

"യൂദായുടെ നാട്ടിലെ ബേത്‌ലഹേമേ, നീ യൂദായുടെ ഭരണാധിപന്മാരിൽ ഒട്ടും താഴെയല്ല. എന്തെന്നാൽ എന്റെ ജനമായ ഇസ്രായേലിനെ മേയിക്കാനുള്ള ഭരണാധിപൻ നിന്നിൽനിന്നുത്ഭവിക്കും" (2,6)

മീഖാ (5, 2)

"ബേത്‌ലഹേംഎഫ്രാത്താ, നീ യൂദാവംശങ്ങളിൽ നിസ്സാരമെങ്കിലും ഇസ്രായേലിന്റെ ഭരണാധിപനാകേണ്ടവൻ, ഉത്ഭവം പണ്ടേയുള്ളവനും പുരാതനനുമായവൻ എനിക്കുവേണ്ടി നിന്നിൽനിന്നുത്ഭവിക്കും (5,2)

പ്രവചനങ്ങളാസ്പദമാക്കി മതപണ്ഡിതന്മാർ ഹേറോദേസിനു മറുപടി നൽകി. യൂദായിലെ ബേത്‌ലഹേമിൽ ക്രിസ്തു പിറന്നിരിക്കുന്നു. ഇതുകേട്ട് ഹേറോദേസിന്റെ ഉത്കണ്ഠ വർദ്ധിച്ചു. അദ്ദേഹം പൗരസ്ത്യദി

www.malankaralibrary.com

ക്കിൽനിന്നെത്തിയ വാനശാസ്ത്രജ്ഞന്മാരെ രഹസ്യമായി വിളിപ്പിച്ചു. അവരോട് ആകാംക്ഷയോടെ അന്വേഷിച്ചു. ക്രിസ്തുവിന്റെ ജനനം സൂചിപ്പിച്ച നക്ഷത്രം അവർക്ക് ദൃശ്യമായതെപ്പോൾ? എന്നിട്ട് അവർക്ക് ഒരു നിർദ്ദേശവും നൽകി; നിങ്ങൾ ബേത്‌ലഹേമിൽ പോകണം. ശിശുവിനെക്കുറിച്ച് കൃത്യമായ വിവരങ്ങളന്വേഷിച്ച് കണ്ടെത്തണം. തിരിച്ചുവന്ന് വിവരങ്ങൾ വിശദമായറിയിക്കണം. തനിക്കും പോയി ശിശുവിനെ ആരാധിക്കാനാണ് അവർ തിരിച്ചുവന്ന് വിവരമറിയിക്കണമെന്ന് പറഞ്ഞതെന്നും ധരിപ്പിച്ചു.

ശിശുവിനെക്കുറിച്ച് അറിഞ്ഞിട്ട് പോയി ശിശുവിനെ ആരാധിക്കാനല്ല വിവരമറിയിക്കണമെന്ന് ഹേറോദേസ് ആവശ്യപ്പെട്ടത്. ഇക്കാര്യം വാനശാസ്ത്രജ്ഞന്മാർക്ക് ഊഹിക്കാൻ കഴിഞ്ഞു. അത് ദൈവം അവർക്ക് സ്വപ്നമെന്ന മദ്ധ്യമത്തിലൂടെ വെളിപ്പെടുത്തി.

വാനശാസ്ത്രജ്ഞന്മാർ കൊട്ടാരത്തിൽനിന്ന് ഇറങ്ങി. അവരെ നേരത്തെ നയിച്ചുകൊണ്ടിരുന്ന ദിവ്യനക്ഷത്രം വീണ്ടും അവരുടെ സഹായത്തിനെത്തി. അതും ആകാശത്തിൽ ചലിച്ചുകൊണ്ടിരുന്നു. നക്ഷത്രം നീങ്ങിയ ദിക്കിലേക്ക് അവർ യാത്ര തുടർന്നു. കുറെ ദൂരം പിന്നിട്ടു. അതാ! നക്ഷത്രം നിശ്ചലമായി. വാനഗോളങ്ങളുടെ നീക്കങ്ങളും സൂചനകളും വ്യാഖ്യാനിക്കാനറിയാവുന്ന അവർ തങ്ങൾക്ക് വഴികാട്ടിയായി ചലിച്ചുകൊണ്ടിരുന്ന നക്ഷത്രത്തിന്റെ നിശ്ചലതയുടെ സൂചന സംഗ്രഹിച്ചു. അവിടെയാണ് തങ്ങളുടെ അന്വേഷണവിഷയമായ വ്യക്തി. അവർ ആ വീടും കണ്ടെത്തി. അമ്മയുടെ ഓരംചേർന്ന് ചൂടും ലാളനയുമേറ്റ് കിടക്കുന്ന പിഞ്ചോമൽക്കുമാരനെ കണ്ടു. ആ ശിശുവിനെ സാഷ്ടാംഗപ്രണാമം ചെയ്തു. അക്ഷരാർത്ഥ

www.malankaralibrary.com

ത്തിൽ ആരാധിച്ചു. നേർച്ചകളർപ്പിച്ചു. പൊന്നും മൂരും കുന്തുരുക്കവും.

നീതിമാനായ രാജാവിന്റെ ഭരണത്തിനുവേണ്ടി എഴുപത്തിരണ്ടാം സങ്കീർത്തനത്തിൽ പ്രാർത്ഥിക്കുന്നുണ്ടല്ലോ. യാഹ്‌വേയുടെ നീതിയും സത്യവുംകൊണ്ട് ഭരിക്കുന്ന രാജാവിനെ സമീപപ്രദേശങ്ങളിലെ രാജാക്കന്മാരെല്ലാം നമിക്കട്ടെ എന്നും ആശംസിക്കുന്നു. താർശീശിലേയും ദ്വീപുകളിലേയും (സൈപ്രസ്) രാജാക്കൻന്മാർ അവനു കാഴ്ചയർപ്പിക്കട്ടെ!

ഷേബായിലേയും ശേബായിലേയും രാജാക്കന്മാർ
സമ്മാനങ്ങളേകട്ടെ!
സകലരാജാക്കന്മാരും അവനെ വീണു നമസ്ക്കരിക്കട്ടെ.
സകല ദേശവും അവനു സേവയർപ്പിക്കട്ടെ!
(സങ്കീ, 72,10-11.)

ജറുസലേമിൽ പുതിയൊരു രാജാവിന്റെ കിരീടധാരണവേളയിൽ ആലപിച്ചതാവണം ഈ സങ്കീർത്തനഗീതകം.ഈ രാജാവ് ദാവീദിന്റെ അനന്തരഗാമിയാണ്. നീതിയും സമാധാനവും ദീർഘായുസ്സും ഭൂലോകമാസകലമധികാരവും രാജഭരണത്തിന്റെ സവിശേഷതകളായിരിക്കും. മെസിയാനിക രാജഭരണത്തിന്റെ ഭാഷയിലാണ് ചിത്രീകരിക്കുക. മെസിയാനിക പ്രതീക്ഷകൾ പൂർത്തീകരിക്കാൻ പിറന്ന രാജപുത്രനായി യേശുവിനെ സുവിശേഷകൻ ദർശിക്കുന്നു. അതേ രീതിയിൽ വാനശാസ്ത്രജ്ഞന്മാരേയും അവതരിപ്പിക്കുന്നു. അത്തരം ദർശനമാണ് അവരുടേതും. പൗരസ്ത്യവിജ്ഞാനികൾ യേശുവിനെ അഭിഷിക്തരാജാവായി വണങ്ങി ആരാധിച്ചു. അങ്ങനെ അവരുടെ അന്വേഷണം പൂർത്തിയിലെത്തി. ജന്മസാഫല്യംനേടി.

www.malankaralibrary.com

വിജാതീയരായ വാനശാസ്ത്രജ്ഞന്മാർ ആകാശഗോളങ്ങളുടേയും പ്രകൃതിയുടേയും കാലത്തിന്റേയും സൂചനകൾ നന്നേ സംഗ്രഹിച്ചു. അവർ സൂചിതദിവ്യനെ തേടിയിറങ്ങി. ദിവ്യശിശു പിറന്നിടം തിട്ടമില്ലായിരുന്നു. നിശ്ചിതമായറിയാനാഗ്രഹിച്ചു. തിരക്കിയിറങ്ങി. അന്വേഷിച്ചു. കണ്ടെത്തി. പ്രപഞ്ചത്തിന്റെ രാജാവായി, സകലരും അംഗീകരിക്കേണ്ട രാജാവായി ആ ദിവ്യശിശുവിനെ കണ്ടെത്തി. ദൈവത്തിന്റെ അഭിഷിക്തനും, സർവ്വരാലും സമാരാധ്യനുമായ അധിപനായി കണ്ടെത്തി. അവർ ആരാധിച്ചു.

“നിക്ഷേപം തുറന്ന് പൊന്നും മീറയും കുന്തുരുക്കവും എടുത്ത് കാഴ്ചവച്ചു” (വാക്യം 11 C)

പൊന്നും രത്നക്കല്ലുകളും കുന്തുരുക്കവും ഇതര സുഗന്ധദ്രവ്യങ്ങളും അറേബ്യയുടെ വിശേഷസമൃദ്ധിയുടെ ഘടകങ്ങളായിരുന്നു (ജറ. 6, 20; എസക്കി. 27, 22). പൗരസ്ത്യരായ വാനവിജ്ഞന്മാർ യേശുവിന് സമർപ്പിച്ച കാഴ്ചദ്രവ്യങ്ങൾ യേശുവിന്റെ വ്യക്തിത്വത്തിന്റെ വിഭിന്നഭാവങ്ങളെ സൂചിപ്പിക്കുന്നുവെന്ന് ആദികാലസഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നുണ്ട്. പൊന്ന് രാജത്വത്തെയും മീറ സഹനത്തെയും (സഹനത്തിലൂടെ രക്ഷിക്കുന്ന ദാസൻ) കുന്തുരുക്കം ദിവ്യത്വത്തെയും സൂചിപ്പിക്കുന്നുവെന്ന്.

യുഗാന്തരങ്ങളുടെ പ്രതീക്ഷയായ ക്രിസ്തു താനാണ് അബ്രഹാമിന്റേയും ദാവീദിന്റേയും വംശപരമ്പരയിൽപ്പെട്ട യേശുവെന്ന് വ്യക്തമാക്കാൻ മത്തായിയും (1,1—17) ലൂക്കോസും (3, 23—38) യേശുവിന്റെ വംശാവലി രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തു വിദൻ പര്യസ

www.malankaralibrary.com

പ്രവർത്തനകാലത്തു് അവിടത്തെ മിശിഹാത്വത്തിനു് വളരെ പ്രാധാന്യം കൊടുത്തിരുന്നു. അബ്രാഹാമിന്റെയും ദാവീദിന്റെയും വംശത്തിൽ പിറക്കുന്ന മിശിഹാ യുഗാന്ത്യരക്ഷകനുമാണെന്ന ധാരണയും ശക്തമായിരുന്നു. യേശുവിന്റെ മെസിയാനിക രക്ഷാകരഭാവത്തോടു് രാജകീയതയും ചേർത്തിരുന്നു. പൗരസ്ത്യ വാനശാസ്ത്രജ്ഞന്മാരുടെ യേശുവിനോടുള്ള പെരുമാറ്റത്തിൽ അവിടത്തെ രാജത്വം ദ്യോതിപ്പിക്കുന്നുണ്ടു്. രാജാക്കന്മാർക്കു മാത്രം അർപ്പിക്കുന്ന കാഴ്ചവസ്തുക്കളാണു് അവർ യേശുവിനു സമർപ്പിക്കുക.

'നിക്ഷേപം' (തെസാവ്രൂസ്) എന്ന പദം മത്തായി സുവിശേഷകൻ 6, 19· 20· 21 എന്നിവിടങ്ങളിലുപയോഗിച്ചിട്ടുണ്ടു് "ഭൂമിയിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കരുതു്.......സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക........" നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങടെ ഹൃദയവും" (6, 19—21). മത്താ. 2, 11 C മത്താ. 6, 19—21നോടു് (വിശേഷിച്ചു് 6, 21 നോടു്) ബന്ധപ്പെടുത്തുമ്പോൾ വാനശാസ്ത്രജ്ഞന്മാരുടെ സമർപ്പണത്തിന്റെ അന്തരാർത്ഥം കൂടുതൽ വ്യക്തമാകുന്നു. ഹീബ്രൂചിന്തയിൽ ഹൃദയം മനുഷ്യവ്യക്തിയുടെ കേന്ദ്രസ്ഥാനമാണു്. വികാരവിചാരങ്ങളുടെയെല്ലാം കേന്ദ്രം. മനുഷ്യനെ നിയന്ത്രിക്കുന്ന ഉൾശക്തി. മനുഷ്യവ്യക്തിയുടെ ആകെത്തുക എന്നു പറയാം. ബേത്‌ലഹേമിലെ ഭവനത്തിൽ അമ്മയായ മേരിയോടൊപ്പം ശയിക്കുന്ന ദിവ്യശിശുവിൽ തങ്ങളുടെ ജീവിതാന്വേഷണത്തിന്റെ ലക്ഷ്യവും ജന്മസാഫല്യവും കണ്ടെത്തിയ വാനശാസ്ത്രജ്ഞന്മാർ തങ്ങളുടെ ജീവിതസമ്പാദ്യം മുഴുവൻ സ്വയം സമ്പൂർണ്ണമായി തുറന്നു് സമർപ്പിച്ചു. അവർ പൊന്നും പണവും കരുതി. മീറയും

www.malankaralibrary.com

കുന്തുരുക്കവും ശേഖരിച്ചിരുന്നു. തങ്ങൾക്കായല്ല. യേശുവിനുവേണ്ടി. മിശിഹായും രക്ഷകനും രാജാവുമായ യേശുവിനുവേണ്ടി. ജീവിതത്തിലെ ഇതര മൂല്യങ്ങളൊന്നാകെ യേശുവാകുന്ന മൂല്യത്തിനുവേണ്ടി സമർപ്പിച്ചു. തങ്ങളുടെ ജീവിതനാഥനായി മേരിമകനെ സ്വീകരിച്ചംഗീകരിച്ചു; ആരാധിച്ച് സംതൃപ്തി നേടി. ഇതിനാണ് അവർ യൂദന്മാരുടെ രാജാവായി പിറന്നവനെ അന്വേഷിച്ചത് (2, 2). ജീവിതത്തിലെ ഏററം വലിയ മൂല്യമായി യേശുവിനെ അംഗീകരിച്ചാരാധിക്കുമോ?

www.malankaralibrary.com

## II
# അറിയണം-നശിപ്പിക്കാൻ

ഹേറോദേസും യേശുവിനെ അന്വേഷിച്ചു. "യൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ?" പൗരസ്ത്യ വാനവിജ്ഞാനികൾ കൊട്ടാരത്തിലെത്തിയപ്പോൾ മതഗ്രന്ഥപണ്ഡിതന്മാരെ വിളിച്ചുകൂട്ടി ഹേറോദേസും ആരാഞ്ഞു. ക്രിസ്തു (മിശിഹാ) ജനിച്ചതെവിടെ? കിഴക്കു നിന്നെത്തിയവരെപ്പോലെ ആരാധിക്കാനല്ല അന്വേഷിക്കുക. അയാളുടെ അനന്തരനടപടികൾ വ്യക്തമാക്കുന്നല്ലോ. ശിശുവിനെ നശിപ്പിക്കുക. തിരിച്ചുചെന്നു് വിവരം വിശദമായറിയിക്കണമെന്നും ഹേറോദേസ് പൗരസ്ത്യ വിദ്വാന്മാരോടു് ആജ്ഞാപിച്ചിരുന്നു. ഹേറോദേസിന്റെ ദുരുദ്ദേശ്യം വിജ്ഞന്മാർക്കു് ഗ്രഹിക്കാനായി. അവർ മറുവഴി തിരിച്ചുപോയി. വിജ്ഞന്മാരെ കാത്തിരുന്ന ഹേറോദേസ് നിരാശനായി. അയാളൊരു സംഹാരരുദ്രനായി. ലോകചരിത്രത്തിലെ ഏററം ശോകമൂകമായൊരദ്ധ്യായം എഴുതിച്ചേർത്തു. നിരപരാധികളും നിഷ്കളങ്കരുമായ പിഞ്ചുപൈതങ്ങളെയാകെ കൊന്നൊടുക്കി.

ചരിത്രകാരൻ ഫ്ളാവിയസ് ജോസഫ് ഹേറോദേസിന്റെ സ്വഭാവം ചിത്രീകരിച്ചിട്ടുണ്ടു് ( 15,3·3). തന്റെ സ്ഥാനം തട്ടിയെടുക്കാൻ ശ്രമിക്കുമെന്നു് അയാൾ സംശയിച്ചവരെയെല്ലാം— സ്വകുടുംബത്തിൽപ്പെട്ടവരെപ്പോലും—വധിച്ചു. അത്രയ്ക്കും അധികാരക്കൊതിയനായിരുന്നു. മത്തായിയുടെ സുവിശേഷം രണ്ടാം അദ്ധ്യായത്തിലെ ശിശുവധത്തെക്കുറിച്ചു് ഫ്ളാവിയസ് ജോസഫ് ഒന്നും പറയുന്നില്ല. എങ്കിലും സുവിശേഷകൻ പറയുന്ന ക്രൂരസംഭവം ഫ്ളാവിയസ് ജോസഫ് ചിത്രീകരിക്കുന്ന ഹേറോദേസിന്റെ സ്വഭാവത്തിനു തീർത്തും ചേർന്നതുതന്നെ.

www.malankaralibrary.com

ക്രോധാക്രാന്തനായി ഹേറോദേസ് ഗർജ്ജിച്ചു. ബേത്‌ലഹേമിലും അതിനു ചുററുമുള്ള പ്രദേശങ്ങളിലും രണ്ടു വയസ്സിൽ താഴെയുള്ള എല്ലാ ആൺകുഞ്ഞുങ്ങളേയും ഒന്നൊഴിയാതെ കൊന്നുകളയുക. ഏതാജ്ഞയും നിറവേററാൻ പ്രതിജ്ഞാബദ്ധരായ പടയാളികൾ രാജാവ് നിർദ്ദേശിച്ചതനുസരിച്ച് പ്രദേശങ്ങളിലെ വീടുവീടായി കയറിയിറങ്ങി. മാറത്തു പററിപ്പിടിച്ചാശ്വസിച്ചിരുന്ന ഓമനപ്പുത്രന്മാരെ അവർ നിഷ്കരുണം പിടിച്ചുപറിച്ച് ആ അമ്മമാരുടെ മുമ്പിൽവച്ചുതന്നെ അരിഞ്ഞുവീഴ്ത്തി. മുലപ്പാൽ നുണഞ്ഞുകൊണ്ടിരുന്ന കുഞ്ഞുങ്ങളുണ്ട്. കാര്യമൊന്നുമറിയാതെ മുററത്ത് ഓടിക്കളിച്ചുനടന്ന ചുണക്കുട്ടന്മാരുമുണ്ട്. മാതാപിതാക്കളേയും സഹോദരങ്ങളേയും ശൈശവത്തിന്റെ നിഷ്കളങ്കമായ കിളിക്കൊഞ്ചൽകൊണ്ടാമോദിപ്പിച്ചിരുന്നവരുണ്ട്. ഇതൊന്നും രാജകല്പനാനുവർത്തികൾക്ക് പ്രശ്നമല്ല. രണ്ടുവയസ്സും അതിനുതാഴെയും പ്രായമുള്ള ആൺകുഞ്ഞുങ്ങളെയെല്ലാം വധിച്ചു. രാജകല്പന നിറവേററിയതിന്റെ സംതൃപ്തി രാജകിങ്കരന്മാർക്ക്. നിർദ്ദേശം നിറവേറിയതിലും തന്റെ നേരെ ഉയർന്നുവന്ന വെല്ലുവിളി മുളയിലേ നുള്ളിക്കളഞ്ഞെന്നു കരുതുന്നതിലും ഹേറോദേസിനു സന്തോഷം. ആനന്ദത്തിന്റെയും ആശ്വാസത്തിന്റെയും നിക്ഷേപപാത്രങ്ങൾ നിർദ്ദയം നിക്കപ്പെട്ടതോർത്ത് മാറത്തടിച്ച് ആർത്തലച്ച് മുറവിളികൂട്ടുന്ന അമ്മമാർ. "സന്താനങ്ങൾ നഷ്ടപ്പെട്ടിരിക്കുന്ന അവരെ ആശ്വസിപ്പിക്കുക തന്നെ അസാദ്ധ്യം"

നിരപരാധികളായ ശിശുക്കളുടെ വധത്തിൽ സുവിശേഷകനായ മത്തായി ആറു് നൂററാണ്ടുകൾക്കുമുമ്പ് ജറമിയാ ഇസ്രായേലിനെ (വടക്കൻ രാജ്യത്തെ)ക്കുറിച്ച് പറഞ്ഞ വാക്കുകളുടെ പൂർത്തീകരണം ദർശിക്കുന്നുണ്ട്. അടി

www.malankaralibrary.com

മത്തത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തെക്കുറിച്ചും പുനരുദ്ധാരണത്തെക്കുറിച്ചും ജറമിയാസ് പ്രവചിച്ചു.

"യാഹ്‌വേ അരുളിച്ചെയ്യുന്നു:
റാമയിൽ ഒരു ശബ്ദം കേൾക്കുന്നു
കരച്ചിലും കഠിനമായ നെടുവീർപ്പും തന്നെ.
റാഹേൽ തന്റെ മക്കളെപ്രതി നെടുവീർപ്പിടുന്നു.
അവരെപ്രതി ആശ്വസിക്കാൻ അവൾ നിരസിക്കുന്നു.
കാരണം അവർ ഇല്ലാതായിരിക്കുന്നു" (ജറ. 31,15)

പ്രവാചകൻ ഇസ്രായേൽ (വടക്കേ)രാജ്യത്തിന്റെ കഷ്ടപ്പാടുകളെക്കുറിച്ചാണ് സംസാരിക്കുക. റാഹേൽ രാജ്യത്തെ പ്രതിനിധീകരിക്കുന്നു. ജോസഫിന്റേയും ബഞ്ചമിന്റേയും അമ്മയാണ് (ഉൽപ്പ. 30, 24; 35, 16) (ജോസഫിന്റെ മക്കളാണ് മനശയും എപ്രായിമും). ബഞ്ചമിൻ ഗോത്രത്തിന്റെ വാസസ്ഥാനമാണ് റാമാ. ജറുസലേമിന് അഞ്ചു മൈൽ വടക്ക് എർറാമിൽ. ബഞ്ചമിൻ ഗോത്രത്തിന്റെ വാസസ്ഥലത്തിനുള്ളിലാണ് റാഹേലിന്റെ കബറിടമെന്നു കരുതിയിരുന്നല്ലോ. ബേത്‌ലഹേമിനടുത്താണെന്നു പിൽക്കാലത്ത് കരുതിത്തുടങ്ങി (ഉൽപ്പ. 35, 19; 48, 7; 1 സാമു. 10, 2-3). ഇതിനോട് മത്തായി സുവിശേഷകൻ യോജിക്കുന്നെന്നു തോന്നുന്നു (2,18). ഇസ്രായേലിന്റെ കഷ്ടപ്പാടുകളിൽ നിന്ന് യാഹ്‌വേ അവളെ സ്വതന്ത്രയാക്കുമെന്ന് പ്രഖ്യാപിക്കുന്നതിന് ആമുഖമായി അവളുടെ പ്രലാപനത്തെക്കുറിച്ച് പ്രവാചകൻ പ്രതിപാദിക്കുന്നു. റാഹേലിന്റെ വിലാപം അവസാനിക്കും.

ജറമിയാസിന്റെ വാക്കുകൾക്ക് മത്ത്യുവിന്റെ സുവിശേഷത്തിൽ അർത്ഥം വളരെ സമ്പുഷ്ടമാണ്. മിശി

www.malankaralibrary.com

ഹായെക്കുറിച്ചുള്ള പ്രവചനങ്ങളുടെയും യേശുവിന്റെ പിൽക്കാലാനുഭവങ്ങളുടെയും വെളിച്ചത്തിൽ യേശുവിന്റെ ജനനത്തോടനുബന്ധിച്ചു നടന്ന നിരപരാധികളുടെ വധത്തിന്റെ അന്തരാർത്ഥം കൂടുതൽ തെളിവാർന്നു വരുന്നു. യേശു മെസിയാനിക രാജാവാണ്. അദ്ദേഹത്തിനെതിരെ രാഷ്ട്രീയാധികാരികൾ പടവാളുയർത്തുന്നു. ഈ എതിർപ്പ് യേശുവിനെ പിടിപ്പിച്ചതിലും ക്രൂശിച്ചതിലും വിജയിച്ചു. യേശുവിന്റെ സഹനത്തിന്റെ മുന്നോടിയാണ്. പരിത്യക്തതയിലും ശത്രുതയിലും മാംസാസ്ഥിമജ്ജാദികൾ തുളച്ചുകയറുന്ന സഹനത്തിലും മരണത്തിലും നിമഗ്നനായ യേശുവിന്റെ സഹനത്തിന്റെ മുൻസൂചന. ശിശുവധത്തിലും യേശുവിന്റെ വധത്തിലും അന്യായം അധികാരസ്ഥാനത്തിരുന്നു ന്യായം വിധിച്ച് സത്യത്തെ കഴുമരത്തിലേറുന്നു. പക്ഷേ അന്യായത്തിനു നാമമാത്രമായ വിജയമേ പ്രാപിക്കാനായുള്ളു. സത്യത്തിനാണ് സമ്പൂർണ്ണവിജയം. അതു് യേശു സ്വജീവിതത്തിലൂടുദ്ഘോഷിച്ചു. യേശു രക്ഷപെട്ടു. സത്യം വിജയിച്ചു.

ഹേറോദേസിനു യേശുവിനെക്കുറിച്ച് അറിവില്ലായിരുന്നു. അറിയണമെന്നാഗ്രഹമുള്ളവരിൽനിന്നു പ്രേരണലഭിച്ചപ്പോൾ അറിയാവുന്നവരോടന്വേഷിച്ചു. അംഗീകരിക്കാനല്ല. സ്വീകരിക്കാനല്ല. നശിപ്പിക്കാൻ.

യേശുവിനെ നശിപ്പിക്കാൻ ഹേറോദേസ് നിർദ്ദേശിച്ചു. പക്ഷേ നശിച്ചതു് യേശുവല്ല. ഹേറോദേസും നിരപരാധികളായ ഒട്ടനേകം മനുഷ്യമക്കളുമാണ്.

പ്രിയ വായനക്കാരാ, താങ്കൾ എന്തിനാണ് യേശുവിനെ അന്വേഷിക്കുന്നതു്? ദൈവത്തെക്കുറിച്ചാരായുന്നതെന്തിന്? ആരാധിക്കാനോ അവസാനിപ്പിക്കാനോ? സ്വീകരിക്കാനോ നിരാകരിക്കാനോ? നിങ്ങളെ സമ്പൂർണ്ണ

www.malankaralibrary.com

മായി സമർപ്പിക്കാനോ? ദൈവത്തിന്നെതിരായി പ്രവർത്തിക്കാനോ?

ഈശ്വരനെക്കൊന്നിട്ടു് തൽസ്ഥാനത്തു് മനുഷ്യനെ പ്രതിഷ്ഠിച്ചെന്നു് അവകാശപ്പെട്ടവരെ ചരിത്രം കണ്ടിട്ടുണ്ടു്. ഇന്നും അതാവർത്തിക്കുന്നവരുമുണ്ടു്. പക്ഷേ അവരുടെ പ്രവൃത്തിയുടെ മൗഢ്യം ചരിത്രം തന്നെ വ്യക്തമാക്കുന്നു. ഈശ്വരനെ മരിപ്പിക്കുന്നവർ ഇശ്വരനെയല്ല ഈശ്വരൻെറ പരിമേയപ്രതിമകളായ മനുഷ്യരെയാണു് വധിപ്പിക്കുക. ഈശ്വരനിഷേധി മനുഷ്യനിഷേധിയാണു്. ദൈവത്തെ കൊന്നൊടുക്കാനിറങ്ങുന്നവർ ദൈവത്തെയല്ല കൊല്ലുക. നിരപരാധികളായ മനുഷ്യരെയാണു്. നിങ്ങൾക്കു് ഈശ്വരനെ മരിപ്പിക്കാനാവില്ല; മനുഷ്യനെയാവും. ഒരു കൊലയാളിയാകാനാണോ നിങ്ങളുടെ ഈശ്വരാന്വേഷണം? നിങ്ങളുടെ ഈശ്വരാന്വേഷണം അങ്ങയെ ആരാധിക്കാനും അങ്ങേയ്ക്കു് സമ്പൂർണ്ണമായി സമർപ്പിച്ചു് സായൂജ്യമടയാനുമായിരിക്കട്ടെ. ജീവിതലക്ഷ്യം നേടി ആത്മസംതൃപ്തി പ്രാപിക്കാനാവട്ടെ!

www.malankaralibrary.com

# III

# അറിയാം-ആരാധിക്കില്ല

സുവിശേഷകനായ മാത്യു രണ്ടാമദ്ധ്യായത്തിൽ അവതരിപ്പിക്കുന്ന മററു രണ്ടു കൂട്ടരാണ് മഹാപുരോഹിതന്മാരും വേദപണ്ഡിതൻമാരും.

അടിമത്തത്തിനുശേഷം യഹൂദമതത്തിന്റെ തുറകളിലാകെ നിർണ്ണായക സ്വാധീനവും സ്ഥാനവും ഉള്ളവരായിരുന്നു പ്രധാന പുരോഹിതന്മാർ. പ്രധാന പുരോഹിതൻ എന്ന സംജ്ഞ ഉത്ഭവിച്ചതു് അടിമത്തത്തിനുശേഷമാണ്, എങ്കിലും ആരംഭം മുതൽക്കേ ഇസ്രായേലിൽ മുഖ്യപുരോഹിതന്മാരുണ്ടായിരുന്നു. മതകർമ്മങ്ങൾ നയിക്കുക, പുരോഹിതഗണത്തിനു നേതൃത്വം നൽകുക മുതലായവ അവരുടെ അധികാരാവകാശങ്ങളിൽപ്പെടുന്നു. സാദോക്കു്, അബിയാഥാർ, അബിമേലേക്ക് മുതലായവർ മുഖ്യപുരോഹിതഗണത്തിൽപ്പെടുന്നു.

പ്രവാസാനന്തരം എഴുതിയ വിശുദ്ധഗ്രന്ഥഭാഗങ്ങളിൽ മുഖ്യപുരോഹിതന്റെ അഭിഷേകത്തെപ്പററി പറയുന്നുണ്ടു് (പുറ. 40,12–15). അഭിഷേക ശുശ്രൂഷയിലൂടെ മുഖ്യ പുരോഹിതസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടിരുന്നു.

മുഖ്യാചാര്യന്റെ സ്ഥാനോന്നത്യം വെളിപ്പെടുത്തുന്നതായിരുന്നു അദ്ദേഹത്തിന്റെ ഔദ്യോഗികവസ്ത്രം. ഒരു മാർപ്പതക്കം, എഫോദ്, നെടുങ്കുപ്പായം, ലിനൻകുപ്പായം ശിരോവസ്ത്രം, അരപ്പട്ട എന്നിവയുൾപ്പെട്ടതായിരുന്നു ഔദ്യോഗികവസ്ത്രം (പുറ. 28,4). മാർപ്പതക്കത്തിന്റെ ഇരുവശങ്ങളിലുമായി 'ഊറീം' 'തുമ്മീം' ഇവയും ധരിച്ചിരുന്നു. കൂടാതെ ഒരു നെററിപ്പട്ടവും ധരിക്കണം. "ദൈവത്തിന്റെ പരിശുദ്ധൻ" എന്നു് സ്വർണ്ണത്തകിടിലെഴുതി

www.malankaralibrary.com

നെററിയിലേക്കു തൂങ്ങിക്കിടക്കത്തക്കവിധം ശിരോവസ്ത്രത്തിൽ പിടിപ്പിച്ചിരുന്നതാണ് നെററിപ്പട്ടം (പുറ. 28,36). ഇതും പുരോഹിതൻ വിശുദ്ധസ്ഥലത്തേക്കും വിശുദ്ധ ശുശ്രൂഷയ്ക്കുമായി വേർതിരിച്ച് പ്രതിഷ്ഠിതനാണെന്നതിന്റെ പ്രതീകമാണ്.

വർഷത്തിലൊരിക്കൽ അതിവിശുദ്ധസ്ഥലത്ത് പ്രവേശിച്ച് ജനങ്ങളുടെ പാപപ്പരിഹാരത്തിനായി ധൂപമർപ്പിക്കുകയും ബലി നടത്തുകയും ചെയ്യുക പ്രധാനപുരോഹിതന്റെ കടമയാണ്. ദേവാലയത്തിന്റെ സംരക്ഷണവും ദൈവാരാധനയുടെ ക്രമീകരണവും അദ്ദേഹത്തിന്റെ മേൽനോട്ടത്തിലായിരുന്നു. താഴെയുള്ള പുരോഹിതശ്രേണിയുടെയും ലേവായരുടേയും നേതൃത്വവും അദ്ദേഹത്തിനായിരുന്നു. ഊറീമും തുമ്മീമും ഉപയോഗിച്ച് ദൈവഹിതം വിശ്വാസികൾക്ക് വെളിപ്പെടുത്തിക്കൊടുത്തിരുന്നതും മുഖ്യപുരോഹിതനാണ്. അദ്ദേഹത്തിന്റേതാണ് നീതിന്യായാസനത്തിലെ അവസാനവാക്ക്. സാൻഹെഡ്രീൻ സംഘ (ന്യായാധിപസംഘ) ത്തിന്റെ അദ്ധ്യക്ഷനും പ്രധാന പുരോഹിതൻ തന്നെ. രാജവാഴ്ച്ക്കാലത്ത് ഇസ്രായേലിലെ രാജാക്കന്മാരെ അഭിഷേകം ചെയ്തിരുന്നതും പ്രധാനപുരോഹിതനായിരുന്നു. രാജവാഴ്ച അവസാനിച്ചതിനുശേഷം രാജകീയാഡംബരങ്ങളും സ്ഥാനമാനങ്ങളും പദവിയും പ്രധാനപുരോഹിതനിൽ വന്നുചേർന്നു. ഇവരും രാജാക്കന്മാരെപ്പോലെ രാജ്യനേതാക്കന്മാരും ദൈവസന്നിധിയിലെ പ്രതിനിധികളുമായി. ഒരേ സമയം പുരോഹിതമുഖ്യനും രാഷ്ട്രീയ നേതാവും.

ബി. സി. 153—37 ദീർഘിച്ച ഹസ്മോണിയൻ ഭരണകാലത്ത് ഹസ്മോണിയർ ഒരേസമയം രാഷ്ട്രീയ നേതാക്കന്മാരും പ്രധാനപുരോഹിതന്മാരുമായിരുന്നു. അവ

www.malankaralibrary.com

സനത്തെ ഹസ്മോണിയൻ ഭരണാധിപൻ അരിസ്റ്റോബുളസ്സിൻെറ കാലത്തു് കിടമൽസരങ്ങളും ഭിന്നതകളും നിമിത്തം ബലഹീനമായിരുന്നു ഇസ്രായേൽ. അവരെ അനായാസം കീഴടക്കാൻ റോമാക്കാർക്കു് കഴിഞ്ഞു. റോമായുടെ പ്രതിനിധിയായാണു് ഇഡുമേയനായ ഹേറോദേസ് ഭരണം നടത്തിയിരുന്നതു്. അയാൾക്കു് മതകാര്യങ്ങളിൽ അശേഷം താൽപ്പര്യമില്ലായിരുന്നു. അക്കാലത്തു് രാഷ്ട്രീയ മുതലെടുപ്പിനും സ്വാർത്ഥലാഭത്തിനുമുള്ള വെറുമൊരുപാധിയായി പുരോഹിതപദം അധഃപതിച്ചു. പ്രസ്തുത പദവി പണം കൊടുത്തും വാങ്ങാവുന്നതെന്ന നിലവരെയെത്തി. തത്ഫലമായി പുരോഹിതന്മാർക്കു് ജനഹൃദയങ്ങളിലുണ്ടായിരുന്ന സ്ഥാനം നഷ്ടീഭവിച്ചു. വിശുദ്ധിയുടെ പ്രതീകങ്ങളായിരിക്കേണ്ടവരാണു് പുരോഹിതന്മാർ. ദ്രവ്യാഗ്രഹത്തിന്റേയും അനീതിയുടേയും സുഖലോലുപതയുടേയും അസന്മാർഗ്ഗീയതയുടേയും മൂർത്തീഭാവങ്ങളായി അധഃപതിച്ച പുരോഹിതഗണത്തെയാണു് യേശു അതിശക്തമായ ഭാഷയിൽ അപലപിക്കുക.

വേദപാരംഗതന്മാരാണു് രണ്ടാമത്തെ കൂട്ടർ. മോശയുടെ നിയമഗ്രന്ഥങ്ങളിലും പ്രവാചകഗ്രന്ഥങ്ങളിലും പ്രാവീണ്യവും പാണ്ഡിത്യവും പ്രാപിച്ചിട്ടുള്ളവർ. വിശുദ്ധഗ്രന്ഥം ആധികാരികമായി വ്യാഖ്യാനിക്കാൻ അധികാരമുള്ളവർ. വിശുദ്ധഗ്രന്ഥം മുഴുവനും പഠിച്ചുവച്ചിട്ടുള്ളവർ. പ്രധാനാചാര്യപദത്തിനു ജനങ്ങൾക്കിടയിലുണ്ടായിരുന്ന സ്ഥാനം നഷ്ടപ്പെട്ടതോടെ നിയമജ്ഞർക്കും (വേദഗ്രന്ഥപണ്ഡിതന്മാർക്കും) ഫരിസേയർക്കും പ്രാധാന്യം ഏറി വന്നു.

പ്രധാനപുരോഹിതന്മാരും വേദശാസ്ത്രജ്ഞന്മാരും യേശു പിറന്ന സ്ഥലം കാണിച്ചുകൊടുത്തു. യൂദന്മാരുടെ

www.malankaralibrary.com

രാജാവിന്റെ ജന്മത്തെക്കുറിച്ചുള്ള യൂദമതപാരമ്പര്യം നന്നായറിയുന്നവരാണ് രണ്ടുകൂട്ടരും. ദൈവഹിതം ദൈവജനത്തെ അറിയിക്കേണ്ടവർ. അവർക്ക് നിയമങ്ങളും പ്രവചനങ്ങളുമാകെ അറിയാം. എല്ലാമറിയാം. ഇനി അറിയേണ്ടതായൊന്നുമില്ല. മററുള്ളവർക്ക് അറിയിച്ചുകൊടുത്താൽ മതി. അവർ അറിയിച്ചുകൊടുത്തു. പക്ഷേ ആരാധിക്കാനൊരുങ്ങിയില്ല. ആരാധിച്ചില്ല.

www.malankaralibrary.com

# IV

# ശലഭങ്ങൾ

സ്നേഹമേറിയ സുഹൃത്തേ, കടന്നുപോന്നതാളുകളിൽ മൂന്നുതരം ആളുകളെ കാണുകയുണ്ടായി. പ്രപഞ്ചസമുദ്ധാരകനായ യേശുവിന്റെ ജനനത്തോടനുബന്ധിച്ച് സുവിശേഷകനായ മാത്യൂ അവതരിപ്പിക്കുന്ന മൂന്നു കൂട്ടം ആളുകൾ.

പൂർവ്വദിക്കിൽ നിന്നു വന്ന വിജാതീയ വാനശാസ്ത്രജ്ഞന്മാരാണ് ഒന്നാം കൂട്ടർ. അവർക്ക് ഒരു സൂചനകിട്ടിയതേയുള്ളൂ. അവർ അതു മനസ്സിലാക്കി. സൂചിത വ്യക്തിയെ തിരക്കിയിറങ്ങി. ആ ദിവ്യനെ കണ്ടാരാധിക്കാൻ ക്ലേശങ്ങൾ സ്വയം വരിച്ച് യാത്ര ചെയ്തു. വിദൂരത്തിൽ നിന്നു വന്നു. അറിവുള്ളതറിയിക്കാനും കൂടുതൽ അറിയാനും ആരാധിക്കാനും. അതിനായിരുന്നു അവരുടെ അന്വേഷണം.

ദൈവത്തെക്കുറിച്ചറിയാനുള്ള സൂചനകൾ ഈ പ്രപഞ്ചത്തിലാകെയുണ്ട്. പ്രകൃതിരഹസ്യങ്ങളുടെ ഉള്ളറകളിലേക്കിറങ്ങുന്തോറും അത്ഭുതപ്രതിഭാസത്തിന്റെ വിധാതാവിനെ ദർശിക്കാൻ ശ്രദ്ധിക്കാത്തവർ സ്വന്തം ബുദ്ധിയുടേയും മനസ്സാക്ഷിയുടേയും സ്വരത്തെ നാം മനപ്പൂർവ്വം എതിരു നില്ക്കയല്ലേ? എന്റെ മുമ്പിലിരിക്കുന്ന ഓരോ വസ്തുവും ചുറ്റും കാണുന്ന പ്രകൃതിഘടകങ്ങളോരോന്നും ഞാൻ അഭിമുഖീകരിക്കുന്നവരും ഇടപെടുന്നവരുമായ ഓരോ വ്യക്തിയും ദൈവോന്മുഖമായുയരാൻ എന്നെ ക്ഷണിക്കുകയാണ്. എന്റെ ജീവിതത്തിലെ സംഭവമോരോന്നും എന്നിൽ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ദൈവത്തെ ദർശിക്കാനുള്ള അവസരങ്ങളാണ്. താലോട്ട

www.malankaralibrary.com

കയും തള്ളുകയും ചെയ്യുന്ന സ്നേഹപിതാവിന്റെ വർണ്ണനാതീതമായ സ്നേഹത്തിന്റെ വൈവിധ്യമാർന്ന അനുഭവങ്ങൾ. സാന്ദർഭികമായി സിദ്ധിച്ച സൂചനകളിൽ നിന്ന് രക്ഷകനായ യേശുവിലേക്കുയർന്ന പലരേയും പുതിയനിയമഗ്രന്ഥങ്ങൾ അവതരിപ്പിക്കുന്നുണ്ട്. യേശുവിനെ രക്ഷകനായി അനുഭവിച്ചവരെ. യേശുവിനെ സ്വജീവിതത്തിൽ കണ്ടെത്താനും ആ നാഥനു സ്വയം സമർപ്പിക്കാനും കഴിഞ്ഞവരെ.

സുവിശേഷകൻ അവതരിപ്പിക്കുന്ന മൂന്നു കൂട്ടരേയും ഇന്നത്തെ ക്രൈസ്തവ സമൂഹത്തിൽ നമുക്കു കാണാനാവുന്നു. യേശുവിനെ അനുഭവിക്കുന്നവരുടെ കൂട്ടായ്മയാണ് സഭ. യേശുദർശനം നേടിയവരുടെ സഹഭാഗിത്വം. അവിടത്തെ അനുഭവിക്കാനാഗ്രഹിക്കുന്നവരുമുൾക്കൊള്ളുന്നെന്നതു സത്യം തന്നെ. എന്നാൽ ക്രിസ്ത്വനുഭവവുമായി ബന്ധമൊന്നുമില്ലാത്ത കൊട്ടാരവാസികളേയും പ്രസ്ഥാനമാന്യന്മാരേയും പണ്ഡിതമ്മന്യന്മാരേയും സഭാ സമൂഹത്തിൽ കാണാനാവുന്നു. ഈശ്വരവിശ്വാസംപോലുമില്ലാത്ത സഭാംഗങ്ങൾ! ഇവരിൽപ്പെട്ടവരാണ് പലപ്പോഴും സഭാസമൂഹങ്ങളുടെ നേതാക്കന്മാരായി ചമയുന്നവരും. ഇവരുടെയെല്ലാം മുൻഗാമികളെപ്പോലെ ഇവരും യേശുവിനെ ഉന്മൂലനാശം ചെയ്യാനുള്ള പോക്കിലാണെന്ന യാഥാർത്ഥ്യം അവർക്കറിയാമോ ആവോ? തങ്ങളുടെ രാജസമാനമായ ജീവിതത്തെയും ചെയ്തികളെയും ന്യായീകരിക്കാനും സാധൂകരിക്കാനും യേശുവിനേയും അവിടത്തെ തുടർച്ചയായ സഭയേയും അവർ വിനിയോഗിക്കുന്നു. പക്ഷേ താന്താങ്ങളുടെ കൊട്ടാരങ്ങളിൽനിന്നിറങ്ങുവാൻ തുനിയില്ല. അവരെ ആരാധിക്കുന്ന, അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്കു വഴങ്ങുന്ന, ദൈവത്തെയാണ് അവർക്കു വേണ്ടതു്. അവരുടെ പ്ലാനും പദ്ധതിയും ചെയ്തികളും ചോദ്യം ചെയ്യുന്ന

www.malankaralibrary.com

ദൈവത്തെ അവർക്കു വേണ്ട. അങ്ങനെ അവതരിക്കുന്ന ദൈവത്തെ വധിക്കാൻതന്നെ അവരൊരുമ്പെടുന്നു. അതു തന്നെയാണല്ലോ തങ്ങളുടെ സ്വാർത്ഥതാൽപ്പര്യങ്ങളും അശാസ്ത്രീയവും മുൻവിധിയിലധിഷ്ഠിതവുമായ നിഗമനങ്ങൾപോലും തെററായാലും ശരിയായാലും ദൈവജനം മുഴുവനുമംഗീകരിച്ചുകൊള്ളണമെന്നു ശഠിക്കുന്ന സഭാധികാരികളും ആവർത്തിക്കുക.

ഇനിയുമൊരു കൂട്ടർ ദൈവാന്വേഷണവും ആരാധനയും അനുഷ്ഠാനങ്ങളിൽ ഒതുക്കിനിർത്തുന്നു. സഭാകാര്യങ്ങളിൽ തീഷ്ണമതികളായവർപോലും പലപ്പോഴും ഉപയോഗിക്കുന്ന ഒരു പ്രയോഗമാണ്: "നമ്മുടെ പ്രസ്ഥാനത്തിനു ക്ഷീണം വരരുത്" അല്ലെങ്കിൽ "നമ്മുടെ പ്രസ്ഥാനം വളരണം" എന്ന്. പക്ഷെ എന്താണു നമ്മുടെ പ്രസ്ഥാനത്തിന്റെ ഉള്ളടക്കം? ഇപ്പറയുന്നവരുദ്ദേശിക്കുന്നതു് ബാഹ്യമായ ഭദ്രതയാണ്. ആന്തരികഭദ്രതയെപ്പറ്റി അവരത്ര വ്യഗ്രരല്ല. ക്രിസ്തീയവിശ്വാസമില്ലാത്തവരും ക്രിസ്തീയ വിശ്വാസത്തിന്നെതിരെ ജീവിക്കുകയും ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർപോലും സഭാസമൂഹങ്ങളുടെ ഔദ്യോഗിക സ്ഥാനങ്ങളിൽ കയറിപ്പററുന്ന ഭീകരവൈരുദ്ധ്യം കാണാനിടയാവുന്നു. വി: കുർബ്ബാനയിൽ വിശ്വാസമില്ലാത്തവരും ക്രിസ്തുവിന്റെ സമഗ്രസമുദ്ധാരണ പ്രവർത്തനം മുഖവിലയ്ക്കെടുക്കാത്തവരും ക്രിസ്തീയസമൂഹങ്ങളുടെ നേതാക്കന്മാരായി നടിക്കുന്നു, നടക്കുന്നു! സഭയിലോ ക്രിസ്തുവിലോ ഈശ്വരനിലോ പോലും വിശ്വാസമില്ലാത്ത പള്ളിയംഗങ്ങളെയും ഭരണസമിതിയംഗങ്ങളെയും പരിചയമില്ലാത്ത വികാരിമാരുണ്ടെന്നു തോന്നുന്നില്ല. മേല്പറഞ്ഞതരത്തിലുള്ളവർതന്നെ പെരുനാളുകൾക്കും പള്ളിപ്പരിപാടികൾക്കും പെരുമ്പറ

www.malankaralibrary.com

മുഴക്കി മുമ്പേ പോകുന്നു. പക്ഷേ അവർ അത്തരം ആഘോഷങ്ങളുടെ ഉള്ളിലേക്ക് സ്വയമിറങ്ങാറില്ല. യേശുവിന്റെ പിറവിസ്ഥലം ദൂരെ മാറിനിന്നു കാണിച്ചുകൊടുക്കും. പോയി കാണില്ല. ഞായറാഴ്ചയും മററു ദിവസങ്ങളിലും വിശുദ്ധ കർബ്ബാനയിൽ യേശുവിനെ ആരാധിക്കുന്നവർ തങ്ങൾ ഒരുമിച്ചുകൂടുന്ന പ്രാർത്ഥനാലയത്തിന്റെ തൊട്ടു മുമ്പിലെ ചെററക്കുടിലിൽ മാറാവ്യാധി ബാധിച്ച് ഏറെ നാളായി ജലപാനം പോലും അസാദ്ധ്യമായി കിടക്കുന്ന ദരിദ്രനെ സന്ദർശിക്കുകയോ അവനുവേണ്ടി ഒരു നിമിഷം ഒന്നു പ്രാർത്ഥിക്കുകയോ ചെയ്യാത്ത ദുരവസ്ഥ സംഭവിക്കാത്ത സഭാസമൂഹങ്ങളുണ്ടാവുമോ? കൊട്ടാര സമാനമായ സൗധത്തിൽനിന്ന് 'രാജകീയമായി' പള്ളിയിലെത്തി ഭക്തകൃത്യങ്ങളനുഷ്ഠിച്ച് ആത്മസംതൃപ്തിയും വാങ്ങിക്കെട്ടിയിട്ട് അതേ പള്ളിയുടെ പട്ടിണിക്കോലങ്ങളെപ്പററി ഒരു ചിന്തയും മനശ്ചാഞ്ചല്യവുമില്ലാതെ മടങ്ങുന്ന 'നല്ല ക്രിസ്ത്യാനികൾ' വാസ്തവത്തിൽ ബേത്ലഹേമിലെ ശിശുവായ യേശുവിനെ കൊല്ലാൻ ഹേറോദേസിനു വഴികാട്ടുകയല്ലേ? സഭാസ്ഥാപനങ്ങൾക്കും പേരുകൊത്തിയ പള്ളിസാമാനങ്ങൾക്കും വേണ്ടി വാരിക്കോരിക്കൊടുക്കയും അതേ സമയം അതേ സഭാ കൂട്ടായ്മയിലെ ഭവനരഹിതന്റെയോ ഭക്ഷണമില്ലാത്തവന്റെയോ അതുമല്ലെങ്കിൽ മറെറന്തെങ്കിലും സാമ്പത്തിക പ്രശ്നത്തിലുഴലുന്നവന്റെയോ ആവശ്യം നിറവേററാൻ ചെറുവിരൽപോലും അനക്കാത്ത നിത്യകുമ്പസാരക്കാരും നിത്യക്കുർബ്ബാന സ്വീകരണക്കാരും നിരപരാധിയായ യേശുവിനെ വധിക്കയത്രേ. ഇത്തരക്കാരെ ചോദ്യം ചെയ്യാതിരിക്കയും അഥവാ ചോദ്യം ചെയ്യുന്നവരെ 'നശീകരണൻ' എന്നും 'സഭാവിരോധി' എന്നും മററും മുദ്രകുത്തുകയും ചെയ്യുന്ന 'സഭാ സ്നേഹികളും' ഒരുപോലെ ബേത്ലഹേമിലെ യേശുവിനെ വധിക്കയാണ്; ആരാധി

www.malankaralibrary.com

കയല്ലൊ. അന്തിയുറങ്ങാനിടമില്ലാത്തവന് ഇടവും വീടും ഉണ്ടാക്കുക പ്രധാന ധർമ്മമെന്നു സൗകര്യപൂർവ്വം മറന്നും മറച്ചും ശുഭ്രതാതിശുഭ്രതകളോടെ വമ്പു് പ്രകടിപ്പിക്കുവാൻ പോരുന്ന ആരാധനാരാധനേതര സൗധങ്ങളുയർത്തുന്ന സഭാ സംവിധാനം മാററാൻ ഇനിയും മുന്നിട്ടിറങ്ങാത്ത മതഗോപുരവാസികളും ബേത്ലഹേമിലെ ശിശുവിനെ കൊല്ലാൻവേണ്ടി ചുററുമുള്ള നിരപരാധികളെയെല്ലാം കൊന്നൊടുക്കയാണെന്നറിയാത്തതെന്തു്? ഇങ്ങനെ ക്രിസ്ത്യാനികൾ ഒററയ്ക്കും കൂട്ടായും നൂററാണ്ടുകളായി ആവർത്തിച്ചുകൊണ്ടിരിക്കുന്ന യേശുവധങ്ങൾ എത്രവേണമെങ്കിലും എണ്ണിയെണ്ണിപ്പറയാനാവും.

യേശുവിനെ അനുഭവിച്ചറിഞ്ഞവരുടെ സാക്ഷ്യങ്ങളാണു് പുതിയനിയമ ഗ്രന്ഥങ്ങൾ. സുവിശേഷകന്മാരായ മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവരെല്ലാം തങ്ങൾക്കനുഭവപ്പെട്ട യേശുവിനെയാണു് അവതരിപ്പിക്കുക. അവർക്കോരോരുത്തർക്കും യേശുവിനോടൊത്തുള്ള ജീവിതത്തിലോ അവരവർ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത സഭാ സമൂഹത്തിലോ അവരിടപെട്ട വ്യക്തികളിലോ അനുഭവസ്ഥനായ യേശുവിനെ. സുവിശേഷകന്മാരിൽ മത്തായിയും യോഹന്നാനും മാത്രമേ യേശുവിന്റെ കൂടെ ശിഷ്യന്മാരായി നടന്നവരുള്ളുവല്ലോ. നാലുപേരും നാലു രീതിയിലാണല്ലോ യേശുവിനെ അവതരിപ്പിക്കുക. ആത്യന്തികഭാവം ഒന്നുതന്നെ. അപ്പോസ്തലന്മാരുടെ പ്രവൃത്തികളുടെ പുസ്തകവും പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളുമെല്ലാം വിഭിന്ന ക്രിസ്ത്വനുഭവ സാക്ഷ്യങ്ങളാണു്.

www.malankaralibrary.com

# V

# കണ്ണുണ്ട് കാഴ്ചയില്ല; കണ്ണില്ല കാഴ്ചയുണ്ട്

യേശുവിനെക്കാണാൻ അവിടത്തെക്കുറിച്ച് നമുക്കുള്ള ഉൾക്കാഴ്ച അപൂർണ്ണമാണെന്നു നാം സമ്മതിക്കണം. 'യേശു ആരെന്ന് എനിക്കറിയാം' എന്ന ഭാവമുള്ളവർക്ക് അങ്ങയെ കാണാനാവില്ല. ഇക്കാര്യം യോഹന്നാൻ സുവിശേഷകൻ സുതരാം വ്യക്തമാക്കുന്നുണ്ട്. സുവിശേഷത്തിൽ ഒമ്പതാം അദ്ധ്യായത്തിൽ സുവിശേഷകൻ സുന്ദരമായി ആവിഷ്കരിക്കുന്നു.

1) യേശു കടന്നുപോകവെ ഒരു പിറവിക്കുരുടനെ കണ്ടു. 2) ശിഷ്യന്മാർ അദ്ദേഹത്തോടു ചോദിച്ചു: ഗുരോ, ഇവൻ അന്ധനായി ജനിച്ചതു് ആരുടെ പാപം നിമിത്തമാണ്? ഇവൻെറയോ ഇവൻെറ മാതാപിതാക്കന്മാരുടെയോ? 3) യേശു മറുപടി പറഞ്ഞു: ഇവൻ്റെയോ ഇവൻ്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല; പ്രത്യുത ദൈവത്തിൻെറ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്. 4) എന്നെ അയച്ചവൻെറ പ്രവൃത്തികൾ പകലായിരിക്കുമ്പോൾതന്നെ നാം ചെയ്യേണ്ടിയിരിക്കുന്നു. ആർക്കും ജോലി ചെയ്യാനാവാത്ത രാത്രിവരുന്നു. 5) ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിൻെറ പ്രകാശമാകുന്നു. 6) ഇതു പറഞ്ഞിട്ട് അദ്ദേഹം നിലത്തു തുപ്പി; തുപ്പൽകൊണ്ട് ചെളിയുണ്ടാക്കി ആ മനുഷ്യൻെറ കണ്ണുകളിൽ പൂശിയിട്ട് 7) അവനോട് പറഞ്ഞു: നീ പോയി ശീലോഹാ (അയയ്ക്കപ്പെട്ടവൻ എന്നർത്ഥമുള്ള) കുളത്തിൽ കഴുകുക. അയാൾ പോ

www.malankaralibrary.com

യി കഴുകി, കാഴ്ചയുള്ളവനായി തിരിച്ചുവന്നു.
8) അയല്ക്കാരും അയാളെ മുമ്പ് യാചകനായി കണ്ടിട്ടുള്ളവരും പറഞ്ഞു: ഇവൻതന്നെയല്ലേ അവിടെയിരുന്ന് ഭിക്ഷയിരന്നവൻ? ഇവൻ താന്നെ, ചിലർ പറഞ്ഞു. മററു ചിലർ പറഞ്ഞു: അല്ല, ഇവനും അവനെപ്പോലിരിക്കുന്നെന്നേയുള്ളു. എന്നാൽ അവൻ പറഞ്ഞു: ഞാൻ താന്നെ. 10) അപ്പോൾ അവർ അവനോടു ചോദിച്ചു: നിന്റെ കണ്ണു തുറക്കപ്പെട്ടതെങ്ങനെ? 11) അവൻ പറഞ്ഞു: യേശു എന്നു പേരുള്ളൊരു മനുഷ്യൻ ചെളിയുണ്ടാക്കി എന്റെ കണ്ണുകളിൽ പുരട്ടി; നീ പോയി സീലോഹായിൽ കഴുകുക എന്നു പറഞ്ഞു. ഞാൻ പോയി കഴുകി എനിക്കു കാഴ്ച ലഭിച്ചു. 12) എന്നിട്ട് അവൻ എവിടെ എന്ന് അവർ ചോദിച്ചു. എനിക്കറിഞ്ഞുകൂടാ എന്ന് അവൻ മറുപടി പറഞ്ഞു.
13) നേരത്തെ കുരുടനായിരുന്നവനെ അവർ ഫരിസേരുടെ പക്കൽ കൊണ്ടുവന്നു. 14) യേശു ചെളിയുണ്ടാക്കി അവന്റെ കണ്ണുകൾ തുറന്നതു ഒരു ശബത്തുദിവസമാണ്. 15) വീണ്ടും ഫരിസർ അവനോട് അവന് എങ്ങനെ കാഴ്ച ലഭിച്ചു എന്നു ചോദിച്ചു. അവൻ പറഞ്ഞു: അദ്ദേഹം എന്റെ കണ്ണുകളിൽ ചെളി പുരട്ടി; ഞാൻ കഴുകി; എനിക്കു കാണുകയും ചെയ്യാം. 16) ഫരിസരിൽ ചിലർ പറഞ്ഞു: ഈ മനുഷ്യൻ ദൈവത്തിൽനിന്നുള്ളവനല്ല. കാരണം അവൻ സാബത്താചരിക്കുന്നില്ല. എന്നാൽ മററുള്ളവർ പറഞ്ഞു, പാപിയായ ഒരുവന് എങ്ങനെ ഇത്തരം അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയും? അങ്ങനെ അവരുടെയിടയിൽ ഭിന്നതയുണ്ടായി. 17) അപ്പോൾ അവർ ആ അന്ധനോട് വീണ്ടും ചോദിച്ചു: അവൻ

www.malankaralibrary.com

നിന്റെ കണ്ണുകൾ തുറന്നല്ലോ; അവനെപ്പററി നീ എന്തു പറയുന്നു? അവൻ പറഞ്ഞു: അദ്ദേഹം ഒരു പ്രവാചകനാണ്. അവൻ അന്ധനായിരുന്നെന്നും കാഴ്ച പ്രാപിച്ചെന്നും കാഴ്ച പ്രാപിച്ചവന്റെ മാതാപിതാക്കന്മാരെ വിളിച്ചു ചോദിക്കുവോളം യഹൂദന്മാർ വിശ്വസിച്ചില്ല. 19) അവർ ചോദിച്ചു: അന്ധനായി ജനിച്ചു എന്നു നിങ്ങൾ പറയുന്ന നിങ്ങളുടെ മകൻ ഇവനാണോ? ആണെങ്കിൽ എങ്ങനെയാണ് അവനിപ്പോൾ കാണുക? 20) അവന്റെ മാതാപിതാക്കന്മാർ പറഞ്ഞു: അവൻ ഞങ്ങളുടെ മകനാണെന്നും അവൻ അന്ധനായാണ് ജനിച്ചതെന്നും ഞങ്ങൾക്കറിയാം. 21) എന്നാൽ ഇപ്പോൾ അവന് കാണാൻ കഴിയുന്നതു് എങ്ങനെയെന്നും അവന്റെ കണ്ണുകൾ തുറന്നതാരെന്നും ഞങ്ങൾക്കറിയില്ല. അതു് അവനോടുതന്നെ ചോദിക്കുവിൻ; അവനു പ്രായപൂർത്തിയായല്ലോ. അവൻതന്നെ തന്നെക്കുറിച്ചു പറയും. 22) അവന്റെ മാതാപിതാക്കന്മാർ ഇങ്ങനെ പറഞ്ഞതു് യഹൂദരെ ഭയന്നാണ്. കാരണം, യേശുവിനെ ക്രിസ്തുവെന്നു് പരസ്യമായി ഏററു പറയുന്നവരെ സിനഗോഗിൽനിന്നു പുറത്താക്കണമെന്നു് യഹൂദന്മാർ തീരുമാനിച്ചിരുന്നു. 23) അതിനാലാണ് അവന്റെ മാതാപിതാക്കന്മാർ 'അവൻ പ്രായപൂർത്തിയായവനാണ്; അവനോടുതന്നെ ചോദിക്കുവിൻ' എന്നു പറഞ്ഞതു്. 24) അന്ധനായിരുന്ന ആ മനുഷ്യനെ യഹൂദർ രണ്ടാംപ്രാവശ്യവും വിളിച്ചു് അയാളോടു പറഞ്ഞു: ദൈവത്തെ മഹത്വപ്പെടുത്തുക. ഈ മനുഷ്യൻ പാപിയാണെന്നു ഞങ്ങൾക്കറിയാം. 25) അവൻ പറഞ്ഞു: അദ്ദേഹം പാപിയാണോ എന്നു് എനിക്കറിയില്ല. എന്നാൽ

www.malankaralibrary.com

ഒരു കാര്യം എനിക്കറിയാം. ഞാൻ അന്ധനായിരു
ന്നു; ഇപ്പോൾ എനിക്കു കാണാം. 26) അവർ ചോദി
ച്ചു അവൻ നിനക്കുവേണ്ടി എന്തു ചെയ്തു? എങ്ങനെ
യാണു് നിന്റെ കണ്ണു തുറന്നതു്? 27) അവൻ മറുപ
ടി പറഞ്ഞു: ഞാൻ നിങ്ങളോടു് പറഞ്ഞുകഴിഞ്ഞ
ല്ലോ; അന്നേരം നിങ്ങൾ കേട്ടില്ല. വീണ്ടും കേൾ
ക്കാൻ ആഗ്രഹിക്കുന്നതെന്തു്? നിങ്ങളും അദ്ദേഹ
ത്തിന്റെ ശിഷ്യന്മാരാകാൻ ആഗ്രഹിക്കുന്നുവോ?
(28) അവർ അവനെ ശകാരിച്ചുകൊണ്ടു പറഞ്ഞു
നീയാണു് അവന്റെ ശിഷ്യൻ. ഞങ്ങൾ മോശയുടെ
ശിഷ്യന്മാരാണു്. (29) ദൈവം മോശയോടു സംസാ
രിച്ചെന്നു് ഞങ്ങൾക്കറിയാം. എന്നാൽ ഈ മനു
ഷ്യൻ എവിടെനിന്നാണെന്നു് ഞങ്ങൾക്കറിയില്ല.
(30) അവൻ മറുപടി പറഞ്ഞു: ഇതു വിചിത്രമായി
രിക്കുന്നു. അദ്ദേഹം എവിടെനിന്നാണെന്നു നിങ്ങൾ
ക്കറിയില്ല. എന്നാൽ അദ്ദേഹം എന്റെ കണ്ണുകൾ
തുറന്നു. (31) ദൈവം പാപികളെ ശ്രവിക്കില്ലെന്നു്
നമുക്കറിയാം. എന്നാൽ ദൈവത്തെ ആരാധിക്കുകയും
അവിടത്തെ ഇഷ്ടം പ്രവർത്തിക്കയും ചെയ്യുന്ന മനു
ഷ്യനെ ദൈവം ശ്രവിക്കുന്നു. (32) അന്ധനായിപ്പിറ
ന്ന ഒരു മനുഷ്യന്റെ കണ്ണു് ആരും തുറന്നതായി ലോ
കം ഉണ്ടായിട്ടു് ഇതുവരെയും കേട്ടിട്ടില്ല. ഈ മനുഷ്യൻ
ദൈവത്തിൽ നിന്നല്ലെങ്കിൽ ഒന്നും ചെയ്വാൻ അദ്ദേ
ഹത്തിനു കഴിയുമായിരുന്നില്ല. (34) അപ്പോൾ അവർ
പറഞ്ഞു: തികച്ചും പാപത്തിൽ പിറന്ന നീ ഞങ്ങ
ളെ പഠിപ്പിക്കുന്നുവോ? അനന്തരം അവർ അവനെ
പുറത്താക്കി. (35) അവർ അവനെ പുറത്താക്കി
എന്നു യേശു കേട്ടു. അവനെ കണ്ടപ്പോൾ അദ്ദേഹം
ചോദിച്ചു: മനുഷ്യപുത്രനിൽ നീ വിശ്വസിക്കുന്നുവോ

www.malankaralibrary.com

(36) അവൻ ചോദിച്ചു: കർത്താവേ, ഞാൻ അദ്ദേഹത്തിൽ വിശ്വസിക്കേണ്ടതിന് അദ്ദേഹം ആരാണ്? (37) യേശു പറഞ്ഞു: നീ അദ്ദേഹത്തെ കണ്ടു കഴിഞ്ഞു. നിന്നോടു സംസാരിക്കുന്നവൻതന്നെയാണ് അദ്ദേഹം. (38) 'കർത്താവേ, ഞാൻ വിശ്വസിക്കുന്നു' എന്നു പറഞ്ഞ് അവൻ അദ്ദേഹത്തെ ആരാധിച്ചു. (39) യേശു പറഞ്ഞു: കാഴ്ചയില്ലാത്തവർ കാണുകയും കാഴ്ചയുള്ളവർ അന്ധരായിത്തീരുകയും ചെയ്യാൻ ന്യായവിധിക്കായാണ് ഞാൻ ഈ ലോകത്തിലേക്കു വന്നത്. (40) അദ്ദേഹത്തിന്റെ അടുത്തുണ്ടായിരുന്ന ചില ഫരിസർ ഇതു കേട്ട് അദ്ദേഹത്തോട് ചോദിച്ചു: അപ്പോൾ ഞങ്ങളും അന്ധരാണോ? (41) യേശു അവരോടു പറഞ്ഞു: നിങ്ങൾ അന്ധരായിരുന്നെങ്കിൽ നിങ്ങൾക്കു പാപമില്ലായിരുന്നു. ഇപ്പോഴാകട്ടെ, ഞങ്ങൾക്കു കാണാം എന്നു നിങ്ങൾ പറയുന്നതിനാൽ നിങ്ങളിൽ കുററം അവശേഷിക്കുന്നു.

അതിസമർത്ഥവും സകരവുമാണ് രചനയും സംവിധാനവും. ഇതിൽ യോഹന്നാൻ സുവിശേഷകന്റെ ദൈവശാസ്ത്രപരമായ ഉൾക്കാഴ്ചയുടെ സംഗ്രഹമുണ്ടുതാനും. ജറുസലേം ദേവാലയത്തിലെ കൂടാരപ്പെരുന്നാളിനോടനുബന്ധിച്ച് യേശു കാഴ്ച നൽകുന്ന സംഭവം സജ്ജീകരിച്ചിരിക്കുന്നു. ദൈവസാന്നിദ്ധ്യവും നിയമത്തിന്റെ വെളിച്ചവും സൂചിപ്പിക്കുന്നതിന് യഹൂദന്മാർ കൂടാരപ്പെരുന്നാളിനോടനുബന്ധിച്ച് ദീപാലങ്കാരം നടത്താറുണ്ടായിരുന്നു ഇതെല്ലാം കണ്ട യേശു പെരുനാളിൽ അവരോടു പ്രഖ്യാപിച്ചു: 'ഞാനാണ് ലോകത്തിന്റെ പ്രകാശം' (8,12). പിതാവിനെ യഥാർത്ഥമായി വെളിപ്പെടുത്തുന്ന സത്യപ്രകാശമായ യേശു പ്രകാശത്തിലേക്ക് അവരെ ആഹ്വാനം

www.malankaralibrary.com

ചെയ്തു. വിചിത്രമായിരുന്നു യഹൂദമതഭക്തന്മാരുടെ പ്രതികരണം. "....അവർ അവനെ എറിയാൻ കല്ലുകളെടുത്തു" (8, 59a). എന്നാൽ യേശുവാകട്ടെ ദേവാലയത്തിൽനിന്ന് രഹസ്യമായി പുറത്തുപോയി (8, 59b). ഇങ്ങനെ പോകുന്ന വഴിയാണ് പിറവികുരുടന് കാഴ്ച നൽകുക.

യഹൂദന്മാർ ലോകത്തിന്റെ ദീപമായ യേശുവിനെ സ്വീകരിക്കാതിരിക്കാൻ കാരണവും സുവിശേഷകൻ നൽകുന്നു. "ഞങ്ങൾ അബ്രഹാമിന്റെ മക്കളാകുന്നു" (യോഹ. 8,39); 'നീ ഒരു സമറിയാക്കാരനും പിശാചുബാധിതനുമാകുന്നു' (8,48) എന്നായിരുന്നു അവർക്ക് യേശുവിനോടുള്ള മനോഭാവം. ഈ നിലപാടിൽ യഹൂദനേതാക്കന്മാർ ഉറച്ചുനിന്നു. ഇത് യോഹന്നാൻ ഒമ്പതാം അദ്ധ്യായത്തിൽ ഫരിസേയമനോഭാവത്തിലൂടെ ഭംഗിയായി അവതരിപ്പിക്കുന്നു. ഫരീസർക്കും പിറവികുരുടനും യേശുവിനെക്കുറിച്ചുള്ള ദർശനം വിശദമാക്കുന്നു. ഇരുകൂട്ടരുടേയും കാഴ്ചപ്പാട് പരസ്പരം വിരുദ്ധമാണ്. യേശുവിനെക്കുറിച്ചുള്ള ദർശനത്തിൽ പിറവികുരുടൻ പടിപടിയായി ഉയരുന്നു; ഫരിസേയർ അനുപദം അധഃപതിക്കുന്നു.

പാഠം 1. ചോദ്യം: പിറവികുരുടന് കാഴ്ച ലഭിച്ചെന്നറിഞ്ഞ അയല്ക്കാരും അവനെ മുമ്പ് യാചകനായി കണ്ടിട്ടുള്ളവരും അവനെ തിരിച്ചറിഞ്ഞ് അവന്റെ കണ്ണുകൾ തുറന്നതെങ്ങനെയെന്നു ചോദിക്കുന്നു (9,8-10).

മറുപടി: "യേശു എന്നു പേരുള്ള മനുഷ്യൻ ചെളിയുണ്ടാക്കി എന്റെ കണ്ണുകളിൽ പുരട്ടി, ശീലോഹായിൽ പോയി കഴുകുക എന്നു പറഞ്ഞു. ഞാൻ പോയി കഴുകി; എനിക്കു കാഴ്ച ലഭിച്ചു." (9, 11).

www.malankaralibrary.com

യേശുവിനെ ഒരു നല്ല മനുഷ്യനായിക്കാണാൻ കാഴ്ച ലഭിച്ച കുരുടന് കഴിഞ്ഞു. യേശു എവിടെയെന്നറിഞ്ഞുകൂടാ താനും (9, 12).

നേരെ വിരുദ്ധമാണ് കാഴ്ചയുള്ളവരെന്നു കരുതിയ ഫരിസരുടെ നില. അന്ധന് കാഴ്ച കിട്ടിയതെങ്ങനെയെന്ന് അവരും അവനോടു ചോദിച്ചു (9,13–15). അവൻ പഴയ മറുപടിതന്നെ നൽകി. "യേശു എന്റെ കണ്ണുകളിൽ ചെളി പുരട്ടി; ഞാൻ കഴുകി; എനിക്കു കാണാം" (9, 13). അപ്പോൾ ഫരിസർ യേശുവിനെക്കുറിച്ച് പറയുകയാണ്: "ഈ മനുഷ്യൻ ദൈവത്തിൽനിന്നുള്ളവനല്ല;....പാപിയാണ്". കാരണം ഇവൻ സാബത്താചരിക്കുന്നില്ല. പാപിയ്ക്കു ഇത്തരം അടയാളങ്ങൾ ചെയ്യുവാനാവില്ല (9,16).

യേശുവിനെ ഒരു നല്ല മനുഷ്യനായിപ്പോലും ഫരിസർ അംഗീകരിക്കുന്നില്ല. യേശു ചെയ്ത പ്രവൃത്തി നിഷേധിക്കയും ചെയ്യുന്നു.

| അന്ധൻ | (കാഴ്ചയുള്ള) ഫരിസർ |
|---|---|
| യേശു: നല്ല മനുഷ്യൻ<br>നന്മ ചെയ്തു<br>(കണ്ണു തുറന്നു<br>കൊടുത്തു) | യേശു: ദൈവത്തിൽനിന്നുള്ളവനല്ല; പാപി–<br>ദൈവത്തിന്റെ ശത്രു–<br>നന്മചെയ്യാനേ<br>ആവില്ല. |

പരസ്പരവിരുദ്ധങ്ങളായ ഈ അഭിപ്രായങ്ങൾ അവർക്കിടയിൽ ഭിന്നതയുളവാക്കി.

പാഠം 2: കൂടുതൽ വ്യക്തമാകാൻ ഫരിസർ കാഴ്ചപ്രാപിച്ചവനോട് വീണ്ടും ചോദിച്ചു: നിന്റെ കണ്ണുകൾ തുറന്നെന്നു പറയുന്നവനെപ്പററി നീ എന്തുപറയുന്നു?

www.malankaralibrary.com

മറുപടി: "അദ്ദേഹം ഒരു പ്രവാചകനാണ്" (9,17).

യേശു സാധാരണനായൊരു നല്ല മനുഷ്യൻ മാത്രമല്ല. അതിലുപരി പ്രവാചകനാണ്. ദിവ്യനാണ്. കാഴ്ച യേകുന്നവനാണ്.

ഫരീസർ സമ്മതിക്കില്ല. നിലപാട് മാററില്ല. യേശു ചെയ്ത ഈ സദ്‌വൃത്തി അംഗീകരിക്കാൻപോലും തയ്യാറല്ല. കാഴ്ചലഭിച്ചവൻെറ മാതാപിതാക്കന്മാരെ വിളിപ്പിച്ച് ചോദിച്ചു. മകനെതന്നെ വിളിച്ചുചോദിച്ചുകൊള്ളുക എന്ന് പറഞ്ഞ് അവർ തടിതപ്പി. കാരണം അവർക്ക് യഹൂദരെ ഭയമായിരുന്നു (വാക്യ 22. 23).

ഫരീസർ കാഴ്ചലഭിച്ചവനെ വീണ്ടും വിളിച്ച് യേശുവിനെക്കുറിച്ചുള്ള അവരുടെ അഭിപ്രായം ആവർത്തിച്ചു. യേശു പാപിയാണെന്ന് അവർക്ക് ഖണ്ഡിതമായറിയാം (വാക്യം 24). അവൻെറ മറുപടി ശ്രദ്ധാർഹമാണ്. യേശു പാപിയാണോ എന്ന് അറിഞ്ഞുകൂടാ. എന്നാൽ ഒരു കാര്യം അറിയാം— എനിക്ക കാഴ്ചയില്ലായിരുന്നു, യേശു കാഴ്ചയേകി (വാക്യം 25). കാഴ്ചയില്ലാതിരുന്ന തനിക്ക് കാഴ്ച നൽകിയവനാണ് യേശു എന്ന അനുഭവം അനിഷേദ്ധ്യ സത്യമായി പിറവിക്കുരുടൻ സമർത്ഥിക്കുന്നു. യേശു കാഴ്ച യേകുന്നവനാണ്.

| ഫരീസർ | അന്ധൻ |
|---|---|
| യേശു–പാപി | യേശു– പ്രവാചകൻ– ദിവ്യൻ– കാഴ്ചയേകുന്നവൻ |

പാഠം 3: ഇത്രയുമായിട്ടും ഫരീസർ കൂടുതൽ കഠിനഹൃദയരാവുകയാണ്. അവരുടെ യേശുനിക്ഷേധം കൂടുതൽ ആഴമാർന്നതാകാൻ അവർ വീണ്ടും അയാളോട് അന്വേഷിക്കുന്നു.

www.malankaralibrary.com

കാഴ്ച നൽകുന്ന യേശുവിൻെറ ശിഷ്യരാകാനുള്ള ഒരാഹ്വാനമാണ് ഇത്തവണ അന്ധനിൽ നിന്ന് ഫരീസർക്ക് കിട്ടിയത് (വാക്യം 27). അതും തിരസ്കരിക്കുന്നു. "ഞങ്ങൾ മോശയുടെ ശിഷ്യരത്രേ". മോശയോട് ദൈവം സംസാരിച്ചു (ദൈവത്തിൻെറ നിർദ്ദേശമനുസരിച്ച് മോശ സംസാരിക്കയും പ്രവർത്തിക്കയും ചെയ്തു. മോശ ദൈവത്തിൽനിന്ന് വന്നവനാണ്). എന്നാൽ ഈ മനുഷ്യൻ (നിന്ദ സ്ഫുരിക്കുന്ന പ്രയോഗം) എവിടെ നിന്നാണെന്നു പോലും ഞങ്ങൾക്കറിഞ്ഞുകൂടാ (വാക്യ 28, 29). അവരുടെ നിലപാടാകെ തകർത്തുതരിപ്പണമാക്കുന്ന പ്രത്യുത്തരമാണ് കാഴ്ച പ്രാപിച്ച പിറവിക്കുരുടൻ നൽകിയത്. ഫരീസരുടെ വാദഗതിതന്നെ ഉപയോഗിച്ച് യേശുവിനെക്കുറിച്ചുള്ള അവരുടെ അഭിപ്രായം ഖണ്ഡിക്കുന്നു. അവൻ മറുപടി പറഞ്ഞു: ഇതു വിചിത്രം തന്നെ! അദ്ദേഹം (യേശു) എവിടെനിന്നാണെന്ന് നിങ്ങൾക്കറിയില്ല. എന്നാൽ അദ്ദേഹം എൻെറ കണ്ണുകൾ തുറന്നു. ദൈവം പാപികളെ ശ്രവിക്കില്ലെന്നു നമുക്കറിയാം. എന്നാൽ ദൈവത്തെ ആരാധിക്കുകയും അവിടത്തെ അഭീഷ്ടം പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യനെ ദൈവം ശ്രവിക്കുന്നു. പിറവിക്കുരുടന് കാഴ്ച നൽകിയതായി ലോകാരംഭം മുതൽ ഇന്നേവരെ കേട്ടുകേൾവിപോലുമില്ല. ഈ മനുഷ്യൻ (യേശു) ദൈവത്തിൽ നിന്നല്ലെങ്കിൽ ഇതൊന്നും ചെയ്യാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല (വാക്യ.30–33). യേശു ദൈവനിയുക്തനാണെന്ന് അവൻ സമർത്ഥിക്കുന്നു. യേശു പാപിയല്ല; ദൈവത്തിൽനിന്നു വന്നവനാണ്.

| ഫരീസർ | അന്ധൻ |
|---|---|
| യേശു–ദൈവത്തിൽനിന്നുള്ളവനല്ല; എവിടെ നിന്നു വന്നെന്നുപോലും അറിഞ്ഞുകൂടാ. | യേശു–ദൈവത്തിൽനിന്നുള്ളവനാണ്. |

www.malankaralibrary.com

പരിണതഫലം:

പിറവികുരുടൻ യേശുവിനെക്കുറിച്ചു നൽകിയ സാക്ഷ്യവും അയാൾ ഫരിസേർക്കു നൽകിയ ആഹ്വാനവും അയാളെയും പുറത്താക്കാനത്രേ ഫരീസരെ പ്രേരിപ്പിച്ചതു് (വാക്യം 34). ലോകത്തിന്റെ ദീപ്തിയായ യേശുവിനെ (8, 12) അവർ കല്ലെറിഞ്ഞു് പുറത്താക്കി (8, 59). പ്രപഞ്ചപ്രകാശമായ യേശുവിൽനിന്നു് പ്രകാശം പ്രാപിച്ച പിറവികുരുടനേയും അവർ സമൂഹത്തിൽ നിന്നു പിടിച്ചു പുറത്തിറക്കി (9, 34). തന്റെ ഭാഗധേയം തന്നെ തന്നിൽ നിന്നു് കാഴ്ച പ്രാപിച്ചവനമുണ്ടായതു് യേശു അറിഞ്ഞു. യേശു അയാളെക്കണ്ടു.

പാദം 4: പരിസമാപ്തി

ചോദ്യം: യേശു അവനെ കണ്ടപ്പോൾ ചോദിച്ചു: "നീ മനുഷ്യപുത്രനിൽ വിശ്വസിക്കുന്നുവോ"?

സംശയനിവാരണം: 'കർത്താവേ, ഞാൻ അദ്ദേഹത്തിൽ വിശ്വസിക്കേണ്ടതിനു് അദ്ദേഹം ആരാകുന്നു?'

മറുപടി: യേശു പറഞ്ഞു: "നീ അദ്ദേഹത്തെ കണ്ടു കഴിഞ്ഞു"

പ്രതികരണം: "കർത്താവേ, ഞാൻ വിശ്വസിക്കുന്നു' എന്നു പറഞ്ഞുകൊണ്ടു് അവൻ അദ്ദേഹത്തെ ആരാധിച്ചു" (വാക്യ.35–38).

പിറവികുരുടൻ പൂർണ്ണകാഴ്ചയിലെത്തുന്നു. തന്റെ കണ്ണു തുറന്നു തന്ന യേശുവിനെ മനുഷ്യപുത്രനും കർത്താവുമായി കാണുന്നു.

"മനുഷ്യപുത്രൻ" എന്ന നാമധേയം യേശു തന്നെപ്പററി തന്നെ ഉപയോഗിക്കുന്നുവെന്നാണു് സുവിശേഷകൻ സകലിടത്തും രേഖപ്പെടുത്തുക. ഇവിടെ യേശു സ്വയം വെ

www.malankaralibrary.com

ളിപ്പെടുത്തുകയുമത്രേ. ഇതുപോലെ 1, 51; 3, 13; 6, 53-62 എന്നീ സുവിശേഷഭാഗങ്ങളിലും യേശു സ്വയാവിഷ്ക്കാരം നടത്തുന്നുണ്ടല്ലോ. യേശുവിന് ഏററവും താല്പര്യമുള്ള സംജ്ഞയും 'മനുഷ്യപുത്രൻ' എന്നതാണെന്നു തോന്നുന്നു.

'മനുഷ്യപുത്രൻ' എന്ന നാമപദം ദാനിയേലിന്റെ ദർശനത്തോട് (7, 13 ഇത്യാദി) ബന്ധപ്പെട്ടതാണ്. ദാനിയേലിന്റെ ദർശനത്തിൽ 'മനുഷ്യപുത്രനെ'പ്പോലൊരുവൻ പ്രതിനിധാനം ചെയ്യുന്നത് ഇസ്രായേലിനെയാണല്ലോ. മഹത്വീകൃതമായ ഇസ്രയേലിനെ. ദൈവത്തിന്റെ നിത്യമായ രാജ്യത്തെ. യേശു 'മ നു ഷ്യ പു ത്രൻ' എന്ന സംജ്ഞ സ്വയം ഉപയോഗിച്ചതിന്റെ അർത്ഥമിതത്രേ. യേശു രക്ഷയാണ്. ലോകത്തിൽ ദൈവമഹത്വത്തോടെ ജീവിക്കുന്നവൻ. യേശുവിൽ ഭൂസ്വർഗ്ഗങ്ങൾ സമഞ്ജസ്സമായി സമ്മേളിച്ചിരിക്കുന്നു.

ആദിമസഭയുടെ ക്രിസ്തീയ വിശ്വാസപ്രഖ്യാപനത്തിലെ സുപ്രധാനമായൊന്നാണ് യേശുവിനെ 'കർത്താവ്' എന്നു വിളിക്കുക. എന്നാൽ 9, 35ൽ കാഴ്ചപ്രാപിച്ചവൻ യേശുവിനെ 'കർത്താവ്' എന്നു വിളിക്കുന്നത് അതിന്റെ ക്രിസ്തീയാർത്ഥത്തിലാവണമെന്നില്ല. ഏതായാലും കാഴ്ച നഷ്ടപ്പെട്ടിരുന്നവന് യേശു കാഴ്ചയേകി. കാഴ്ച കിട്ടിയതോടെ യേശുവിനെ തിരിച്ചറിയാനും അവനിടയായി. 'അദ്ദേഹം എവിടെയെന്ന് എനിക്കറിയില്ല' എന്നു പറഞ്ഞവൻ യേശുവിനെ നേരേ മുന്നിൽ കണ്ടു (9,37). വാസ്തവത്തിൽ യേശു സ്വയം അവന് കാണിച്ചുകൊടുക്കുകയായിരുന്നു. യേശുവിനെ തിരിച്ചറിയാൻ യേശുതന്നെ അവനെ സഹായിച്ചു. ഇതാണല്ലോ പ്രകാശപ്രാപ്തിയുടെ പരിസമാപ്തിയും. യേശുവിൽനിന്നു കാഴ്ച നേടി അങ്ങയെ രക്ഷയും രക്ഷകനുമായി കണ്ടെത്തി. അങ്ങേയ്ക്കു സ്വയം സമർ

www.malankaralibrary.com

പ്പിച്ചു. "കർത്താവേ, ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞ് അവൻ യേശുവിനെ ആരാധിച്ചു" (9, 38). അയാൾ രക്ഷയുടെ അനുഭവത്തിലെത്തി. പ്രകാശപൂർണ്ണതയിലെത്തിച്ചേർന്നു.

അന്ധനായിരുന്നവന്റെ അനുഭവത്തിനു നേരെ വിപരീതമാണ് ഫരീസരുടേത്. അവരുടെ ഹൃദയകാഠിന്യം നിമിത്തം അവർ കൂടുതൽ അന്ധരായിത്തീരുകയാണുണ്ടായത്. അവർ അറിഞ്ഞുകൊണ്ട് അന്ധത ക്ഷണിച്ചുവരുത്തി. കാഴ്ച നിരോധിച്ചു. അതിനാൽ അവർ അപരാധികളാണ് (9,40—41). "കാഴ്ചയില്ലാത്തവർ കാണുകയും കാഴ്ചയുള്ളവർ കൂടുതൽ അന്ധരായിത്തീരുകയും ചെയ്യേണ്ടതിന് ന്യായവിധിക്കായത്രേ ഞാൻ ഈ ലോകത്തിലേക്കു വന്നിരിക്കുക"—യേശു പറഞ്ഞു (9, 39). തങ്ങൾക്ക് നിയമവും പ്രവാചകന്മാരുമെന്ന വെളിച്ചമുണ്ടെന്നും എല്ലാം അറിയാമെന്നും നിയമജ്ഞരും ഫരീസരും ഭാവിച്ചു. ഇനിയൊന്നും അറിയാനില്ല. ദൈവികവെളിപാട് തങ്ങളുടെ കുത്തകയും പൈതൃകവുമായുണ്ട്. വേറൊരു വെളിപാടാവശ്യമില്ല. യേശുക്രിസ്തുവിൽ ദൈവമേകിയ വെളിപാട് അവർ ബോധപൂർവ്വം തിരസ്കരിച്ചു. കണ്ണും കാഴ്ചയുമുള്ളവരെന്നു സ്വയം കരുതി. പ്രപഞ്ചത്തിന്റെ പ്രകാശമായി ദൈവം നൽകിയ യേശുവിനെ അവർ മനഃപൂർവ്വം നിരാകരിച്ചു. അങ്ങനെ സ്വയം തമസ്സിലമർന്ന് കാഴ്ചയുണ്ടായിരുന്നവർ കാഴ്ചയില്ലാത്തവരായി. അവർക്കു യേശു ന്യായവിധിയായി. യേശു അവരെ വിധിച്ചില്ല. എങ്കിലും ഫലത്തിൽ അങ്ങനെയായി. ഇതുപോലെ പ്രവാചകന്മാരും അവരെ സ്വീകരിക്കാത്തവർക്ക് ശിക്ഷാവിധിയായിട്ടുണ്ടല്ലോ (ഏശ. 6, 9 മുതൽ വാക്യങ്ങൾ).

ജീവനേകാനത്രേ യേശു ആഗതനായത്. മനുഷ്യർക്ക് ജീവൻ സമൃദ്ധിയായി നൽകാൻ (യോഹ 10, 10).

www.malankaralibrary.com

പക്ഷേ മനഃപ്പൂർവ്വമായ അവിശ്വാസംമൂലം യേശു ശിക്ഷാവിധിയായി മാറുന്നു. യേശുവിനെ അറിഞ്ഞിട്ടും സ്വീകരിക്കാത്തവർക്ക് അവിടുന്നു ശിക്ഷാവിധിയാണ്. അവിശ്വാസി സ്വയം വിധിക്കയത്രേ.

മനുഷ്യൻ സ്വയം വിധിക്കുന്നു എന്നതാണ് യോഹന്നാൻെറ കാഴ്ചപ്പാട്. ഇതു് യോഹന്നാൻെറ മാത്രം കാഴ്ചപ്പാടല്ലെന്നു് ബൈബിളിലെ ആദ്യാദ്ധ്യായങ്ങൾ വ്യക്തമാക്കുന്നു. ആദവും ഹവ്വായും ദൈവകല്പന ധിക്കരിച്ചു് സ്വയം തീരുമാനം നടപ്പാക്കി. നന്മതിന്മകളുടെ അറിവിൻെറ വൃക്ഷത്തിൻെറ ഫലം ഭക്ഷിച്ചു. നന്മതിന്മകളുടെ മാനദണ്ഡമായി സ്വയം പ്രതിഷ്ഠിച്ചു. അപ്പോൾ തങ്ങൾ ചെയ്തതു് തെററന്നു് അവർക്കു തെളിവാർന്നു കാണായി. അവർ സ്വയം കണ്ടു; സ്വയം വിധിച്ചു. കുററബോധത്തിൻെറ അഗാധതലങ്ങളിലമർന്ന അവർ ദൈവത്തിൽ നിന്നു് ഒളിക്കാനുള്ള തത്രപ്പാടിലായി. യാഹ്‌വേ അവരെ വിളിക്കുമ്പോൾ അവർ സ്വയം കല്പിച്ച ശിക്ഷാവിധി അനുഭവിക്കയായിരുന്നു! ഇതാണല്ലോ നമ്മുടെ അനുദിനാനുഭവവും. അച്ചൻെറ ആജ്ഞക്കെതിരു പ്രവർത്തിക്കുന്ന കുട്ടികൾ അച്ചൻ വരുന്നതുവരെ ഭയവിഭ്രമങ്ങളോടെ ഒളിഞ്ഞും മറഞ്ഞും കഴിയുമല്ലോ. അച്ചൻ വരുമ്പോൾ ലാളിക്കാനായി വിളിച്ചാൽപ്പോലും വിളികേൾക്കുന്ന മാത്രയിൽ മനസ്സിലുതിരുന്ന ആദ്യചിന്ത ചോദ്യം ചെയ്യാനാണ് തന്നെ വിളിക്കുകയെന്നാവും. അച്ചനെ അഭിമുഖീകരിക്കാനേ ഭയം. ഇവിടെ എന്താണുണ്ടാവുക? തെററുചെയ്ത കുട്ടി സ്വയം ശിക്ഷിക്കുകയല്ലേ? അവനെ സംബന്ധിച്ചു് അച്ചൻ ശിക്ഷാവിധിയാകുന്നു. എന്നാൽ അച്ചൻെറ ആജ്ഞ അനുവർത്തിച്ചവനോ? അച്ചൻെറ ആഗമനം അത്യാകാംക്ഷയോടെ കാത്തിരിക്കുന്നു. അദ്ദേഹത്തിൻെറ വരവ് അവനിൽ ആനന്ദമേറുന്നു. ഇതുപോലെയാണ് ദൈവത്തെ സ്വീകരിക്കുന്നവൻേറയും അനുഭവം.

www.malankaralibrary.com

ഈശ്വരനിഷേധികൾ ഏറെയുണ്ട്. ഏറി വരികയുമാണല്ലോ. ഈശ്വരാവബോധം ഇല്ലാഞ്ഞല്ല പലരും ഈശ്വരനെ നിഷേധിക്കുക. ഈശ്വരവിശ്വാസരാഹിത്യത്താലുമല്ല. സ്വന്തം ദുഷ്ചെയ്തികളെ സ്വന്തം മനസ്സാക്ഷിയോ അസ്തിത്വബോധത്തിന്റെ അടിസ്ഥാനമായ ഈശ്വരാവബോധമോ കുററപ്പെടുത്തുമ്പോൾ തെററ് തിരുത്താൻ മനസ്സില്ലാഞ്ഞ് സ്വയം നീതീകരിച്ച് പെട്ടെന്ന് രക്ഷനേടാനായി ഈശ്വരനെ നിഷേധിക്കുകയത്രേ.

ഇപ്പറഞ്ഞ കൂട്ടരെപ്പോലെയാണ് സുവിശേഷങ്ങളും അവ ചൂണ്ടിക്കാണിക്കുന്ന ക്രിസ്തുവിനേയും അങ്ങയുടെ തുടർച്ചയായ സഭയേയും തിരസ്കരിക്കുന്നവരിൽ നല്ലൊരു ശതമാനം. സഭാംഗങ്ങളിൽ തന്നെ എത്രയോ പേർ ക്രിസ്തുവിനേയും സഭയേയും കുറിച്ച് വികലമായ ധാരണ പുലർത്തുന്നു ! ഇവരുടെ (വികലമായ) ധാരണയാണ് ലോകത്തിലെല്ലാവരും സ്വീകരിക്കേണ്ട ശരിയായ ധാരണയെന്നാണവരുടെ ഭാവം! അതിന്റെ പോരായ്മകൾ ചൂണ്ടിക്കാട്ടിയാലും തിരുത്തില്ല. ക്രിസ്തുവിനെക്കുറിച്ചും സഭയെക്കുറിച്ചും പരമ്പരാഗതമായി കരുതിവച്ചിരിക്കുന്ന അബദ്ധങ്ങൾ അണുവിട തിരുത്താൻ അവർ സന്നദ്ധരല്ല. ഇതുമാത്രമല്ല തകരാറ്. ക്രിസ്തുവിനെക്കുറിച്ചും സഭയെക്കുറിച്ചും തങ്ങൾക്ക് സകലതും അറിയാമെന്നുമാണ് ഭാവം. എന്നോടുതന്നെ ചിലർ പറഞ്ഞിട്ടുണ്ട്: അച്ചൻ അച്ചനാകുന്നതിനുമുമ്പുതന്നെ സഭയെന്താണെന്ന് എനിക്കറിയാം; അച്ചനറിഞ്ഞുകൂടാ....". സമ്മതിച്ചു. പിന്മാററാതെ രക്ഷയുണ്ടോ? സത്യമറിഞ്ഞിട്ടും നിഷേധിക്കുന്ന മാന്യന്മാരെയും നമുക്കറിയാമല്ലോ. സ്വാധീനത്തിന്റെ മുഷ്ക്കുകൊണ്ട് സത്യത്തെ അടിച്ചമർത്തുന്ന സഭാ നേതാക്കന്മാരും രാഷ്ട്രീയ നേതാക്കന്മാരും നമ്മുടെയിടയിൽ കുറവല്ലല്ലോ. സത്യത്തിന്റെ മാനദണ്ഡമായി സ്വാഭീഷ്ടംമാത്രം

www.malankaralibrary.com

പ്രതിഷ്ഠിക്കുന്നവർ ഈശ്വരനിഷേധികളും കവർച്ചക്കാരുമാണ്. ഫരിസേയർക്കും ദൈവ വെളിപാട് സകലതുമറിയാമായിരുന്നു. 'വെളിച്ചമുണ്ടായിരുന്നു'. അവർക്ക് ഇനി കാഴ്ച ലഭിക്കേണ്ടതില്ല! ഫലമോ? തികഞ്ഞ അന്ധതയുടെ അഗാധഗർത്തങ്ങളിൽ പതിക്കുന്നു. രക്ഷപെടാനാവാത്ത വീഴ്ച.

| ഫരീസർ | അന്ധൻ |
|---|---|
| കൂടുതൽ അന്ധരായി. ശിക്ഷാവിധിക്കിരയായി. —ഹൃദയകാഠിന്യം നിമിത്തം | കൂടുതൽ കാഴ്ച കിട്ടി. മനുഷ്യപുത്രൻ (രക്ഷകൻ) ആയ യേശുവിനെ കണ്ടു, അങ്ങിൽ വിശ്വസിച്ചു. അർപ്പിച്ചു. രക്ഷനേടി. —ഹൃദയനൈർമ്മല്യംമൂലം. |

അന്ധന്റെ ശാരീരിക സുഖപ്രാപ്തി ആദ്ധ്യാത്മിക സുഖപ്രാപ്തിയുടെ അടയാളവുമാണ്. യേശുവിനെക്കുറിച്ച് കൂടുതൽ പൂർണ്ണമായൊരു കാഴ്ചപ്പാടിലെത്താൻ അയാൾ ഒട്ടുദൂരം സഞ്ചരിക്കേണ്ടിവന്നു. എന്തെല്ലാം പ്രതിബന്ധങ്ങൾ നേരിട്ടു! മാതാപിതാക്കന്മാർപോലും ഭീരുക്കളായി കൈയ്യൊഴിഞ്ഞു. അസൂയാഭ്രാന്തരായ നേതാക്കന്മാരുടെ ഭീഷണി. മതസമുദായ ബന്ധത്തിൽനിന്ന് ബഹിഷ്കരിക്കുമെന്ന്! ഇതെല്ലാം അതിജീവിച്ച് അന്ധൻ ശാരീരികവും ആന്തരികവുമായ കാഴ്ച നേടുകയും അക്കാര്യം സധൈര്യം സാക്ഷിക്കുകയും ചെയ്യുന്നു. അതേസമയം കാഴ്ചയുള്ള കഠിനഹൃദയരായ ഫരീസർ കൂടുതൽ അന്ധരായിത്തീർന്നു. കാണുവാൻ കഴിയാമായിരുന്നിട്ടും മനഃപ്പൂർവ്വം കാഴ്ച നിരോധിച്ച് പാപം നിലനിർത്തി ശിക്ഷാവിധി വരുത്തിവച്ചു.

www.malankaralibrary.com

പ്രിയ സുഹൃത്തേ, ഇത്രയും വായിച്ചതിൽനിന്ന് നിങ്ങളുടെ ജീവിതത്തെക്കുറിച്ച് എന്തു തീരുമാനിച്ചു? കാഴ്ചയുണ്ടെന്നു ഭാവിച്ച് ഇനിയൊന്നും കൂടുതൽ കാണാനും അറിയാനുമില്ലെന്നുറച്ച് നീങ്ങാമോ? യേശുവിനെക്കുറിച്ചും സഭയെക്കുറിച്ചും താങ്കൾക്കുകൂടുതൽ അറിയണമെന്നുണ്ടോ? എങ്കിൽ ഫരിസേയമനസ്ഥിതി മാററൂ. പിറവിക്കുരുടന്റെ മനോഭാവം പുലർത്തുക. അനുനിമിഷാനുഭവങ്ങളോരോന്നും കഴിയുമ്പോൾ താങ്കളെക്കുറിച്ചും യേശുവിനെക്കുറിച്ചും ഉപരി ആഴമാർന്നൊരുൾക്കാഴ്ചയിലെത്താൻ കഴിയുന്നുണ്ടോ? നിങ്ങൾക്ക് യേശു ഒരു നല്ല മനുഷ്യൻ മാത്രമാണോ? നന്മചെയ്യുന്നവൻ എന്നു മാത്രമേയുള്ളോ? എങ്കിൽ ദർശനം പൂർണ്ണമല്ല.

അനേകർ യേശുവിനെ കണ്ടെത്തിയിട്ടുണ്ട്. കാണുന്നുമുണ്ട്. നല്ല മനുഷ്യനായി മാത്രം. അല്ലെങ്കിൽ നന്മചെയ്യുന്നവൻ എന്നുമാത്രം. യേശുവിനെ ഒരു വിപ്ലവകാരിയും സാമൂഹ്യപരിഷ്ക്കർത്താവുമൊക്കെയായി കാണുന്നവരുമുണ്ടല്ലോ. ഇതൊക്കെയാണ് യേശു. പക്ഷേ ഇത്രമാത്രമല്ല.

യേശു പ്രവാചകൻ മാത്രമല്ല. പ്രപഞ്ചവിധാതാവും ലക്ഷ്യവുമായ ദൈവപിതാവിനെപ്പററി പ്രഖ്യാപിക്കയോ ചൂണ്ടിക്കാട്ടുകയോ ചെയ്യുന്ന ഈശ്വരനിയുക്തൻ മാത്രമല്ല. അവിടുന്ന് പ്രകാശമാണ്. ലോകത്തിന്റെ വെളിച്ചവും വഴിയും. വെളിച്ചമേകുന്ന വഴിയും, വഴികാട്ടുന്ന വെളിച്ചവും. ഈശ്വരദർശനത്തിന് കണ്ണുകൾ തുറന്നു തരുന്നവനും ഈശ്വരനിലേക്കാനയിക്കുന്നവനും. അവിടുന്ന് മനുഷ്യപുത്രൻതന്നെ. എന്റെയും നിങ്ങളുടെയും രക്ഷകൻ. നിങ്ങളുടെ സമഗ്ര സമുദ്ധാരകനായി യേശുവിനെക്കാണാനാഗ്രഹിക്കുന്നോ?

---

www.malankaralibrary.com

# VI

# കാഴ്ചയ്ക്കു കേഴുക

35) യേശു ജറിഹോയ്ക്കടുത്തെത്തി. അപ്പോൾ ഒരു കുരുടൻ വഴിയരികിലിരുന്ന് ഭിക്ഷയിരക്കുന്നുണ്ടായിരുന്നു. 36) അയാൾ ജനക്കൂട്ടത്തിന്റെ കാൽപ്പെരുമാററം കേട്ടു. എന്താണു സംഭവിക്കുക? അയാളന്വേഷിച്ചു. 37) ചുററും നിന്നവർ പറഞ്ഞു. നസ്രായൻ യേശു ഇതുവഴികടന്നുപോകുന്നു. 38 അപ്പോൾ അയാൾ ഉറക്കെക്കേണു. "ദാവീദുപുത്രനായ യേശുവേ, എന്നിൽ കനിയേണമേ". 39) മിണ്ടാതിരിക്കാൻ മുമ്പേ പൊയ്ക്കൊണ്ടിരുന്നവർ അയാളെ ശകാരിച്ചു. പക്ഷേ അയാൾ കൂടുതൽ ഉയർന്നസ്വരത്തിൽ വിളിച്ചുകൊണ്ടേയിരുന്നു: 'ദാവീദുപുത്രാ, എന്നിൽ കനിയേണമേ' 40) യേശു അവിടെ നിന്നു. അയാളെ തന്റെ അടുത്തുകൊണ്ടുവരാൻ നിർദ്ദേശിച്ചു. 41) അയാൾ അടുത്തുവന്നപ്പോൾ ചോദിച്ചു. 'ഞാൻ നിനക്ക് എന്തു ചെയ്യാനാണ് ആഗ്രഹിക്കുക?' അയാൾ പ്രത്യുത്തരിച്ചു: 'കർത്താവേ, എനിക്ക് കാഴ്ച വീണ്ടുകിട്ടണം' 42) യേശു കൽപ്പിച്ചു. 'നിനക്കു കാഴ്ചയുണ്ടാകട്ടെ. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു'. 43) തൽക്ഷണം അയാൾക്കു കാഴ്ചയുണ്ടായി. അയാൾ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് യേശുവിന്റെ പിന്നാലെ പോയി. ഇതു കണ്ട് സകലരും ദൈവത്തെ സ്തുതിച്ചു (ലൂക്കോസ് 18, 35- 43).

കണ്ണുണ്ടെങ്കിലും കാണാത്തവരുണ്ട്. കണ്ണില്ലാഞ്ഞ് കാണാത്തവരുമുണ്ട്. ഇരുകൂട്ടർക്കും കാഴ്ചയില്ല. ചിലർ ജന്മനാ അന്ധരാണ്. ചിലർക്ക് കാഴ്ചനഷ്ടപ്പെട്ടതു് ബാഹ്യലോകത്ത് ജീവിതമാരംഭിച്ചതിനുശേഷമാണ്. ഇത്തരം ഒട്ടേറെപ്പേരെ നമുക്കൊക്കെ അറിയാമല്ലോ. 1981 ആദ്യം

www.malankaralibrary.com

പൂനലൂർ പത്തനാപുരം എക്സ്ചേഞ്ചുകളിൽ മദ്യവിഷം ചിലരുടെ കാഴ്ച നഷ്ടപ്പെടുത്തി. അഞ്ചാംപനി പിടിപെട്ട് അന്ധരായവരേയും നമുക്കറിയാം. ബീഹാർ ജയിലിൽക്കഴിഞ്ഞ ചില തടവുകാരുടെ കണ്ണ് അധികൃതർ നശിപ്പിച്ച വിവരവും പത്രങ്ങളിൽനിന്ന് ഭാരതീയർക്കറിയാം. ഇവരെല്ലാം ഒരു കാര്യത്തിൽ തുല്യരത്രെ. എല്ലാവരും കാഴ്ച ശക്തിയില്ലാത്തവരാണ്. എല്ലാവരും ഒരുപോലെ ആഗ്രഹിക്കുന്നതു് കാഴ്ചയും.

കാഴ്ചയുള്ളവനായി ജനിച്ചെങ്കിലും ജീവിതത്തിലൊരിക്കൽ നിർദ്ദയദുർവിധി കാഴ്ച തട്ടിപ്പറിച്ചുകളഞ്ഞ ഒരുവനെയാണ് സുവിശേഷകനായ ലൂക്കോസ് പതിനെട്ടാം അദ്ധ്യായത്തിലവതരിപ്പിക്കുക. അന്ധനായ നാം മുതൽ ഭിക്ഷയിരന്നു ജീവിച്ചു. കാതിനും കാലിനും കരങ്ങൾക്കും നാവിനും മനസ്സിനും ഹൃദയത്തിനും കുഴപ്പമൊന്നുമില്ല. മുഴുവാണ് ഹൃദയം. മററുള്ളവരെ കേൾക്കാം. മനസ്സിലാക്കാം. നന്മയ്ക്കാഗ്രഹമുണ്ട്. കാഴ്ച വീണ്ടുകിട്ടുകയാണ് ജീവിതത്തിലെ ഏക ആഗ്രഹം. സാദ്ധ്യമോ? എവിടെച്ചെന്നാൽ ലഭിക്കും? അയാളന്വേഷിക്കുന്നുണ്ടായിരുന്നു. കാഴ്ച നഷ്ടപ്പെട്ടപ്പോൾ മുതൽക്കേയുള്ള അന്വേഷണം. അങ്ങനെയൊരുനാൾ യേശുവിനെപ്പററി കേട്ടു. കാഴ്ചയേകുന്ന നസ്രായനെപ്പററി. ദിവ്യശക്തിയുള്ള ദാവീദാത്മജനെപ്പററി. പ്രകാശധോരണിയിലേക്കു ദീപ്തിപൂർണ്ണതയിലേക്കും പ്രപഞ്ചത്തെ പുനരേകീകരിക്കുന്ന സ്വർഗ്ഗീയപ്രകാശമായ യേശുവിനെപ്പററി. അവിടുത്തെ പക്കലെത്താൻ കഴിഞ്ഞെങ്കിൽ! അവിടുന്ന് ഭിക്ഷാദാതാവായി വന്നെങ്കിൽ! അയാളാശിച്ചു.

പതിവുപോലെ അന്നും അയാൾ ആ വഴിയരികിലിരുന്നു. ആഗ്രഹങ്ങളെ താലോലിച്ചുകൊണ്ടു്. ആശയും ആവശ്യവുമുണർത്തിച്ചുകൊണ്ടു്. കാതും കാവും നീട്ടി

www.malankaralibrary.com

യിരുന്നു. അതു് അയാൾക്കു് പുണ്യദിനമായിരുന്നു. അയാളുടെ ആശ ഫലിച്ചു.

യേശുവിനെപ്പററി കേട്ടിട്ടേ ഉണ്ടായിരുന്നുള്ളു. എങ്കിലും അവിടത്തെ കരുണയിൽ അവനു വിശ്വാസമുണ്ടായിരുന്നു. കരുണയ്ക്കായി കേണു. യേശു കേട്ടു. അയാളുടെ ആശയും ആവശ്യവുമറിയാമായിരുന്നിട്ടും ചോദിച്ചു എന്താണ് വേണ്ടതെന്നു്. അയാൾക്കു് യേശുവിൽനിന്നു് വേണ്ടതു് നാണയത്തുട്ടുകളല്ല. കാഴ്ചയാണ്. "എനിക്കു കാഴ്ച തിരിച്ചു കിട്ടണം; എനിക്കു നഷ്ടപ്പെട്ടുപോയ കാഴ്ച അങ്ങു നൽകണം". യേശു നൽകി.

ജന്മനാലോ ജീവിതത്തിലോ കാഴ്ചയില്ലാതായവർക്കെല്ലാം യേശു കാഴ്ചയേകും. ഇന്നു് മിക്കവർക്കും യേശുവിൽനിന്നു വേണ്ടതു് നാണയത്തുട്ടുകളാണ്; നോട്ടുകെട്ടുകളാണ്; കാഴ്ചയല്ല.

യേശു നൽകിയ ശാരീരിക കാഴ്ച ആന്തരിക കാഴ്ചയും ഉൾക്കൊള്ളുന്നു. ഓരോരുത്തർക്കും അവനവനെപ്പററിയും അന്യരെപ്പററിയും യേശുവിനെപ്പററിയും സമഗ്ര ദർശനം നൽകാൻ യേശുവിനേ കഴിയൂ.

പ്രിയ വായനക്കാരാ, നിങ്ങൾ നിങ്ങളെപ്പററിയും യേശുവിനെപ്പററിയും സഹോദരനെപ്പററിയും ജന്മനാ അന്ധനാകാം. അല്ലെങ്കിൽ ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ അന്ധനായിത്തീർന്നതാകാം; ഉണ്ടായിരുന്ന കാഴ്ച ക്രമശ്ശയോ പെട്ടെന്നോ നഷ്ടീഭവിച്ചതാവാം. നിരാശനാവേണ്ട. നിങ്ങൾക്കു കാഴ്ച നൽകാൻ യേശുവിനു സാധിക്കും; മനസ്സുമുണ്ട്. നിങ്ങൾ അങ്ങയോടാവശ്യപ്പെട്ടുമോ?

ജറിഖോയിൽ കാഴ്ച പ്രാപിച്ചവൻ യേശുവിനെയും ദർശിച്ചതിനാലാണല്ലോ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടു് യേശുവിനെ അനുഗമിച്ചതു്.

www.malankaralibrary.com

ഈ പ്രസാദം ക്രിസ്ത്യാനിയുടെ കുത്തകയല്ല. അതു് വ്യക്തമാകുംവിധമാണു് ലൂക്കോസ് സുവിശേഷകൻ സംഭവം വിവരിക്കുക. അതേ സംഭവം സുവിശേഷകനായ മർക്കോസും അവതരിപ്പിക്കുന്നുണ്ടു്. അതിൽ യഹൂദ പശ്ചാത്തലം പ്രകടമാണു്. ജറിഖോയിൽനിന്നു പുറത്തുപോകുമ്പോഴാണു് യേശു കാഴ്ചയേകിയതു്. യോർദ്ദാൻ താഴ്‌വരയിലെ ഒരു യഹൂദ നഗരമാണു് ജറിഖോ. ജറുസലേമിനു് പതിനെട്ടു മൈൽ അകലെ വടക്കുകിഴക്കു്. ലൂക്കോസിൻെറ വിവരണത്തിൽ ജറിഖോയിൽ പ്രവേശിക്കുന്നതിനു മുമ്പാണു് സംഭവം ക്രമീകരിച്ചിരിക്കുക. അതുപോലെ ഇരുവരും സ്വീകരിച്ചിരിക്കുന്ന വിവരണഘടനകളും വ്യത്യസ്തമാണു്. മർക്കോസ് ചെയ്യുമ്പോലെ ലൂക്കോസ് അന്ധനു് എബ്രായ നാമം നൽകുന്നില്ല. മർക്കോസ് അന്ധൻെറ പേരു പറയുന്നു: 'ബർതിമേയൂസ്'. തിമേയൂസിൻെറ പുത്രനെന്നർത്ഥം. മർക്കോസിൻെറ വിവരണത്തിൽ അന്ധൻ യേശുവിനെ 'റബ്ബോ' (റബ്ബോനി) എന്നു് ആശ്ചര്യപൂർവ്വം സംബോധന ചെയ്യുന്നു (10,52). അതും എബ്രായരീതിയാണു്. ഇക്കാര്യവും ലൂക്കോസിൻെറ സുവിശേഷത്തിലില്ല. കൂടിനിന്നവരെല്ലാം ദൈവത്തെ സ്തുതിച്ചുവെന്ന പ്രസ്താവന ആവർത്തിച്ചിട്ടുമുണ്ടു്. ഏതെങ്കിലും പ്രത്യേക വിഭാഗത്തിനുമാത്രം നീക്കിവെച്ചിട്ടുള്ള ദിവ്യാനുഗ്രഹമല്ല യേശുവിൽനിന്നുള്ള കാഴ്ചപ്രാപ്തി എന്നു വ്യക്തമാക്കുകയാണു് സുവിശേഷകൻ. പക്ഷേ ആരായാലും യേശുവിനോടു് ആവശ്യപ്പെടണം. വിശ്വാസത്തോടെ കേഴുക: "എനിക്കു കാഴ്ച ലഭിക്കണം".

www.malankaralibrary.com

# VII

# കണ്ണാടിയിൽ കാണുക

മററുള്ളവരുടെ മുമ്പിൽ മോശക്കാരാകരുതെന്നാഗ്രഹിക്കുന്നവരാണ് നാം. അന്യരെക്കൊണ്ട് ആവുന്നത്ര മാർക്കിടീക്കാൻ നാം സ്വയം വിലയിരുത്തേണ്ടതുണ്ട്. കണ്ണാടിയിൽ സ്വയം കാണണം. ചിലർ കണ്ണാടിയ്ക്കുമുമ്പിൽ മണിക്കൂറുകളെടുക്കുമെന്നാണ് കേൾവി. ഷേവ് ചെയ്യുന്നവരും പൊട്ടുകുത്തുന്നവരും മീശമിനുക്കുന്നവരും താടി തഴുകുന്നവരുമെല്ലാം മുഖക്കണ്ണാടിയിൽ സ്വയം വീക്ഷിച്ച് തൃപ്തിയടഞ്ഞിട്ടേ പരസ്യപ്രക്ഷേപണത്തിന്നിറങ്ങൂ. ആർക്കും സ്വന്തം മുഖം സ്വയം നേരിട്ട് കാണാനാവില്ല. എന്തിനാണിങ്ങനെ നമ്മെ രൂപപ്പെടുത്തിയതെന്ന പ്രശ്നത്തിലേക്കു കടക്കുന്നില്ല. ഏതായാലും നമുക്ക് നമ്മുടെ മുഖം കാണാൻ കണ്ണാടിയിൽ പ്രതിഫലിപ്പിക്കണം. നമ്മുടെമുഖസൗന്ദര്യം കുറയ്ക്കുന്നതെന്തെങ്കിലുമുണ്ടോയെന്ന് കൂടെക്കൂടെ കണ്ണാടിയിൽ നോക്കി പരിശോധിക്കുക നല്ലതാണ്.

ആന്തരികമായ സ്വയദർശനത്തിനും മാനദണ്ഡമാവശ്യമാണ്. മററാരെയുംകാൾ നമ്മെ അറിയുന്നത് നാം തന്നെയാണ്. മററാർക്കും കാണാനാവാത്ത നമ്മുടെ രഹസ്യങ്ങളെല്ലാം നമുക്കു കാണാം; അറിയാം. എങ്കിലും ആന്തരികസ്ഥിതി വ്യവച്ഛേദിച്ചറിയാൻ മറെറാരു മാനദണ്ഡത്തോട്—നന്മയോട്— താരതമ്യം ചെയ്യണം. ഉപരി നന്മയായൊരു മാനദണ്ഡത്തിലൂടെ ദർശിച്ചാലേ നമ്മുടെ ആന്തരികനന്മതിന്മകൾ തിരിച്ചറിയാനാവൂ. എനിക്കു ഞാൻ തന്നെ മാനദണ്ഡമായാൽ ഞാൻ എനിക്കുവേണ്ടി ചെയ്യുന്നതെല്ലാം ശരിയാവുമല്ലോ. നമ്മെക്കുറിച്ച് നമുക്കറിയാവുന്ന സംഗതികൾപോലും ശരിയോ തെററോ എന്നറിയണ

www.malankaralibrary.com

മെങ്കിൽ യഥാർത്ഥവെളിച്ചത്തിൽ കാണണം. ഉപരിനന്മയായൊരു യാഥാർത്ഥ്യത്തിലൂടെ വിലയിരുത്തണം. കൂടുതൽ തെളിവാർന്നൊരു പ്രവാഹത്തിലൂടെ പ്രതിഫലിപ്പിച്ചുകാണണം. അനന്യനവും തീർത്തും വിശദനീയവുമായ മാനദണ്ഡമാണ് യേശുക്രിസ്തു. അങ്ങയേയും അന്യരയും നമ്മെത്തന്നെയും വ്യക്തമായും അന്യൂനമായും യേശു നമുക്കു വെളിപ്പെടുത്തിത്തരും.

## യേശുവെൻെറ മുഖക്കണ്ണാടി

യേശുവിനെ അവിടുന്നായിരിക്കുംവിധം കണ്ടെത്തിയ പലരുടെ ജീവിതാനുഭവങ്ങൾ പുതിയനിയമത്തിലുണ്ട്.

### ലോക പാപമേറുന്ന ദൈവകുഞ്ഞാട്.

യോഹ. 1, 29–36

29) പിറെറന്നാൾ യേശു തൻെറ അടുത്തേക്കാഗതനാകുന്നതു കണ്ട് സ്നാപകൻ പറഞ്ഞു; 'ഇതാ, ലോകത്തിൻെറ പാപം നീക്കുന്ന ദൈവകുഞ്ഞാട്'. 30) എൻെറ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണെന്ന് ഞാൻ പറഞ്ഞത് ഇദ്ദേഹത്തെപ്പററിയാണ്. കാരണം എനിക്ക് മുമ്പേ ഇദ്ദേഹമുണ്ടായിരുന്നു. 31) ഞാനും ഇദ്ദേഹത്തെ അറിഞ്ഞിരുന്നില്ല. എന്നാൽ ഇദ്ദേഹത്തെ ഇസ്രായേലിനു വെളിപ്പെടുത്താൻ വേണ്ടിയാണ് ഞാൻ വന്ന് ജലസ്നാനം നൽകുക. 32) ആത്മാവ് പ്രാവിൻെറ രൂപത്തിൽ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന് അദ്ദേഹത്തിൻെറമേൽ വസിക്കുന്നതു ഞാൻ കണ്ടു എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തി. 33) അവനെ എനിക്കറിഞ്ഞുകൂടായിരുന്നു. എന്നാൽ ജലസ്നാനം നൽ

www.malankaralibrary.com

കാൻ എന്നെ അയച്ചവൻ എന്നോടു പറഞ്ഞിരുന്നു: ആത്മാവു് ഇറങ്ങിവന്നു് വസിക്കുന്നവനെ നീ കാണും. അദ്ദേഹമാണു് പരിശുദ്ധാത്മസ്നാനം നൽകുന്നവൻ. 34) അതു ഞാൻ കാണുകയും അദ്ദേഹം ദൈവസുതനാണെന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു..... 35) പിറേറന്നാളും യോഹന്നാൻ തൻെറ ശിഷ്യന്മാരിൽ രണ്ടുപേരോടുകൂടി നിൽക്കുമ്പോൾ 36) യേശു നടന്നുപോകുന്നതു കണ്ടു് പറഞ്ഞു: 'ഇതാ, ദൈവത്തിൻെറ കുഞ്ഞാടു്' (യോഹ. 1, 29–36).

സ്നാപകയോഹന്നാൻ യേശുവിനെ കണ്ടു. ലോകത്തിൻെറ പാപം വഹിക്കുകയും നീക്കുകയും ചെയ്യുന്ന ദൈവത്തിൻെറ കുഞ്ഞാടായി. ഐസയാസ് പ്രവാചകൻെറ ദർശനം സ്നാപകൻ ഉൾക്കൊണ്ടിട്ടുണ്ടു്. ഐസയാസ് യാഹ്വേയുടെ ദാസനെ കുഞ്ഞാടിനോടു് ഉപമിക്കുന്നല്ലോ (53). പ്രവാചകൻ കർത്താവിൻെറ ഭൃത്യനെ ചിത്രീകരിക്കുകയാണു്.

അവൻ നമ്മുടെ രോഗങ്ങളെ സത്യമായും വഹിച്ചു; നമ്മുടെ വേദനകളും ചുമന്നു. ദൈവം അവനെ ശിക്ഷിക്കുകയും അടിക്കയും ദണ്ഡിപ്പിക്കയും ചെയ്തിരിക്കുകയാണെന്നു് നാം വിചാരിച്ചു. സത്യത്തിൽ അവൻ നമ്മുടെ അതിക്രമങ്ങൾമൂലം മുറിവേററും അകൃത്യങ്ങൾ കാരണം തകർന്നുമിരിക്കുന്നു. നമുക്കു സമാധാനമേകുന്ന ശിക്ഷ അവനിലേററി. അവൻ ഏററ മുറിവുകളാൽ നമുക്കു സൗഖ്യം ലഭിച്ചിരിക്കുന്നു.

നാമെല്ലാം ആടുകളെപ്പോലെ വഴിതെററിപ്പോയിരുന്നു. ഓരോരുത്തരും തന്നിഷ്ടമനുസരിച്ചു നടന്നു.

www.malankaralibrary.com

യാഹ്‌വേ നമ്മുടെ പാപങ്ങളെല്ലാം അവനിൽ ഭരമേൽപ്പിച്ചു. സ്വയം വിനയപ്പെട്ട് മൗനിയായിരുന്നിട്ടും അവൻ പീഡാവിധേയനായി. കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പിൽ മിണ്ടാതിരിക്കുന്ന ആടിനെപ്പോലെയും അവൻ ഒരിക്കലും വായ് തുറക്കാതിരുന്നു. ..........എന്റെ നീതിമാനായ ദാസൻ സ്വസഹനത്താൽ അനേകരെ നീതീകരിക്കും.......''

(ഐസ. 53,1–11).

സഹനം സ്വയം സ്വീകരിച്ച് ലോകത്തിനു സമാധാനം പ്രദാനം ചെയ്യുന്നവനായി യേശുവിനെ സ്നാപകൻ ദർശിക്കുന്നു. ഇതേ വീക്ഷണം പുതിയനിയമത്തിൽ പൊതുവെയുണ്ട്. സുവിശേഷകന്മാരായ മർക്കോസും (1, 11) യോഹന്നാനും (1, 34) മാമോദീസാ സ്വീകരിക്കുന്ന യേശുവിനെ കർത്താവിന്റെ സഹിക്കുന്ന ദാസനായി ദർശിക്കുന്നു. ഇതേപോലെ യേശുവിനെ അവിടുന്നു പ്രവർത്തിച്ച അടയാള (അത്ഭുത) പ്രവൃത്തികളിലും (8, 17 മുതൽ) അവിടത്തെ സ്വയം വിനയപ്പെടുത്തലിലും (12, 18 മുതൽ) സുവിശേഷകനായ മത്തായി കാണുന്നു. ഈ കാഴ്ചപ്പാട് വിശുദ്ധ ലൂക്കോസ് നടപടിപുസ്തകത്തിൽ ആവർത്തിച്ചിട്ടുമുണ്ട് (3, 13-26;4,27-30;8,32;13,47). ആദിമ സഭയിലെ കീർത്തനങ്ങളിലും കാണാം (ഫിലി 2,7; 1പത്രോ. 2,21–25). പൗലോസ് ശ്ലീഹായും സ്വീകരിച്ചിട്ടുണ്ട്

(ഗലാ. 1,15; റോമ. 15,21).

ദ്വിതീയ ഐസയാസ് ദർശിക്കുന്ന കർത്താവിന്റെ സഹിക്കുന്ന ദാസന്റെ സഹനത്തിന് ചില സവിശേഷതകളുണ്ട്. സ്വന്തക്കാർ പരിത്യജിക്കുന്നു. അസാധാരണമാ

www.malankaralibrary.com

യൊരനുഭവം! ജറമിയാസിനും (15,17) ജോബിനും (19,13-19) ഉണ്ടായ അനുഭവം. അവരെ ബന്ധുക്കാർപോലും അപഹസിക്കയും ഉപേക്ഷിക്കയും ചെയ്തു. ഇസ്രായേൽ സമൂഹത്തെ മുഴുവനും പ്രതിനിധാനം ചെയ്യുന്നുണ്ട് ഏശയായിലെ കർത്താവിൻെറ ദാസൻ.

ഇസ്രായേലിനുവേണ്ടി മാത്രമല്ല യാഹ്‌വേയുടെ ദാസൻ സഹിക്കുക. ഇസ്രയേലിനെ പീഡിപ്പിച്ചതു് പുറജാതികളത്രേ. അവരിൽനിന്നും ഇസ്രായേൽ ഏറെ സഹിക്കേണ്ടിവന്നു. ഇസ്രായേലിൻെറ സഹനത്തിനു് അവരും ഉത്തരവാദികളാണ്. അതിനുവേണ്ടിയും ദാസൻ സഹിക്കുന്നു. ദാസൻെറ അനുസരണവും വിധേയതയും വിജാതീയരിലും പുതിയതും പൂർണ്ണവുമായ ജീവൻ സന്നിവേശിപ്പിക്കുന്നു.

ദാസൻെറ മൗനം അനന്യമത്രേ. സഹനത്തിൽ മനുഷ്യൻ അലമുറയിടുകയാണ് പതിവ്. പരാതികളെല്ലാം നിരത്തിവയ്ക്കും. പ്രവാചകന്മാരായ ഹബക്കുക് (1,2) ജറമിയ (8,18) എന്നിവരും സങ്കീർത്തകനും (16,21;68) ഒക്കെ തങ്ങളുടെ ആവലാതികളും വിഷമങ്ങളുമെല്ലാം വിവരിച്ച് പരാതിപ്പെടുകയാണ്. എന്നാൽ യാഹ്‌വേയുടെ ദാസൻ മൗനിയാണ്. പരാതിയും പരിവേദനവും പുറപ്പെടുവിക്കുന്നില്ല. സ്വന്തക്കാരാലും പരിത്യക്തനാണ്. എങ്കിലും പരാതിപ്പെടാതെ സ്വയം അർപ്പിക്കുകയത്രേ. ലോകത്തിൻെറ പാപപ്പരിഹാരത്തിനായി. മനുഷ്യൻെറ മഹത്വം വീണ്ടെടുക്കാൻ. മനുഷ്യകുലത്തെ ഉദ്ധരിക്കാൻ. പ്രപഞ്ചത്തിൻെറ സുസ്ഥിതി പുനസ്ഥാപിക്കാൻ. ഇതിന് സ്വയം സമർപ്പിക്കുന്ന യാഗവസ്തുവായി യേശുവിനെ സ്ലീഹാകൻ കണ്ടു; കാണിച്ചുകൊടുത്തു.

www.malankaralibrary.com

## ഞങ്ങൾ മിശിഹായെ കണ്ടു

(യോഹ. 1,37-41)

37) അദ്ദേഹം പറഞ്ഞതുകേട്ട് ആ രണ്ടു ശിഷ്യന്മാർ യേശുവിനെ അനുഗമിച്ചു. 38) യേശു തിരിഞ്ഞു്, അവർ തന്റെ പിന്നാലെ വരുന്നതു കണ്ടു്, ചോദിച്ചു: നിങ്ങൾ എന്തന്വേഷിക്കുന്നു? അവർ ചോദിച്ചു: റബ്ബീ (ഗുരു), അങ്ങ് എവിടെയാണ് പാർക്കുക? 39) അദ്ദേഹം പറഞ്ഞു: 'വന്നു കാണുക'. അവർ ചെന്നു് അദ്ദേഹം പാർക്കുന്നിടം കാണുകയും അന്നു് അദ്ദേഹത്തോടുകൂടി താമസിക്കുകയും ചെയ്തു. അപ്പോൾ ഏകദേശം പത്താം മണിക്കൂർ ആയിരുന്നു. 40) യോഹന്നാൻ പറഞ്ഞതു കേട്ടു് അദ്ദേഹത്തെ അനുഗമിച്ച ആ ഇരുവരിൽ ഒരുവൻ ശിമയോൻ പത്രോസിന്റെ സഹോദരൻ അന്ത്രയോസായിരുന്നു. 41) അവൻ ആദ്യമേ തന്റെ സഹോദരനായ ശിമയോനെക്കണ്ടു് അവനോടു പറഞ്ഞു: 'ഞങ്ങൾ മിശിഹായെ (ക്രിസ്തുവിനെ) കണ്ടു'.

ലോകപാപം പേറുന്ന ദൈവകുഞ്ഞാടായ യേശുവിനെ സ്നാപകൻ കാട്ടിക്കൊടുത്തപ്പോൾ അദ്ദേഹത്തിന്റെ തന്നെ രണ്ടു ശിഷ്യന്മാർ യേശുവിനെ പിൻചെന്നു. അതു് യേശു കണ്ടു. അവിടുന്നു് തിരിഞ്ഞു നിന്നു. അവരോടാരാഞ്ഞു: "നിങ്ങൾ എന്താണന്വേഷിക്കുക?" "ഗുരോ, അങ്ങ് എവിടെയാണു പാർക്കുക?" അവരുടെ അന്വേഷണം. അങ്ങയുടെ പാർപ്പിടമാണവർക്കറിയേണ്ടതു് അവിടെ അങ്ങയോടൊത്തു് കുറെനേരം ചെലവഴിക്കണം. യേശു സവിശേഷം ശ്രദ്ധേയമായൊരു മറുപടി നൽകി. "വന്നു കാണുക."

www.malankaralibrary.com

"വന്നു കാണുക". താൻ ഇന്നിടത്തു പാർക്കുന്നു എന്നു് പറഞ്ഞുകൊടുത്തില്ല. സ്ഥലവും സ്ഥാനവും അകലവുമൊന്നും ക്ലിപ്തമായി പറഞ്ഞില്ല. എവിടെയെന്നു 'വന്നു കാണുക'. പുറപ്പാടുപുസ്തകത്തിലെ അനുഭവത്തിൽനിന്നു വ്യത്യസ്തമാണു് 'വന്നു കാണുക' എന്ന ക്ഷണം. ഹോറേബ് പർവ്വതത്തിൽ മോശ ആടുകളെ മേയിച്ചുകൊണ്ടിരുന്നപ്പോൾ യാഹ്‌വേ കത്തുന്ന മുൾപ്പടപ്പിൽ മോശയ്ക്കു പ്രത്യക്ഷമായി. അതു് എന്തെന്നു നോക്കാൻ മുന്നോട്ടാഞ്ഞ മോശയോടു് യാഹ്‌വേ മുൾപ്പടപ്പിൻെറ നടുവിൽനിന്നു വിളിച്ചു പറഞ്ഞതു് 'നീ ഇങ്ങോട്ടു അടുക്കരുതു്' എന്നത്രേ. മാത്രമല്ല. 'മോശ നിൽക്കുന്നിടം പരിശുദ്ധമാകയാൽ ചെരുപ്പും ഊരിക്കളയാൻ നിർദ്ദേശിച്ചു. മോശ ദൈവത്തെ നോക്കുവാൻ ഭയപ്പെട്ടു് മുഖം മൂടിക്കളഞ്ഞു'. (പുറ. 3, 1-6). തൻെറ ജനത്തിൻെറ കഷ്ടതകളെല്ലാം കണ്ടു് ഹൃദയവേദനയനുഭവിച്ച ദൈവം ജനത്തെ സ്വതന്ത്രമാക്കാൻ ഇറങ്ങിവന്നു. പഴയനിയമത്തിലും പുതിയനിയമത്തിലും അതാണു് കാണുക. ദൈവം നമ്മോടു കൂടെയായി. 'അമ്മാനുയേൽ'. തന്നെ പിൻചെന്ന സ്നാപക ശിഷ്യരെ യേശു ക്ഷണിച്ചു: വന്നു കാണുക.

അവർ ചെന്നു് അവിടുന്നു വസിക്കുന്നിടം കാണുകയും അന്നു് അവനോടുകൂടി താമസിക്കയും ചെയ്തു (34). യേശുവിനോടുകൂടെ താമസിച്ചാലേ അങ്ങയെ മനസ്സിലാക്കാൻ സാധിക്കൂ. സ്നാപകൻ ശിഷ്യന്മാർക്കു് യേശുവിനെ ചൂണ്ടിക്കൊടുത്തു. ലോകത്തിൻെറ പാപഭാരം പേറുകയും മാററുകയും ചെയ്യുന്ന കുഞ്ഞാടെന്നു്. ലോകത്തിന്റെ രക്ഷകൻ എന്നു്. അതു് വഴിക്കുവെച്ചുള്ള ഒരു പരിചയപ്പെടുത്തലാണു്. വഴിയിൽവച്ചു് നാം പലരേയും കാണും; പരിചയപ്പെടും. ചിലരെയൊക്കെ അന്യർ നമുക്കു പരിചയപ്പെടുത്തും. ആളിൻെറ ബാഹ്യരൂപവും പേരും കുടുംബ

www.malankaralibrary.com

വും തൊഴിലുമൊക്കെ അറിയാനും കഴിയും. പക്ഷേ അതു കൊണ്ടൊന്നും ആളിനെ ശരിയായി അറിയാനാവില്ല. വ്യക്തിയെ നന്നായി മനസ്സിലാക്കാതെ ആദ്യപരിചയം മാത്രം അടിസ്ഥാനമാക്കി തുടർന്നിടപെട്ടതിൻെറ ഫലമായി ദുഃഖിക്കയും നിരാശപ്പെടുകയും ചെയ്യേണ്ടിവന്നിട്ടുള്ള എത്രയോ പേരെ നമുക്കറിയാം! "ആളം ഇത്തരക്കാരൻ ആയിരുന്നെന്നു് ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല". അടുമളി പറഞ്ഞുകഴിയുമ്പോളതിർക്കുന്ന പതിവായ പൊതുപല്ലവി. നിരന്തവും ആഴമായും ബന്ധപ്പെട്ടാലേ ആളുകളെ അറിയാനാവൂ.

സ്ഥാപകശിഷ്യന്മാരായിരുന്ന അന്ത്രയോസിനും യോഹന്നാനും യേശുവിനെ വ്യക്തിപരമായി ഒന്നറിയണം. അവിടത്തെ ജീവിതത്തിലേക്കു കടന്നുചെല്ലണം. അങ്ങയോടൊത്തു കഴിയണം. അങ്ങു് ആരെന്നു് അവർക്കനുഭവപ്പെടണം. അതവർക്കു സാധിച്ചു. മിശിഹാ കടന്നു പോകുന്നതു കണ്ടു. പോയി കൂടെ പാർത്തു. ദൈവത്തിന്റെ അഭിഷിക്തനെ കണ്ടു. ദൈവം പരിശുദ്ധാത്മാവിലഭിഷേചിച്ചു് ലോകത്തെ സമുദ്ധരിക്കാനയച്ച രക്ഷകനെ കണ്ടു. തങ്ങളുടെ സ്വന്തം രക്ഷകനായി അവർ യേശുവിനെക്കണ്ടു. അതിനാൽ അവർക്കു തിരിച്ചുവന്നു് സ്വസഹോദരനായ ശെമയോനോട്ടു് സാക്ഷിക്കാൻ സാധിച്ചു: "ഞങ്ങൾ മിശിഹായെ (അഭിഷിക്തനെ) കണ്ടു".

ഇന്നത്തെ ക്രിസ്തീയലോകത്തു് അനേകർക്കു് യേശുവിനെ രക്ഷകനായി കാണാനാവുന്നില്ല. കാരണമെന്തെന്നോ? അവർക്കു് യേശുവിനോടുകൂടെ പോകാനും അങ്ങയോടൊത്തു പാർക്കാനും സമയമില്ല. അവിടത്തെ അനുഭവിച്ചറിയാൻ മെനക്കെടാറില്ല. വഴിയിൽവച്ചുള്ള പരിചയംകൊണ്ടു തൃപ്തിപ്പെടുകയാണു്. മറ്റുള്ളവർ യേശുവിനെ ചൂണ്ടിക്കാണിച്ചുകൊടുത്താൽ ഒന്നു നോക്കിയേക്കും.

www.malankaralibrary.com

അത്രതന്നെ. ഏറിയാൽ ഗുഡ്മോണിംഗും ഗുഡീവനിംഗും പാസ്സാക്കിപ്പിരിയുക. അതും ഒഴിഞ്ഞുമാറാൻ നിവൃത്തിയില്ലാഞ്ഞു്. അല്ലെങ്കിൽ ഏറിയാൽ പുറംമര്യാദയ്ക്കു വേണ്ടി. യേശുവുമായി സുഹൃദ്ബന്ധം സ്ഥാപിക്കാനോ പുലർത്താനോ അല്ല. ഇത്തരമല്ലേ പലരുടേയും പ്രഭാത പ്രാർത്ഥനയും സന്ധ്യാജപവും? പാരമ്പര്യത്തിൻെറ ഭാരം പേറുന്ന പുണ്യാളന്മാരേയും പുണ്യാളത്തികളേയും പ്രോത്സാഹിപ്പിക്കുന്ന സാഹചര്യത്തിൽ അതിൽക്കൂടുതലൊന്നും സംഭവിക്കാനും പോകുന്നില്ല. ചെറുപ്പം മുതൽക്കേ പള്ളിയിൽപോയി പരിചയിച്ചതിനാൽ പോകാതിരിക്കാൻ വയ്യാ! കുട്ടിക്കാലംതൊട്ടേ പ്രാർത്ഥിച്ചുപോന്നതിനാൽ പ്രാർത്ഥിക്കാതെ പററില്ല! നന്നു്. വളരെ നന്നു്. പക്ഷേ ചെറുപ്പം മുതൽക്കേയുള്ള പതിവിൻേറയും പാരമ്പര്യത്തിൻേറയും പേരിൽമാത്രം പള്ളിയിൽ പോകയോ പ്രാർത്ഥിക്കുകയോ ചെയ്താൽ പോരാ. ചെറുപ്പത്തിലേയുള്ള ശീലം യേശുവിനോടു ബന്ധപ്പെടാനും യേശുവിനെ അനുഭവിക്കാനും ഇടയാക്കിയെങ്കിൽ അതിനൊക്കെ അർത്ഥമുണ്ടു്. സഹോദരങ്ങളോടൊപ്പം യേശുവിൻെറ സാന്നിദ്ധ്യവും മാധുര്യവും അനുഭവിക്കാൻ പള്ളിയിൽ പോകയും പ്രാർത്ഥിക്കുകയും ചെയ്യുക. എങ്കിൽ ആ നിമിഷങ്ങളും പ്രവൃത്തികളും അമൂല്യങ്ങളാകുന്നു.

## “അങ്ങു് ദൈവത്തിൻെറ ക്രിസ്തു ആകുന്നു.”

ലൂക്കോ 9, 18—20

യേശുവിനോടൊത്തു വസിച്ച പത്രോസിനു് യേശുവിനോടു പറയാൻ കഴിഞ്ഞു: ‘അങ്ങു് ദൈവത്തിൻെറ ക്രിസ്തു ആകുന്നു്’. ഇതു് സ്വർഗ്ഗസ്ഥപിതാവു് വെളിപ്പെടുത്തിക്കൊടുത്തതാണു്.

www.malankaralibrary.com

18) ഒരിക്കൽ യേശു പ്രാർത്ഥിക്കയായിരുന്നു. ശിഷ്യന്മാരും അദ്ദേഹത്തോടൊത്തുണ്ടായിരുന്നു. അപ്പോൾ അദ്ദേഹം ചോദിച്ചു: ഞാൻ ആരെന്നാണ് ജനങ്ങൾ പറയുക? 19) അവർ മറുപടി പറഞ്ഞു: അങ്ങ് സ്നാപകയോഹന്നാനാണെന്നു ചിലർ പറയുന്നു. മററു ചിലർ പറയുന്നതു് അങ്ങ് ഏലിയാവാണെന്നത്രേ. വേറെ ചിലർ പറയുന്നതു് അങ്ങ് പൂർവ്വപ്രവാചകന്മാരിൽ ഒരാൾ ഉയർത്തെഴുന്നേററവനാണെന്നാണ്. 20) അപ്പോൾ യേശു എടുത്തു ചോദിച്ചു: ഞാൻ ആരെന്നാണ് നിങ്ങൾ പറയുക? പത്രോസ് പ്രത്യുത്തരിച്ചു:

അങ്ങ് ദൈവത്തിന്റെ ക്രിസ്തു ആകുന്നു.

(ലൂക്കോ. 9, 18—20)

യേശു യാഹ്‌വേയുടെ അഭിഷിക്തനാണെന്നത്രേ പത്രോസ് പറയുക. ജനനേതാക്കന്മാരും പുരോഹിതഗണവും വി. ഗ്രന്ഥപണ്ഡിതന്മാരും തിരസ്ക്കരിക്കയും അവരൊത്തുകൂടി വധിക്കയും ചെയ്യാനിരിക്കുന്ന മനുഷ്യ പുത്രനാണ് യേശു (ലൂക്കോ 9, 12—22). പീഡാനുഭവമരണങ്ങളിലൂടെയും ഉയർപ്പിലൂടെയും മനുഷ്യവംശത്തെ നവമായൊരു ജീവിതാവസ്ഥയിലേക്ക് പിടിച്ചുയർത്തുന്നവൻ. അതേ! യേശു രക്ഷകനാണ്. പത്രോസ് ഉദ്ഘോഷിച്ചു. ഇതദ്ദേഹത്തിനു സാധിച്ചത് യേശുവോടൊത്തായിരുന്നതിനാലത്രേ. പ്രാർത്ഥിക്കുന്ന യേശുവിനോടൊത്തു്. പ്രാർത്ഥനയുടെ പശ്ചാത്തലത്തിൽ യേശുവിനെ പത്രോസിന് വ്യക്തമായി. യേശുവോടൊത്തു് സ്വർഗ്ഗസ്ഥപിതാവിനോട് ബന്ധപ്പെട്ടതിനാൽ അവിടന്നു് പത്രോസിന് യേശുവിനെ രക്ഷകനായി വെളിപ്പെടുത്തി. അതു് അദ്ദേഹം ഏററു പറഞ്ഞു.

www.malankaralibrary.com

യേശുവിനെ രക്ഷകനായിക്കാണാൻ അവിടത്തോടൊത്തു വസിക്കയും സമയം ചെലവിടുകയുമാണല്ലോ പ്രാർത്ഥന. പക്ഷേ ഇവ്വിധം പ്രാർത്ഥിക്കുന്നവർ എത്രയുണ്ടു്? ചിലർ ആർത്തട്ടഹസിക്കാറുണ്ടു്. ബഹളം വയ്ക്കാറുണ്ടു്. വാതോരാതെ പാടുകയും ഹല്ലേലുയ്യാ പറയുകയും ചെയ്യാറുണ്ടു്. അതുകൊണ്ടു് യേശുവിനോടു് വ്യക്തിപരമായി ബന്ധപ്പെട്ടുവെന്നു് പറയാനാവില്ല. യേശുവിനെ രക്ഷകനായി അനുഭവിക്കലാണെന്നും പറയനാവില്ല. കാരണം ഇങ്ങനത്തവരിൽ പലരും മുൻപറഞ്ഞതുപോലെ തൊട്ടടുത്തു താമസിക്കുന്ന പട്ടിണിക്കോലത്തിന്റെ പട്ടിണിയകററാനോ! അവന്റെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കാനോ ശ്രദ്ധിക്കുക തുലോം വിരളമത്രേ. പുസ്തകത്തിലെ പ്രാർത്ഥന പുച്ഛിച്ചിട്ടു് സ്വാത്മപ്രാർത്ഥന ഉച്ചത്തിൽ നടത്തിയാലേ പ്രാർത്ഥനയാവൂ എന്നു കരുതുന്നവരുണ്ടു്. പക്ഷേ ഇവരുടെ പ്രാർത്ഥനയ്ക്കും ഒരു നിശ്ചിത രൂപമുള്ളതു കാണാം. കൊല്ലങ്ങളായി ഒരേ തരത്തിലും താളത്തിലും ആവർത്തിക്കുന്ന പല്ലവികൾ. ഒരച്ചിലുണ്ടാക്കിയ പാവപോലെ മരച്ചുകാച്ചിക്കഷണിച്ച വാക്കുകൾ! പുസ്തകത്തിലെ പ്രാർത്ഥന മനപ്പാഠമായോ അല്ലാതെയോ ചൊല്ലുന്നതിലോ ചൊല്ലാത്തതിലോ സ്വാത്മപ്രാർത്ഥന ഉറക്കെപ്പറയുന്നതിലോ പറയാത്തതിലോ യേശുവനുഭവം ഉണ്ടെന്നോ ഇല്ലെന്നോ പറയാനാവില്ല. ഏതുവിധം പ്രാർത്ഥനയായാലും യേശുവിനെ മനുഷ്യന്റെ ആദ്ധ്യാത്മികഭൗതികവിമോചകനായിക്കാണാനാവുന്ന പ്രാർത്ഥനയാണു് യേശുവിനോടൊത്തുള്ള പ്രാർത്ഥന. അതത്രെ യേശുവിനെ രക്ഷകനായി അനുഭവിക്കാനാവുന്ന സഹവാസം.

യേശുവിനോടു് സംഭാഷണം നടത്തുക. അതിലൂടെ യേശു നമുക്കു വെളിപ്പെടും. നമ്മുടെ നാഥനായി; നമ്മുടെ ആശ്വാസകനായി; നമ്മെ പരിവർത്തിപ്പിക്കുന്നവനായി.

www.malankaralibrary.com

സംഭാഷണത്തിൻെറ ദൈർഘ്യം ഏറുന്നതനുസരിച്ച് ആ സ്വാദ്യതയും ആഴമാർന്നതാവും. യേശുവും സമറിയാക്കാരിയുമായുള്ള സംഭാഷണം (യോഹ. 4,1—26) ശ്രദ്ധിക്കുക. സംഭാഷണം പടിപടിയായി പുരോഗമിക്കുന്നതോടൊപ്പം അവൾക്ക് യേശുവിനെക്കുറിച്ചുള്ള കാഴ്ചപ്പാട് വികസിതമാകുന്നു.

## ദാഹശമനമേകുന്ന അമൃത് (യോഹ. 4, 5—39).

5) യേശു സമറിയായിലെ സിക്കാർ പട്ടണത്തിലെത്തി. ഈ പട്ടണം യാക്കോബ് സ്വപുത്രൻ ജോസഫിനു നൽകിയ വയലിനടുത്തായിരുന്നു 6) അവിടെയായിരുന്നു യാക്കോബിൻെറ കിണറും. യാത്രാക്ഷീണം നിമിത്തം യേശു ആ കിണറിന്നരികെയിരുന്നു. നട്ടുച്ചസമയം. 7) അപ്പോൾ ഒരു സമരിയാക്കാരി വെള്ളം കോരാൻ അവിടെ വന്നു. അവളോട് യേശു 'എനിക്കു കുടിക്കാൻ തരിക'എന്നു പറഞ്ഞു. 8)അദ്ദേഹത്തിൻെറ ശിഷ്യന്മാർ ഭക്ഷണസാധനങ്ങൾ വാങ്ങാൻ പട്ടണത്തിൽ പോയിരിക്കയായിരുന്നു. 9) ആ സമറിയാക്കാരി അദ്ദേഹത്തോടു ചോദിച്ചു: "നീ ഒരു യഹൂദനായിരിക്കേ സമരിയാക്കാരിയായ എന്നോട് കുടിക്കാൻ ചോദിക്കുന്നതെന്ത്?. യഹൂദരും സമറിയാക്കാരും തമ്മിൽ സമ്പർക്കമൊന്നുമില്ലല്ലോ'. 10) യേശു അവളോടു പറഞ്ഞു: ദൈവത്തിൻെറ ദാനം എന്തെന്നും 'എനിക്കു കുടിക്കാൻതരിക' എന്ന് നിന്നോടാവശ്യപ്പെട്ടതാരെന്നും നിനക്കറിയാമായിരുന്നെങ്കിൽ നീ അദ്ദേഹത്തോടു ജീവജലം ചോദിക്കുമായിരുന്നു. അത് അദ്ദേഹം നിനക്കു തരികയും ചെയ്യുമായിരുന്നു. 11) അവൾ പറഞ്ഞു: 'പ്രഭോ, വെള്ളം

www.malankaralibrary.com

കോരാൻ അങ്ങേയ്ക്കു പാത്രമില്ല; കിണറോ ആഴമേറിയതും. പിന്നെ ഈ ജീവജലം എവിടെനിന്നു് അങ്ങേയ്ക്കു കിട്ടും? 12) ഈ കിണർ ഞങ്ങൾക്കു നൽകിയ ഞങ്ങളുടെ പിതാവായ യാക്കോബിനെക്കാൾ വലിയവനാണോ അങ്ങു്? അദ്ദേഹവും അദ്ദേഹത്തിന്റെ മക്കളും കന്നുകാലികളും ഈ കിണററിൽ നിന്നാണു് കുടിച്ചിരുന്നതു്. 13) യേശു പറഞ്ഞു: 'ഈ വെള്ളം കുടിയ്ക്കുന്നവനെല്ലാം പിന്നേയും ദാഹിക്കും. 14) എന്നാൽ ഞാൻ നൽകുന്ന വെള്ളം കുടിയ്ക്കുന്നവനു് പിന്നൊരിക്കലും ദാഹിക്കയില്ല. ഞാൻ നൽകുന്ന ജലം അവനിൽ നിത്യജീവനിലേക്കു നിർഗ്ഗമിക്കുന്ന നീരുറവയാകും'. 15) അപ്പോൾ ആ സ്ത്രീ പറഞ്ഞു: 'എങ്കിൽ ആ ജലം എനിക്കു നൽകിയാലും. മേലിൽ എനിക്കു ദാഹിക്കില്ലല്ലോ. വെള്ളം കോരാൻ എനിക്കു് ഇവിടെ വരികയും വേണ്ടല്ലോ. 16) യേശു പറഞ്ഞു: 'നീ പോയി നിന്റെ ഭർത്താവിനെ കൂട്ടി കൊണ്ടുവരിക'. 17) 'എനിക്കു ഭർത്താവില്ലല്ലോ' ആ സ്ത്രീ പറഞ്ഞു. യേശു അവളോടു പറഞ്ഞു: 'എനിക്കു ഭർത്താവില്ല' എന്നു നീ പറഞ്ഞതു് ശരിയാണു്. 18) പക്ഷേ നിനക്കു് അഞ്ചു് ഭർത്താക്കന്മാർ ഉണ്ടായിരുന്നു. ഇപ്പോൾ നിന്നോടൊത്തുള്ളവൻ നിന്റെ ഭർത്താവല്ല താനും. 'നീ പറഞ്ഞതു് സത്യമത്രേ' 19) അവൾ പ്രതിവചിച്ചു: 'സ്വാമിൻ, അങ്ങു് ഒരു പ്രവാചകനാണെന്നു ഞാൻ മനസ്സിലാക്കുന്നു. 20) ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ ആരാധനനടത്തി; എന്നാൽ യഥാർത്ഥ ആരാധനാ സ്ഥലം ജറുസലേമിലാണെന്നു നിങ്ങൾ പറയുന്നു. 21) യേശു പറഞ്ഞു: 'സ്ത്രീ, എന്നെ വിശ്വസിക്കു' ഈ മലയിലോ ജറുസലേമിലോ നിങ്ങൾ പിതാവിനെ ആരാധിക്കാത്ത സമ

www.malankaralibrary.com

യം വരുന്നു. 22) നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നു. ഞങ്ങൾ അറിയുന്നതിനെ ആരാധിക്കുന്നു. കാരണം, രക്ഷ യഹൂദരിൽ നിന്നാണല്ലോ. 23) എന്തെന്നാൽ, യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം സമാഗതമാകുന്നു. അല്ല, അതിപ്പോൾത്തന്നെയാണ്. വാസ്തവത്തിൽ അത്തരം ആരാധകരെയാണ് പിതാവ് അന്വേഷിക്കുന്നതും. 24) ദൈവം ആത്മാവാകുന്നു. അവിടത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടതു്. 25) ആ സ്ത്രീ പറഞ്ഞു: ക്രിസ്തു എന്നു വിളിക്കുന്ന രക്ഷകൻ വരുമെന്ന് എനിക്കറിയാം. അദ്ദേഹം വരുമ്പോൾ എല്ലാക്കാര്യങ്ങളും ഞങ്ങളെ അറിയിക്കും. 26) യേശു അവളോടു പറഞ്ഞു: 'നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെയാകുന്നു.............29) ആ സ്ത്രീയാകട്ടെ, കുടം അവിടെ വച്ചിട്ട് പട്ടണത്തിലേക്കുപോയി. അവിടെയുള്ളവരോട് അവൾ പറഞ്ഞു: 29) ഞാൻ ചെയ്ത കാര്യങ്ങളെല്ലാം എന്നോടു പറഞ്ഞ ഒരു മനുഷ്യനെ നിങ്ങൾ വന്നു കാണുവിൻ. ഇദ്ദേഹം തന്നെയായിരിക്കുമോ ക്രിസ്തു? 30) അവർ പട്ടണത്തിൽനിന്ന് അദ്ദേഹത്തിന്റെ അടുക്കലെത്തി........39) 'ഞാൻ ചെയ്തതെല്ലാം അദ്ദേഹം എന്നോടു പറഞ്ഞു' എന്ന് ആ സ്ത്രീ സാക്ഷ്യപ്പെടുത്തിയതിനാൽ പട്ടണത്തിലെ സമറിയാക്കാരിൽ അനേകർ അങ്ങിൽ വിശ്വസിച്ചു.......................

(യോഹ. 4,5-39).

യേശു സമറിയാ സ്ത്രീയോട് ദാഹശമനാർത്ഥം വെള്ളം ആവശ്യപ്പെടുന്നതോടെ രംഗം ആരംഭിക്കുന്നു. അവൾ യേശുവിനെ ഒരു ശത്രുവായാണ് ആദ്യം കാണുക.

www.malankaralibrary.com

എന്നാൽ സംഭാഷണം സമാപിക്കുന്നതോടെ യേശുവാണ് രക്ഷകൻ എന്നും അവർക്കു വെളിപ്പെട്ടു.

യേശു യൂദയായിൽനിന്ന് സമറിയായിലൂടെ ഗലീലയിലേക്കു കടന്നുപോകുകയായിരുന്നു. യേശുവിന്റെ കാലത്ത് പലസ്തീനായെ മൂന്നായി ഭാഗിച്ചിരുന്നു. വടക്ക് ഗലീലി. തെക്ക് യൂദയാ. മദ്ധ്യത്തിൽ സമറിയാ. യൂദയായിൽനിന്ന് ഗലീലിയിലേക്കുള്ള കുറുക്കുവഴി സമറിയായിലൂടെ കരമാർഗ്ഗം പോകയാണ്. ഉദ്ദേശം മൂന്നു ദിവസത്തെ നടത്തം വേണ്ടിവരും. യൂദയാ വിട്ട് ഗലീലിയിലേക്കു പോകാനുള്ള തല്ക്കാല സാഹചര്യവും കാരണവും മാമോദീസായെക്കുറിച്ചുളവായ സംവാദം ഒഴിവാക്കുകയാവാം (യോ. 4,1–2). യഹൂദർ യേശുവിനെ സ്വീകരിച്ചില്ല. എന്നാൽ സമറിയാക്കാർ സ്വീകരിച്ചു. ഇതിലും ഉന്നതമായ ഉദ്ദേശവും ദർശനവുമാണ് സുവിശേഷകനുള്ളത്.

യൂദയായിൽനിന്ന് സമറിയായിലൂടെ ഗലീലിയിലേക്കുള്ള ഈ യാത്രയും സമറിയായിൽ യാക്കോബിന്റെ കിണററിൽനിന്നും വെള്ളം കോരാൻ നട്ടുച്ചക്കു വന്ന സ്ത്രീയോടുള്ള സംഭാഷണവുമൊക്കെ യേശുവിന് സ്വയം ആവിഷ്ക്കരിക്കാനുള്ള യാത്രയും സംഭാഷണവുമാണ്. അതിനുള്ള സ്ഥലകാലസാഹചര്യങ്ങൾ. ആവിഷ്ക്കരണത്തിന്റെ പ്രതികരണവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിവരണത്തിന്റെ വിശദാംശങ്ങളിലുൾക്കൊള്ളിച്ചിട്ടുള്ള അർത്ഥത്തിൽ മറെറാരർത്ഥവും ധ്വനിക്കുന്നുണ്ട്.

യേശു സിക്കാർ പട്ടണത്തിലെത്തി. സമറിയായിലെ പ്രശസ്തമായൊരു നാൽക്കവലയായിരുന്നു സിക്കാർ. സിക്കാറും ശേഖേമും (തെൻ–യേൽ–ബാലാത്) ഒന്നുതന്നെയാണെന്നു ചിലർ കരുതുന്നു. ശേഖേമും ജേക്കബ് സ്വപുത്രൻ ജോസഫിനു നൽകിയ വയലിനടുത്താണല്ലോ (ഉല്പ. 33, 19; 48, 22; ജോഷ്വാ. 24,32). യേശുവിന്റെ കാലത്തും

www.malankaralibrary.com

ശേഖേമിൽ ജനങ്ങൾ വസിച്ചിരുന്നു. എന്നാൽ ഒരു പട്ടണമായിരിക്കത്തക്കവിധം ജനവാസമുണ്ടായിരുന്നെന്നതു സംശയമാണ്. അതിനടുത്ത് അസ്ക്കാർ എന്ന് ഇന്നറിയുന്ന പട്ടണമായിരിക്കാം സുവിശേഷത്തിൽ പറയുന്ന സിക്കാർ.

സിക്കാർ യഹൂദചരിത്രത്തിൽ പലതുകൊണ്ടും പ്രാധാന്യമുള്ളതാണ്. യാക്കോബ് വിലയ്ക്കുവാങ്ങിയ വയൽ അവിടെയാണ് (ഉല്പ. 33,18-19). അദ്ദേഹം മരിക്കാറായപ്പോൾ ജോസഫിൻ കൈമാറി (ഉല്പ. 48,52). ജോസഫ് ഈജിപ്തിൽ മരിച്ചപ്പോൾ മൃതശരീരം സിക്കാറിൽ കൊണ്ടുവന്നു സംസ്കരിച്ചു (ജോഷ്വ. 24-32).

അസ്ക്കാറിന്റെയും ശേഖേമിന്റെയും ഇടയ്ക്കാണ് ജേക്കബിന്റെ കിണർ. അതു് ഇന്നുമുണ്ട്. 100 അടിയിലധികം ആഴമുള്ള കിണർ! അതിന്നരികെ യേശു ഇരുന്നു. നടന്നു ക്ഷീണിച്ച യേശു. നട്ടുച്ച സമയവും. അപ്പോഴാണ് സമറിയാക്കാരി യുവതി വെള്ളം കോരാൻ വരിക. ദാഹിച്ചു വലഞ്ഞ യേശു അവളോട് 'എനിക്കു കുടിക്കാൻ തരിക' എന്നാവശ്യപ്പെട്ടു. അവിടത്തെ ദാഹം ശാരീരികമായിരുന്നു. പക്ഷേ ശാരീരികം മാത്രമായിരുന്നില്ല. ഇതു് തുടർന്നു വരുന്ന സംഭവങ്ങൾ സുവ്യക്തമാക്കുന്നു. സമറിയാസ്ത്രീയുടെ ജീവിതത്തിലേക്ക് കടക്കാനുള്ള യേശുവിന്റെ ദാഹത്തിന്റെ ബഹിർസ്ഫുരണമായിരുന്നു അവിടത്തെ ശാരീരികദാഹം. അവളുടെ ആദ്ധ്യാത്മിക ദാഹം ശമിപ്പിക്കുന്ന ജീവജലമായി അവളിലേക്കു പ്രവേശിക്കുവാനുള്ള ദാഹം. ഇക്കാര്യം വ്യക്തമാക്കാൻ സുവിശേഷകൻ യേശുവിന്റെ മരണവും ദാഹവും ക്രമീകരിച്ചിരിക്കുന്നതു് ശ്രദ്ധിച്ചാൽമതി. അവിടന്ന് നട്ടുച്ചനേരത്ത് മരിക്കുന്നു (യോഹ. 19,14). ആ സമയത്ത് അവിടന്ന് അടക്കാനാവാത്ത ദാഹവും അനുഭവിച്ചു (യോഹ. 19-28). യേശു

www.malankaralibrary.com

വിന്റെ ദാഹത്തിന്റെ ആഴമറിയാതെ സമറിയാക്കാരി സംഭ്രമിച്ചു.

സമറിയാ സ്ത്രീ യേശുവിനെ സംശയത്തോടെ വീക്ഷിക്കുന്നു. "യഹൂദനായ നീ സമറിയാക്കാരിയായ എന്നോടു കുടിക്കാൻ ചോദിക്കുന്നുവോ? യഹൂദരും സമറിയാക്കാരും തമ്മിൽ സമ്പർക്കമൊന്നുമില്ലല്ലോ". അവൾ ചോദിച്ചു.

യഹൂദറബ്ബി സ്ത്രീയോട് പരസ്യമായി പരിചയഭാവത്തിൽ സംസാരിക്കുക കേട്ടുകേൾവിപോലുമില്ലാത്ത കാര്യമാണ്. അതിലും പ്രത്യേകിച്ച് ഒരു യഹൂദൻ സമറിയാ സ്ത്രീയോട്; അവളോട് കുടിക്കാൻ ചോദിക്കുക ഒരു യഹൂദന് ചിന്തിക്കുകപോലും പാടില്ലാത്ത കാര്യം. സമറിയാക്കാരെ അശുദ്ധരായാണ് യഹൂദൻ കരുതിയിരുന്നത്. അശുദ്ധർ കൈകാര്യം ചെയ്യുന്ന സാധനങ്ങളും അശുദ്ധം തന്നെ. പക്ഷേ ഇവ്വിധ മുൻവിധികളൊന്നും യേശുവിനില്ല. അവയെല്ലാം അദ്ദേഹം അവഗണിച്ചെന്നു് മാത്രമല്ല. സമറിയാക്കാർക്കനുകൂലമായിത്തന്നെ യേശു സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട് (ലൂക്കോ 10,33; 17,6). യേശു സമറിയാ യുവതിയോട് മനശ്ചാഞ്ചല്യമെന്യേ ജലം ചോദിച്ചു. പക്ഷേ സമരായർക്ക് യഹൂദരോടുണ്ടായിരുന്ന മുൻവിധിയോടെത്തന്നെയാണ് സമറിയാ സ്ത്രീ യേശുവിനെ വീക്ഷിക്കുക. ശത്രുതാ മനോഭാവമായിരുന്നു സമറിയാക്കാർക്ക് യഹൂദരോട്. അവർ തമ്മിലുള്ള വിദ്വേഷത്തിന് നൂററാണ്ടുകളുടെ പഴക്കമുണ്ട്. ബി. സി. 720–ൽ അസ്സീറിയക്കാർ സമറിയായുടെ വടക്കുഭാഗം ആക്രമിച്ചു കീഴടക്കി. അവിടത്തെ ജനങ്ങളിൽ മിക്കവരേയും മെദിയായിലേക്കു തടവുകാരായി കൊണ്ടുപോയി (2 രാജ. 17,6). സമറിയാ പ്രദേശത്ത് അസ്സീറിയാ, ബാബിലോൺ, കൂതാ, ആവാ, ഹാമാത്, സെഫാർവയി

www.malankaralibrary.com

എന്നിവിടങ്ങളിൽ നിന്നുള്ളവരെ കൊണ്ടുവന്നു കുടി പാർപ്പിക്കുകയും ചെയ്തു (2രാജാ. 17,24). ഈ വിവിധ ദേശങ്ങളിൽനിന്നു വന്നവരും സമറിയായിൽ അവശേഷിച്ച യഹൂദരും ഇടകലർന്നു ജീവിച്ചു. കാലാന്തരത്തിൽ ഇവർ തമ്മിൽ വിവാഹ ബന്ധത്തിലേർപ്പെട്ടു. ഇങ്ങനെ സമറിയായിലുണ്ടായിരുന്ന യഹൂദരും യഹൂദേതരും ചേർന്നുണ്ടായ സങ്കരവർഗ്ഗമാണ് യേശുവിന്റെ സമയം സമറിയായിൽ വസിച്ചിരുന്നവർ. യഹൂദർ എന്ന പേരുതന്നെ അവർക്കു നഷ്ടപ്പെട്ടു. സമറിയാക്കാർ എന്നതു് ഏതാണ്ടു് പരിഹാസപ്പേരുപോലെയായിരുന്നു. 'യഹൂദർ' എന്ന സംജ്ഞയുൾക്കൊള്ളുന്ന ആചാര പരിശുദ്ധി കളഞ്ഞുകുളിച്ചവരാണ് സമറിയാക്കാർ. അക്കാരണത്താൽ അവരുടെ ഒരു സഹായവും യൂദയായിലും ഗലീലിയിലും വസിച്ചിരുന്ന യഹൂദർ സ്വീകരിച്ചിരുന്നില്ല. അത്യാപത്തിൽപോലും. യൂദയായേയും ബാബിലോൺ ആക്രമിക്കയും അനേകരെ അടിമകളായി കൊണ്ടുപോകയും ചെയ്തല്ലോ. അവർ അടിമത്തത്തിൽനിന്നു തിരിച്ചെത്തിയപ്പോൾ ശിഥിലമായിക്കിടന്ന ദേവാലയം സെറുബാബേൽ, ജോഷ്വ എന്നിവരുടെ നേതൃത്വത്തിൽ പുനർനിർമ്മിക്കാനാരംഭിച്ചു. അർപ്പോൾ അവരെ സഹായിക്കാൻ സമറിയാക്കാർ മുന്നോട്ടു വന്നു. പക്ഷേ യൂദയാക്കാർ സ്വീകരിച്ചില്ല. യഹൂദ പൈതൃകപാരമ്പര്യങ്ങൾ നഷ്ടപ്പെട്ടവരുടെ സഹായം അവർക്കുവേണ്ടെന്നു പറഞ്ഞു് തിരസ്ക്കരിച്ചു. ദൈവത്തിന്റെ ഭവനത്തിന്റെ പുനർനിർമ്മിതിയിൽ പങ്കെടുക്കാൻ വംശപരിശുദ്ധി നഷ്ടപ്പെടുത്തിയ സമറിയാക്കാർക്കു് അവകാശമില്ലെന്നായിരുന്നു യൂദയാക്കാരുടെ നിലപാടു്. ഇതോടെ സമറിയാക്കാർക്കു് യൂദയാക്കാരോടുള്ള വൈരം രൂക്ഷമായി. വൈരം വർദ്ധിക്കാൻ മററു് സംഭവങ്ങളുമുണ്ടായി. സൻബല്ലാ എന്ന സമറിയാക്കാരന്റെ

www.malankaralibrary.com

മക്കളെ യഹൂദമതം ത്യജിച്ചു മനസ്സു വിവാഹം ചെയ്തു (നെഹെ. 13,28). അതും പോരാഞ്ഞു് യൂദയാക്കാരുടെ ജറുസലേം ദേവാലയത്തിനു് ബദലായി സമറിയായുടെ കേന്ദ്രഭാഗത്തു് ഗെർസിംമലയിൽ ഒരു ആരാധനാലയവും പണിതു. ഇനിയും കുറെക്കഴിഞ്ഞു് ബി. സി. 129–ൽ മക്കബായക്കാരുടെ നാളുകളിൽ യൂദനേതാവായിരുന്ന ജോൺ ഹിർക്കാനൂസ് സമറിയായെ ആക്രമിക്കുകയും ഗെർസിം മലയിലെ ദേവാലയം നശിപ്പിക്കുകയും ചെയ്തു. യൂദയാക്കാരും ഗലീലേയരും സമറിയാക്കാരെ അവജ്ഞയോടെയാണു് വീക്ഷിച്ചിരുന്നതു്. തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായിരുന്നു സമറിയാക്കാർ!

സമറിയാക്കാർ യഹൂദപ്രവാചകന്മാരെ സ്വീകരിച്ചിരുന്നു. പക്ഷേ പഴയനിയമത്തിലെ പ്രവചനഗ്രന്ഥങ്ങൾ ദൈവിക വെളിപാടായി അംഗീകരിച്ചില്ല.

ഏതാണ്ടു് നാലു നൂററാണ്ടുകളിലൂടെ വളർന്നു വലുതായ വിദ്വേഷത്തിൻേറയും ശത്രുതയുടേയും പാരമ്പര്യത്തിലൂന്നിയാണു് സമറിയാക്കാരി യേശുവിനോടു സംസാരിക്കുക. 'യഹൂദനായ നീ സമറിയാക്കാരിയായ എന്നോടു കുടിക്കാൻ ചോദിക്കയോ?' ദാഹിച്ചു വലഞ്ഞ ഒരു കാൽനടക്കാരൻ എന്നതിലധികം യേശുവിനെ അവൾക്കു കാണാനായില്ല. സംഭവ വിവരണത്തിലെ ആദ്യ ഘട്ടമങ്ങനെ അവസാനിച്ചു (വാക്യ. 7–9).

തിരിച്ചറിയുക:

തിരിച്ചറിയാനുള്ള ക്ഷണമാണു് രണ്ടാം ഘട്ടത്തിൽ. (വാക്യ. 10–12). യേശു അവളോടു പറഞ്ഞു: ദൈവത്തിൻെറ ദാനം എന്തെന്നും 'എനിക്കു കുടിക്കാൻ തരിക' എന്നു നിന്നോടാവശ്യപ്പെടുന്നതാരെന്നും നിനക്കറിയാമാ

www.malankaralibrary.com

യിരുന്നെങ്കിൽ നീ അദ്ദേഹത്തോട് ജീവജലം ചോദിക്കുമായിരുന്നു. അതു് അദ്ദേഹം നിനക്കു നൽകയും ചെയ്യുമായിരുന്നു. അവൾ പറഞ്ഞു: പ്രഭോ വെള്ളം കോരാൻ അങ്ങേയ്ക്കു പാത്രമില്ല. കിണറോ ആഴമേറിയതും. പിന്നെ ഈ ജീവജലം എവിടെനിന്നു് അങ്ങേയ്ക്കു കിട്ടും? ഈ കിണർ ഞങ്ങൾക്കു നൽകിയ ഞങ്ങളുടെ പിതാവായ യാക്കോബിനെക്കാൾ വലിയവനാണോ അങ്ങു്? അദ്ദേഹവും അദ്ദേഹത്തിന്റെ മക്കളും കന്നുകാലികളും ഈ കിണററിൽ നിന്നാണു് കുടിച്ചിരുന്നതു്".

യേശുവും സമറിയാക്കാരിയുമായുള്ള സംഭാഷണം യേശുവും നിക്കോദിമൂസുമായുള്ള സംഭാഷണത്തിന്റെ രീതിയിൽ തന്നെയാണു്. യേശു ഒരു പ്രസ്താവം നടത്തുന്നു. അതു് അപരനു് ദുർഗ്രഹമാണു്. അയാളതു തെററിദ്ധരിക്കുന്നു. യേശു വീണ്ടും കൂടുതൽ ശക്തമായൊരു പ്രസ്താവം നടത്തുന്നു. അതും തെററിദ്ധരിക്കപ്പെടുന്നു. ആ സാഹചര്യത്തിൽ യേശു അയാളെ ഏതാണ്ട് നിർബന്ധപൂർവ്വം ആഹ്വാനം ചെയ്യുന്നു. സത്യം കണ്ടുപിടിക്കാനും അഭിമുഖീകരിക്കാനും ക്ഷണിക്കുന്നു.

സമറിയാസ്ത്രീയോടൊത്തുള്ള സംഭാഷണത്തിൽ രണ്ടുവിധ ആഹ്വാനം യേശു അവൾക്കു നൽകുന്നു. അവളോട് സംസാരിക്കുന്ന ആളിനെ തിരിച്ചറിയാനും അദ്ദേഹത്തോട് ജീവജലം ചോദിക്കാനും.

യേശുവിനെ ദൈവദാനമായി തിരിച്ചറിയണമെന്നത്രേ യേശുവിന്റെ ആഹ്വാനം. ക്രിസ്തുപശുവിൽ പ്രത്യക്ഷമായിരിക്കുന്ന ദൈവദാനം. "തന്റെ ഏകജാതനായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരെല്ലാം നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിന് അവനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രയ്ക്കും സ്നേഹിച്ചു" (യോഹ. 3, 16).

www.malankaralibrary.com

യേശുവെന്ന ദൈവദാനം സ്വീകരിച്ചാണ് മനുഷ്യൻ സമ്പന്നനാകേണ്ടതു്. ഇതു് സ്വീകരിക്കാതെ മറെറന്തെല്ലാമുണ്ടായാലും മനുഷ്യൻ സമ്പന്നനാകില്ല; ധന്യനാകില്ല. മനുഷ്യനേറതായ സകല സമ്പാദ്യങ്ങളോടുംകൂടെ അവൻ ദരിദ്രനായിരിക്കും. എന്നാൽ യേശുവിൻെറ സമ്പന്നത സ്വയംദാനത്തിലത്രേ. മനുഷ്യൻെറ സമ്പന്നത സ്വയം നൽകുന്ന യേശുവിനെ സ്വീകരിക്കുന്നതിലും. ദൈവദാനം തനിക്കാവശ്യമെന്നുള്ള ബോധവും ആഗ്രഹവും മനുഷ്യനനുപേക്ഷണീയമാണ്. ദൈവത്തെ തനിക്കാവശ്യമാണെന്ന ബോധമുണ്ടാവണമെങ്കിൽ സ്വദരിദ്രാവസ്ഥയെക്കുറിച്ച് ബോധമുണ്ടായിരിക്കണം. ഇതിന് നേരെ വിപരീതമാണ് മിക്കവരുടേയും മനോഭാവമെന്ന് തോന്നിപ്പോകുന്നു. ദൈവത്തിന് എന്തെങ്കിലും വേണമെങ്കിൽ അങ്ങോട്ടു നൽകാമെന്നാണ് അവരുടെ ഭാവം. പള്ളിയിൽ പ്രാർത്ഥിച്ച ഫരീസൻെറ മനോഭാവം. "ഞാൻ ആക്രമികളും അനീതിമാന്മാരും വ്യഭിചാരികളുമായ മററു മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെപ്പോലെയോ അല്ലാത്തതിനാൽ നന്ദി. ഞാൻ ആഴ്ചയിൽ രണ്ടു ദിവസം (തിങ്കളും വ്യാഴവും) ജലപാനം പോലും ഉപേക്ഷിച്ചുപവസിക്കുന്നു. (സാധാരണക്കാർ ആഴ്ചയിൽ ഒരു ദിവസമുപവസിച്ചാൽ മതി.) ഞാൻ സമ്പാദിക്കുന്ന സകലത്തിൻേറയും ദശാംശം നൽകുന്നു, (ആദ്യ ഫലങ്ങളുടെ പത്തിലൊന്നു മാത്രമല്ല)!" ഇത്രയൊക്കെ ചെയ്തു പുണ്യം ഞാൻ നേടിവച്ചിട്ടുണ്ടു്. ഇതിൽനിന്നു് ദൈവത്തിന് വേണ്ടത്ര കൊടുക്കാൻമാത്രം സമ്പന്നൻ! ദൈവത്തെ കുടിയിരുത്താൻ പള്ളിപണിയിയ്ക്കുന്നവരും കയ്യയച്ചു കൊടുക്കുന്നവരുമാണ് പലരും. അവരവർക്കും അപരർക്കും വേണ്ടിയല്ല. ദൈവത്തിൽ നിന്നു ദാനങ്ങൾ കൈപ്പററുന്നവരാകയാണ് മനുഷ്യൻെറ മഹനീയത.

www.malankaralibrary.com

ദൈവം തനിക്കാവശ്യമെന്നുള്ള ബോധമുള്ളവന് ദൃശ്യസ്പർശ്യരൂപങ്ങളിൽ തൻെറ മുമ്പിൽ വെളിപ്പെടുന്ന ദൈവത്തെ തിരിച്ചറിയാനാവും. താന്ന സമീപിക്കുന്ന ദൈവത്തെ മനസ്സിലാക്കുക. ഭിക്ഷുവിൻേറയോ സുഹൃത്തിൻേറയോ മാതാവിൻെറയോ പിതാവിൻെറയോ കുഞ്ഞുങ്ങളുടേയോ അയല്ക്കാരൻെറയോ ഒക്കെ രൂപങ്ങളിൽ പ്രത്യക്ഷനാവുന്ന ദൈവത്തെ തിരിച്ചറിയണം. ചിലപ്പോറം അപരിചിത രൂപഭാവങ്ങളിലാവാം പ്രത്യക്ഷപ്പെടുക. ഇക്കാര്യത്തിലും ദൈവമവലംബിക്കാറുള്ള മാർഗ്ഗങ്ങളിൽനിന്നു വ്യത്യസ്തമായ വഴികളാണ് മനുഷ്യരാഗ്രഹിക്കുക. ഇന്നയിന്ന രൂപങ്ങളിലേ ദൈവം പ്രത്യക്ഷപ്പെടാവൂ എന്നു് പലരും നിർബ്ബന്ധിച്ചുകളയുന്നു. അതിനു വഴങ്ങാത്ത ദൈവത്തെ അവർക്കു വേണ്ട. ക്രിസ്തു തങ്ങളോടു് പെരുമാറേണ്ട വിധമെല്ലാം അവർ അങ്ങോട്ടു നിർദ്ദേശിക്കുന്നു. അതിൽനിന്നു അവിടുന്നു വ്യതിചലിച്ചാൽ ക്രിസ്തു അവർക്കു ക്രിസ്തു അല്ലാതാകുന്നു! ദൈവം ഏതുവിധം വന്നാലും തിരിച്ചറിയണം. അതിനോറം പറ്റിയ മനോഭാവം അവിടന്നു് നമുക്കാവശ്യമാണെന്ന ബോധ്യമാണു്. നമുക്കു് ഇഷ്ടപ്പെട്ടതും അല്ലാത്തതുമായ രൂപങ്ങളിൽ നമുക്കാവശ്യമാണെന്നു്. ആ ബോധ്യത്തിലേക്കുയരാൻ യേശു സമറിയാക്കാരിയെ ക്ഷണിക്കുന്നു. ദാഹം നിത്യമായി ശമിപ്പിക്കുന്ന ജീവജലമാണു് യേശുവെന്ന ദൈവദാനം എന്നറിയാനാണു് യേശു അവളെ ക്ഷണിക്കുക.

'ജീവനുള്ള ജലം' പദാർത്ഥപരമായേ അവറം മനസ്സിലാക്കിയുള്ളൂ. സാധാരണ പൗരസ്ത്യശൈലിയിൽ ജീവനുള്ള ജലം, ഒഴുക്കുവെള്ളമോ ഉറവജലമോ ആണു് (കാണുക: ഉല്പ. 26, 19; ലേവ. 14, 15; ജറ. 2,13; സഖറി. 14,8). കിണർ, കുളങ്ങറം എന്നിവയിലെ ജലം കെട്ടികിടക്കുന്ന

www.malankaralibrary.com

താണ്. അതു് ജീവനില്ലാത്തതത്രേ. ഈ അർത്ഥത്തിലാണ് 'ജീവജലം' എന്ന പദം സമരിയാക്കാരി മനസ്സിലാക്കുക. എന്നാൽ അതിന്റെ ആദ്ധ്യാത്മികാർത്ഥമാണ് യേശു ഉദ്ദേശിക്കുക. 'ജീവന്റെ ജലം' എന്ന പ്രയോഗം പഴയനിയമത്തിൽനിന്നെടുത്തതാണ്. അവിടെ പലയിടത്തുമുണ്ട്. ഇസ്രായേലിന്റെ വിശ്വാസത്യാഗത്തെക്കുറിച്ച് യാഹ്‌വേ ജറമിയാസ് പ്രവാചകൻ വഴി വിലപിക്കുന്നു: 'എന്റെ ജനം ദ്വിവിധം തിന്മ ചെയ്തു. അവർ ജീവജലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ചു. വെള്ളമില്ലാത്ത കുളങ്ങൾ, പൊട്ടക്കുളങ്ങൾ തങ്ങൾക്കുവേണ്ടി കുഴിച്ചിരിക്കുന്നു "(ജറ. 2, 13). ജറുസലേമിന്റെ സ്വാതന്ത്ര്യവും വിജയവും ചിത്രീകരിച്ച് സഖറിയാ പ്രവചിച്ചു: "അന്നാളിൽ ജീവനുള്ള ജലം ജറുസലേമിൽ നിന്നു പുറപ്പെട്ട് പാതി പൂർവ്വദിക്കിലെ കടലിലേക്കൊഴുകും........" (14, 8). ഫലഭൂയിഷ്ഠമായ പുതിയതും പരിശുദ്ധവുമായ ഭൂമിയെ ചിത്രീകരിച്ച് എസക്കിയേലും പ്രവചിച്ചു. അദ്ദേഹം ദർശനത്തിൽ ഒരു വൻനദി കണ്ടു. "ആ നദി ചെന്നെത്തുന്നിടത്തെല്ലാം സർവ്വചരങ്ങളും ജീവനുള്ളവയായിരിക്കും........ സകലതും ജീവിക്കും" (47, 9). "ജ്ഞാനിയുടെ പ്രബോധനം ജീവന്റെ ഉറവയത്രേ; അതിനാൽ മരണത്തിന്റെ കെണികൾ ഒഴിഞ്ഞുപോകും" എന്നു് സുഭാഷിതവാക്യങ്ങൾ (13,14) പറയുന്നു. ഇവിടെയെല്ലാം ജീവജലം ദിവ്യമായ ജീവശക്തിയെയോ വെളിപാടോ വിജ്ഞാനമോ ആണല്ലോ സൂചിപ്പിക്കുക. യഹൂദരുടെ റബ്ബിനിക്കൽ സാഹിത്യത്തിൽ നിയമഗ്രന്ഥത്തെ സൂചിപ്പിക്കുന്നു 'ജീവജലം' എന്നപദം. പുറപ്പാട് 21, 16 മുതൽ വാക്യങ്ങളിൽ പരാമർശിക്കുന്ന ജലത്തിന്റെ കിണർ നിയമഗ്രന്ഥമാണല്ലോ. ദൈവം നൽകുന്ന ജീവജലംകൊണ്ട് ആത്മാവിന്റെ ദാഹം തീർക്കുമെന്ന ആശയവും യഹൂദമതഗ്രന്ഥങ്ങളിലു

www.malankaralibrary.com

ണ്ട്. "ദാഹിക്കുന്നവന്മേലെല്ലാം ഞാൻ ജലമൊഴുക്കും" (ഐസ. 44, 3). "ദാഹിക്കുന്നവരെല്ലാം വന്നു സൗജന്യമായി വെള്ളം കുടിക്കുവിൻ" എന്നും ഐസയാസ് പ്രവാചകൻ ആഹ്വാനം ചെയ്യുന്നു (ഐസ. 55,1).

സമറിയാക്കാർ പഞ്ചഗ്രന്ഥിയും പ്രവാചകന്മാരെയും സ്വീകരിച്ചെങ്കിലും പ്രവാചകഗ്രന്ഥങ്ങളിലെ ദൈവികവെളിപാട് അംഗീകരിച്ചിരുന്നില്ലല്ലോ. അതും ഭൗതികപരമായ അർത്ഥത്തിനുപരി ഉയരുവാൻ സമറിയാക്കാരിയ്ക്കു കഴിയാഞ്ഞതിനു കാരണമാകാം. ,ജീവനുള്ളതു്' എന്നു മനുഷ്യൻ പറയുന്നതല്ല വാസ്തവത്തിൽ 'ജീവജലം' എന്നു വ്യക്തമാക്കാൻ അവളുടെ തെററിദ്ധാരണ കാരണമായി. (ഇതു് നാലാം സുവിശേഷകൻ പലയിടത്തും പ്രയോഗിക്കുന്ന ഒരു സാഹിത്യവിദ്യയാണു്).

പഞ്ചഗ്രന്ഥിയും പ്രവാചകഗ്രന്ഥങ്ങളും വാഗ്ദാനം ചെയ്യുന്ന ദൈവദാനമാണ് യേശു. അവിടുന്നു ജീവജലമത്രേ. ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നവർക്ക് അവിടുന്ന് യഥാർത്ഥ ജീവജലമായി സ്വയം നൽകുന്നു. ഇതത്രേ യേശു സമറിയാക്കാരിയോടു പറയുക.

യേശുവിനേയും അവിടത്തെ വാക്കുകളും മനസ്സിലാക്കാതെ അവൾ എടുത്തു ചോദിച്ചു: ഈ കിണർ ഞങ്ങൾക്കു തന്ന ഞങ്ങളുടെ പിതാവായ യാക്കോബിനെക്കാൾ വലിയവനോ അങ്ങ്? യഹൂദന്മാരുടെ പൂർവ്വപിതാവാണു യാക്കോബ്. അദ്ദേഹത്തിൽനിന്നാണല്ലോ അവർക്ക് ഇസ്രായേൽ എന്ന പേരുപോലും ലഭിച്ചതു്. യാക്കോബ് സമറിയാക്കാരുടെയും പൂർവ്വപിതാവാണെന്ന് യഹൂദന്മാർ സമ്മതിച്ചിരുന്നില്ല. എങ്കിലും സമറിയാക്കാർ അവകാശപ്പെട്ടിരുന്നു. യാക്കോബിന്റെ പ്രിയപുത്രൻ ജോസഫിന്റെ പുത്രന്മാരായ എഫ്രായിമും മനാശ്ശെയും വഴി ജോസ

www.malankaralibrary.com

ഫ് ഗോത്രത്തിലൂടെ യാക്കോബിൻെറ പിൻമുറക്കാരാണ് സമരിയാക്കാർ സ്വയം കരുതി.

യാക്കോബ് സിക്കാറിൽ വന്നപ്പോൾ സ്വന്തം കുടുംബത്തിനും കന്നുകാലികൾക്കും വെള്ളമെടുക്കാൻ കുഴിച്ച കിണറിന്നരികെയാണ് യേശുവും സമരിയാക്കാരിയും സംസാരിക്കുക. കാലാന്തരത്തിൽ സമരിയാക്കാരുടെ പൊതുകിണറായി. പ്രസ്തുത കിണർ അവർക്കു നൽകിയ യാക്കോബിനെക്കാൾ വലിയവനോ യേശു എന്നായി അവളുടെ ചോദ്യം. ഇതും വൈരുദ്ധ്യാത്മകമത്രേ. യേശുവിനെക്കുറിച്ച് കൂടുതൽ ആഴമാർന്നൊരുൾക്കാഴ്ചയ്ക്കു് ഒരുക്കുന്ന ചോദ്യമാണിതു്. അതു് അവൾക്ക് അവസരമേകി ജീവനുവേണ്ടിയുള്ള ദാഹത്തിലേക്ക് യേശു അവളുടെ ശ്രദ്ധ ക്ഷണിച്ചു.

ജീവനുവേണ്ടി ദാഹിക്കുക. "ഈ വെള്ളം കുടിക്കുന്നവനെല്ലാം പിന്നേയും ദാഹിക്കും. എന്നാൽ ഞാൻ കൊടുക്കുന്നവെള്ളം കുടിക്കുന്നവന് പിന്നെ ഒരിക്കലുംദാഹിക്കുകയില്ല. ഞാൻ നൽകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്കു നിർഗ്ഗമിക്കുന്ന നീരുറവയാകും". അപ്പോൾ അവൾ പറഞ്ഞു: 'എങ്കിൽ ആ വെള്ളം എനിക്കു നൽകിയാലും. മേലിൽ എനിക്കു ദാഹിക്കില്ലല്ലോ. വെള്ളം കോരാൻ എനിക്ക് ഇവിടെ വരികയും വേണ്ടല്ലോ".

(വാക്യം. 13–15)

സംഭാഷണത്തിലെ ത്രിതീയ ഘട്ടത്തിലാണിപ്പോൾ. സമറിയാക്കാരി യേശുവിനോടു് ജലമാവശ്യപ്പെടുന്ന നിലയിലെത്തിയിരിക്കുന്നു! വെള്ളം കോരാൻ വന്നവൾ ദാഹത്തിന്നിരന്ന ഭിക്ഷുവിനോടു് വെള്ളം ചോദിക്കുന്നു. ദാഹജലം. ദാഹം നിത്യമായി ശമിപ്പിക്കുന്ന ജലം. യാക്കോബിൻെറ കിണററിലെ വെള്ളം കുടിച്ചാൽ ദാഹം എന്നേ

www.malankaralibrary.com

ക്കും ശമിക്കയില്ല. പിന്നെയും ദാഹിക്കും. യേശു നൽകുന്ന ജലം ദാഹം എന്നേക്കും ശമിപ്പിക്കും.

ജീവജാലങ്ങൾക്ക് ജീവസന്ധാരണത്തിനാവശ്യമായൊരു വസ്തുവെന്നാണല്ലോ വെള്ളത്തെ സാധാരണ മനസ്സിലാക്കുക. വെള്ളത്തിനുള്ള മനുഷ്യന്റെ ദാഹം ജീവിക്കാനുള്ള അവന്റെ ആഗ്രഹമാണ് വ്യക്തമാക്കുക. ജീവിക്കാനുള്ള മൗലികമായ അഭിലാഷവും അഭിനിവേശവുമാണ് വിശപ്പിലും ദാഹത്തിലും കാണുക. മരണത്തിനിടയാക്കുന്ന ജലം മനുഷ്യൻ സാധാരണ ആഗ്രഹിക്കാറില്ല ജീവിക്കാൻ ജലപാനം നടത്തുന്നു. ജീവൻ നൽകുന്ന ജലമാഗ്രഹിക്കുന്നു. ശാരീരികദാഹം അന്തരാത്മാവിന്റെ ദാഹത്തിന്റെ പ്രകടനമത്രേ. ഈ ദാഹം അടിസ്ഥാനപരമായി ശമിപ്പിക്കാൻ ജീവജലമായ യേശുവിനേ സാധിക്കൂ. അങ്ങിലന്തർലീനമായിരിക്കുന്ന ജീവചൈതന്യമേകാൻ ഇതര ഭൗതികവസ്തുക്കൾക്കൊന്നിനും കഴിയില്ല. ജീവിക്കാൻ അപരിത്യാജ്യമായ ജലത്തിനുപോലും.

യേശു നൽകുന്ന ജലം പാനം ചെയ്യാൻ മനുഷ്യൻ ഭൗതിക വസ്തുക്കൾക്കുപരി ഉയരണം. അവയിൽ കുടുങ്ങിക്കിടന്നാൽ ദാഹം ശമിപ്പിക്കാനാവില്ല. വർദ്ധിക്കുകയേയുള്ളൂ. യഥാർത്ഥവും അയഥാർത്ഥവും വേർതിരിച്ചു കാണണം. യഥാർത്ഥമായതിനു സ്വയം തുറന്നുകൊടുക്കണം. മനുഷ്യന്റെ ദാഹം എന്നേക്കുമായി ശമിപ്പിക്കുന്ന യേശുവിനു മനുഷ്യൻ സ്വയം തുറന്നുകൊടുക്കയും സമർപ്പിക്കുകയും ചെയ്താലേ അവന്റെ ദാഹം ശമിപ്പിക്കാൻ യേശുവിനു സാധിക്കൂ.

മനുഷ്യരെല്ലാം ജീവിക്കാനാഗ്രഹിക്കുന്നു. ജീവനാഗ്രഹിക്കുന്നു. അനശ്വരമായി ജീവിക്കണമെന്നാണ് ഉള്ളി

www.malankaralibrary.com

ന്റെയുള്ളിൽ ആഗ്രഹം. സവിശേഷമായ ഈ ആശ അസ്തിത്വത്തിന്റെ അടിസ്ഥാന ഘടകം തന്നെയെന്നു പറയാം. അതു് പ്രാപിക്കുന്നതുവരെ മനുഷ്യഹൃദയം അസ്വസ്ഥമായിരിക്കും. അനശ്വരാസ്തിത്വം പ്രതീക്ഷിക്കുന്നവർ സ്വസ്ഥതയോടും സന്തോഷത്തോടും ഭൗമിക ജീവിതത്തോടു വിടപറയുന്നു. അല്ലാത്തവർ നെടുവീർപ്പോടും നിരാശയോടും മരിക്കാൻ സ്വയം അനുവദിക്കുന്നു. ആദ്യത്തെ കൂട്ടർ സ്വയമണയുന്ന മരണം സസന്തോഷം സ്വീകരിക്കുന്നു. അതിലൂടെ സംതൃപ്തരായി കടന്നുപോകുന്നു.

സമറിയാസ്ത്രീയോടുള്ള സംഭാഷണത്തിൽ യേശു പറഞ്ഞു. അവിടുന്നു നൽകുന്ന ജീവജലം കുടിക്കുന്നവനു് പിന്നൊരിക്കലും ദാഹിക്കയില്ലെന്നു്. ഇതു് ഒരു മെസിയാനിക വാഗ്ദാന പൂർത്തീകരണവുമാണ്. വിജ്ഞാനം പാനം ചെയ്യുന്നവനെല്ലാം വീണ്ടും ദാഹിയ്ക്കും (സിറാ. 24, 20). എന്നാൽ മെസിയാനികയുഗത്തെക്കുറിച്ചു് ഐസയാസ് പ്രവചിച്ചു: "അവർക്കു് വിശക്കയോ ദാഹിക്കയോ ഇല്ല" (49,10). "ജീവന്റെ ഉറവ അങ്ങിലാണല്ലോ" എന്നു സങ്കീർത്തകനും (36,9) പാടി. കർത്താവാണു് ജീവജലത്തിന്റെ ഉറവയെന്നു് ജറമിയായും പ്രസ്താവിച്ചു (17,13). മെസിയാനിക കാലത്തു് വരണ്ട നിലം ജലാശയമാകയും വെള്ളത്തിനു കേഴുന്ന പ്രദേശം അരുവിയാകയും ചെയ്യും (ഐസ. 35,7). ഈ വാഗ്ദാനങ്ങൾ യേശുവിൽ സാക്ഷാത്കൃതമായെന്നത്രേ യേശു പറയുക.

അവർ ഭൗതികാർത്ഥത്തിൽ മാത്രം മനസ്സിലാക്കിയ വെള്ളം ആവശ്യപ്പെട്ടു. രണ്ടു ചിന്തകളാണ് പ്രേരിപ്പിച്ചതു്. യേശു നൽകുന്ന വെള്ളം കുടിച്ചാൽ ഇനി ദാഹി

www.malankaralibrary.com

ക്കില്ലല്ലോ. ഇനിയൊരിക്കലും വെള്ളം കോരാൻ പോകയും വേണ്ട.

'ആ ജലം എനിക്കു നൽകിയാലും'. ദാഹം നിതൃമായി ശമിപ്പിക്കുന്ന ജലത്തിനുവേണ്ടിയുള്ള ദാഹം സമറിയാസ്ത്രീയിൽ ഉദിപ്പിക്കുന്നതിൽ യേശു വിജയിച്ചു. ഈ ദാഹമാണല്ലോ യഥാർത്ഥത്തിൽ മനുഷ്യനാവശ്യവും. ദാഹമുണ്ടെങ്കിലേ ജലമന്വേഷിക്കൂ. ജീവജലത്തിനുവേണ്ടിയുള്ള ദാഹം യഥാർത്ഥ ഉറവ കണ്ടെത്താൻ മനുഷ്യനെ സഹായിക്കുന്നു. കൂടാതെ, അതാവശ്യവുമാണ്. ദാഹിക്കുന്നവരെയെല്ലാം യേശു തന്നിലേക്കു ക്ഷണിക്കുന്നുണ്ടല്ലോ. "ദാഹിക്കുന്നവരെല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ" (യോഹ 7,37). ഇതുപോലെ തന്നെ അപ്പത്തെക്കുറിച്ചും യേശു പറയുന്നു. ജീവന്റെ അപ്പത്തെപ്പറ്റി വിവരിക്കുമ്പോൾ സനാതനവും അനശ്വരവുമായ അപ്പത്തിനു വേണ്ടി പ്രയത്നിക്കാൻ അവിടുന്നാവശ്യപ്പെടുന്നു. അവസാനം ശിഷ്യന്മാരാവശ്യപ്പെട്ടുപോയി: "നാഥാ, ഈ അപ്പം എപ്പോഴും ഞങ്ങൾക്കു നൽകണേ" (യോഹ. 6 25-34). യേശു വാഗ്ദാനം ചെയ്ത വെള്ളം കുടിക്കാൻ സമറിയസ്ത്രീ ആഗ്രഹം പ്രകടിപ്പിച്ചു. അതിന്റെ അന്തരാർത്ഥമാകെയറിയാതെയാണ് അവളങ്ങനെ ചെയ്യുക. എന്തോ മാന്ത്രികശക്തിയുള്ള വെള്ളമെന്നാവാം അവൾ ധരിച്ചത്. അതിനാൽ ഏതാണ്ട് പരിഹാസരൂപേണയാണ് അവൾ വെള്ളമാവശ്യപ്പെടുക. അവളുടെ ഇനിയത്തെ ഐഹിക ജീവിതം കൂടുതൽ അനായാസമാക്കാനൊരു മാർഗ്ഗമായി മാത്രമേ അവൾക്കതു കാണാനായുള്ളൂ.

യേശുവിന്റെ മറുപടി ദിവ്യജ്ഞാനമുള്ളയാളായി

www.malankaralibrary.com

അവിടത്തെക്കാണാൻ സമറിയാക്കാരിയെ സഹായിച്ചു. അടുത്തപടിയിലേക്കു് സംഭാഷണമുയരുകയാണു്. സ്വയം കണ്ടെത്താൻ സ്ത്രീയെ യേശു സഹായിച്ചു. അതുവഴി യേശുവിനെ കണ്ടെത്താനും. "യേശു പറഞ്ഞു: 'നീ പോയി നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടുവരിക'. 'എനിക്കു ഭർത്താവില്ലല്ലോ, ആ സ്ത്രീ പറഞ്ഞു:

അവളുടെ സ്വയം പ്രതിരോധം യേശു തകർത്തുകളഞ്ഞു. സ്വയം വിലയിരുത്തി സ്വന്തം അസംതൃപ്താവസ്ഥയെക്കുറിച്ചുള്ള അവബോധമുണർത്തി യഥാർത്ഥ ജീവജലത്തിനു സ്വയം സമർപ്പിക്കാൻ അവളെ പ്രാപ്തയാക്കുയാണു്. ഈ ആത്മസമർപ്പണം വേദനാപൂർണ്ണമത്രേ. പക്ഷേ ദാഹം ശമിപ്പിച്ചു് സമ്പൂർണ്ണസംതൃപ്തിയേകുന്ന ജീവജലം ലഭിക്കാൻ വിധിയാളനായ ദൈവത്തിന്റെ സന്നിധിയിൽ സ്വജീവിതം സമ്പൂർണ്ണമായി തുറന്നുവയ്ക്കണം. അവളുടെ യഥാർത്ഥാവസ്ഥ സ്വയം കണ്ടെത്താൻ സഹായിച്ചുകൊണ്ടു് യേശുവിനെ കണ്ടെത്താനും സഹായിക്കുന്നു.

## പ്രകാശത്തിനു മുന്നിൽ

യേശു അവളോടു പറഞ്ഞു: 'എനിക്കു ഭർത്താവില്ല' എന്നു നീ പറഞ്ഞതു ശരിയാണു്. പക്ഷേ, നിനക്കു അഞ്ചു ഭർത്താക്കന്മാരുണ്ടായിരുന്നു. ഇപ്പോൾ നിന്നോടൊത്തുള്ളവൻ നിന്റെ ഭർത്താവല്ലതാനും. നീ പറഞ്ഞതു് സത്യമത്രേ. അവൾ പ്രതിവചിച്ചു: 'സ്വാമിൻ, അങ്ങു് ഒരു പ്രവാചകനാണെന്നു ഞാൻ മനസ്സിലാക്കുന്നു. ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ ആരാധന നടത്തി. എന്നാൽ യഥാർത്ഥ ആരാധനാസ്ഥലം ജറുസലേമിലാണെന്നു് നിങ്ങൾ പറയുന്നു (വാക്യ. 17—20).

സാങ്കേതികമായി നോക്കിയാൽ സംഭാഷണം അടുത്ത

www.malankaralibrary.com

(അഞ്ചാം) പടിയിലേക്ക കടന്നു. അവിടെയെത്തിയപ്പോഴേക്കും യേശുവിനെ ഒരു പ്രവാചകനായി സമറിയാസ്ത്രീ കണ്ടെത്തുന്നു. 'നീ പോയി നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടുവരിക' എന്ന് യേശു അവളോട് ആവശ്യപ്പെട്ടന്നതിന്റെ അർത്ഥം ഇപ്പോഠം വ്യക്തമാകുന്നു. സംഭാഷണത്തിന്നിടയിൽ അപ്രസക്തമായൊരു ആവശ്യം അസാന്ദർഭികമായി ഉന്നയിക്കയല്ലായിരുന്നോ എന്നാണ് ആദ്യം തോന്നുക.

ദൈവത്തെ കണ്ടെത്തലിന്റെ ഭാഗമാണ് സ്വയം കണ്ടെത്തൽ. അവളുടെ ജീവിതത്തിന്റെ ഉള്ളുകള്ളികളെല്ലാം തനിക്കറിയാമെന്ന് യേശു വെളിപ്പെടുത്തി. അതോടെ തന്നോടു സംസാരിക്കുന്നവനെ കുറെക്കൂടി ആഴമായ ദർശിക്കാൻ അവഠംക്ക കഴിഞ്ഞു. യേശു പ്രവാചകനാണ്, ദിവ്യനാണ്. വ്യക്തികളുടേയും രാഷ്ട്രത്തിന്റേയും തിന്മകഠംക്ക നേരേ വിരൽ ചൂണ്ടി അവയ്ക്കെതിരേ ഉറക്കെ സംസാരിച്ചവരാണല്ലോ പ്രവാചകന്മാർ. നാത്താനും സ്നാപകയോഹന്നാനുമൊക്കെ അങ്ങനെ ചെയ്തു. ശിക്ഷിക്കാനെന്നതിലും രക്ഷിക്കാനും തെററായ മാർഗ്ഗത്തിൽ നിന്നു നേരായ ിലേക്ക നയിക്കാനുമാണവർ പ്രഘോഷിച്ചതു്. സമറിയാക്കാരി യേശുവിനെ പ്രവാചകനെന്നു കണ്ടെത്തി ഏററു പറഞ്ഞു. ആരാധനയെക്കുറിച്ചുള്ള ഒരു ചോദ്യമുന്നയിച്ച് അടുത്ത പട യിലേക്ക്, അന്തിമമായ അംഗീകാരത്തിലേക്ക, കടക്കുന്നു.

"ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ ആരാധന നടത്തി. എന്നാൽ യഥാർത്ഥ ആരാധനാസ്ഥലം ജറുസലേമാണെന്നു നിങ്ങഠം പറയുന്നു" (വാക്യം. 20).

തൊട്ടുമുമ്പത്തെ വാചകത്തോടു ബന്ധമൊന്നുമില്ലാ

www.malankaralibrary.com

ത്ത പ്രസ്താവമെന്ന തോന്നാം. യേശു അവരുടെ ജീവിതത്തകരാറ് ചൂണ്ടിക്കാട്ടുന്നതിൽനിന്ന് വ്യതിചലിപ്പിക്കാനൊരു തന്ത്രമാണോ ഈ ചോദ്യം? അതും അവസരോചിതവും യേശുവിനെക്കുറിച്ച് ആഴമാർന്നൊരു ദർശനത്തിലേക്കെത്തിക്കുന്നതുമത്രേ. ഇതു രസകരംതന്നെ.

യഥാർത്ഥ ആരാധനാസ്ഥലത്തെക്കുറിച്ച് സമറിയാക്കാരും യഹൂദരും തമ്മിൽ ഏറെക്കാലമായി തർക്കമുണ്ടായിരുന്നു. യഥാർത്ഥ ആരാധനയുടെ സ്ഥലം ഏതാണെന്ന് സമറിയാക്കാരി കണ്ടെത്തിയ പ്രവാചകനോടാരായുകയാണ്.

സമറിയാക്കാർ ഗെർസിംമല ദിവ്യമെന്നു കരുതി. അവരുടെ പാരമ്പര്യത്തിൽ അവിടെയാണ് അബ്രഹാം ഐസക്കിനെ അർപ്പിക്കാനൊരുങ്ങിയത്. അബ്രഹാമിന മൽക്കിസദേക്ക് കാണപ്പെട്ടതും അവിടെയാണ്. ഇസ്രായേൽ വാഗ്ദത്ത നാട്ടിൽ കടന്നയുടനെ മോശ ആദ്യം ബലിപീഠമുണ്ടാക്കി ബലിയർപ്പിച്ചതും അവിടെത്തന്നെ. അവർ ജറുസലേമിനെ അവജ്ഞാപൂർവ്വം വീക്ഷിച്ചിരുന്നു.
ഗെർസിം പ്രദേശത്ത് ഗോത്രപിതാക്കന്മാർ ബലിയർപ്പിച്ചെന്ന് യഹൂദന്മാരും വിശ്വസിച്ചു

(ഉല്പ. 12,7;33,20).

ഗെർസിം മല പവിത്രമെന്നു വിശ്വസിക്കുന്ന സമറിയാക്കാരി ആരാധനയെപ്പററി അടിസ്ഥാനപരമായൊരു ചോദ്യമാണ് ഉന്നയിക്കുക. ഗെർസിം മലയുടെയോ ജറുസലേമിന്റേയോ യോഗ്യതായോഗ്യതകളെപ്പററിയല്ല. ഇതിൽ എവിടെ ആരാധിക്കണം? ആരാധന ദൈവുമായുള്ള ബന്ധമാണല്ലോ. താൻ ദൈവത്തോടു നിർണ്ണായകമാ

www.malankaralibrary.com

യൊരു ബന്ധത്തിലെത്തിയിരിക്കുന്നവെന്ന് അവർക്കു മനസ്സിലായി. അവർ സ്വയം കണ്ടെത്തിക്കഴിഞ്ഞല്ലോ. ഈ ആത്മദർശനം ദൈവവുമായുള്ള ബന്ധം ദൃഢതരമാക്കാനും ആഴമാർന്നതാക്കാനും ആഗ്രഹിപ്പിക്കുന്നു. ഈ ബന്ധം എങ്ങനെ എവിടെ ആഴമായും യഥാർത്ഥമായും അനുഭവിക്കാനാവും?

യേശുവിന്റെ ഉത്തരം പുതിയൊരു മാനം അവളുടെ മുമ്പിൽ തുറന്നിട്ടു. "യേശു പറഞ്ഞു: സ്ത്രീ, എന്നെ വിശ്വസിക്കൂ. ഈ മലയിലോ ജറുസലേമിലോ നിങ്ങൾ പിതാവിനെ ആരാധിക്കാത്ത സമയം സമാഗതമാകുന്നു. നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നു. ഞങ്ങൾ അറിയുന്നതിനെ ആരാധിക്കുന്നു. കാരണം, രക്ഷ യഹൂദന്മാരിൽനിന്നാണല്ലോ. എന്നാൽ യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല, അതു വന്നുകഴിഞ്ഞു. വാസ്തവത്തിൽ അത്തരം ആരാധകരെയാണ് പിതാവ് അന്വേഷിക്കുന്നതും. ദൈവം ആത്മാവാകുന്നു. അവിടത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്". ആ സ്ത്രീ പറഞ്ഞു: ക്രിസ്തു എന്നു വിളിക്കപ്പെടുന്ന രക്ഷകൻ വരുമെന്ന് എനിക്കറിയാം. അദ്ദേഹം വരുമ്പോൾ എല്ലാകാര്യങ്ങളും ഞങ്ങളെ അറിയിക്കും". യേശു അവളോടു പറഞ്ഞു: നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെയാകുന്നു..........ആ സ്ത്രീയാകട്ടെ, കുടം അവിടെ വച്ചിട്ട് പട്ടണത്തിലേക്കു പോയി. അവിടെയുള്ളവരോടു പറഞ്ഞു: ഞാൻ ചെയ്ത കാര്യങ്ങളെല്ലാം എന്നോടു പറഞ്ഞ ഒരു മനുഷ്യനെ നിങ്ങൾ വന്നു കാണുവിൻ. ഇദ്ദേഹം തന്നെയായിരിക്കുമോ ക്രിസ്തു" (വാക്യ. 21–28).

www.malankaralibrary.com

സുപ്രധാനമായൊരു നിലയിലെത്തിക്കഴിഞ്ഞു. പരിസമാപ്തിയിൽ. യേശു സ്വയം സമറിയാക്കാരിക്കു സമ്പൂർണ്ണമായി വെളിപ്പെടുത്തുന്നു. അതിന് അവൾ പ്രതിവർത്തിക്കയും ചെയ്യുന്നു. ദാഹത്തിന് നിത്യശമനമേകുന്ന ജീവജലത്തിന്റെ സ്രോതസ്സായി യേശുവിനെ അവൾ അംഗീകരിക്കുന്നു.

സത്യാരാധകരാകാൻ ക്ഷണമേകിയത്രേ അന്തിമനിലയിലേക്ക് യേശു സമറിയാക്കാരിയെ നയിക്കുക. യഹൂദരും സമറിയാക്കാരും ദൈവാരാധന നടത്തിയിരുന്നു. അനുഷ്ഠാന പ്രധാനമായ ആരാധന. അതിനും ആരാധനാസ്ഥലത്തെപ്പററിയുള്ള തർക്കത്തിനും പ്രസക്തി നഷ്ടപ്പെട്ടുകഴിഞ്ഞെന്ന് അറിയിക്കുകയാണ് യേശു. യുഗാന്ത്യോന്മുഖമായ ആരാധനയിൽ ഒരു സ്ഥലത്തിനും പ്രത്യേക പ്രാധാന്യമില്ല. രക്ഷാചരിത്രം പുരോഗമിക്കുന്നതോടെ ആരാധനാലയത്തിന് ചരിത്രത്തിൽ പ്രാധാന്യം കുറയുമെന്ന് യഹൂദരും കരുതിയിരുന്നു എന്നു തോന്നുന്നു. അടിമത്തമവസാനിച്ചു കഴിഞ്ഞു് ദേവാലയപുനർനിർമ്മിതിക്കും ശേഷമുള്ള ഇസ്രായേലിന്റെ ചരിത്രത്തിലേക്കും സാമൂഹ്യവ്യവസ്ഥിതിയിലേക്കും വെളിച്ചം വീശുന്നവയാണല്ലോ മാലാഖിയുടെ പ്രവചനങ്ങൾ. ബി. സി. അഞ്ചാം നൂററാണ്ടിന്റെ ആദ്യപകുതിയിലാണ് മാലാഖി ജീവിച്ചിരുന്നതു്. അന്നു് ഇസ്രായേൽ നടത്തിയിരുന്ന ആരാധന വ്യാജമായിരുന്നു. ബലികൾ അപൂർണ്ണങ്ങളും. യാഹ്വേയ്ക്കർപ്പിക്കേണ്ടതു് ഉത്തമ ബലികളും ആത്മാർത്ഥമായ ആരാധനയുമായിരിക്കണമെന്നു് പ്രവാചകൻ ആവർത്തിച്ചോർപ്പിച്ചു. ദൈവത്തിന്റെ സ്വന്തം ജനം ദൈവനാമത്തെ അവഹേളിക്കുമ്പോൾ വിജാതീയർ മഹത്വപ്പെടുത്തുന്നു. "സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു: എനിക്കു നിങ്ങ

www.malankaralibrary.com

ളിൽ പ്രസാദമില്ല; ഞാൻ നിങ്ങളുടെ കൈകളിൽനിന്നു വഴിപാടു കൈക്കൊള്ളുകില്ല. സൂര്യന്റെ ഉദയം മുതൽ അസ്തമയം വരെ വിജാതിയർക്കിടയിൽ എന്റെ നാമം ഉന്നതമാകുന്നു. എല്ലായിടത്തും എന്റെ നാമത്തിനു ധൂപവും നിർമ്മലമായ വഴിപാടും അർപ്പിച്ചു വരുന്നു"

(മലാഖി. 1,11).

യുഗാന്ത്യോന്മുഖമായ ആരാധനയുടെ സവിശേഷത യേശു സുവ്യക്തമാക്കുകയും ചെയ്യുന്നു. അതു് ആത്മാവിലും സത്യത്തിലുമുള്ള ആരാധനയാണ്. യേശുവിന്റെ ആഗമത്തോടെ യുഗാന്ത്യമായി. അന്ത്യകാലസവിശേഷതയായ പരിശുദ്ധാത്മവർഷവും ആരംഭിക്കഴിഞ്ഞു. ഇനി ആരാധനയ്ക്കു പ്രത്യേകമായൊരർത്ഥവുംരൂപമുണ്ട്. യേശുവിലുള്ള വെളിപാടിന്റെ സത്യം സ്വീകരിക്കുകയാണതു്. യേശുവിലുള്ള ആവിഷ്ക്കരണസത്യം ആത്മാവിന്റെ അഥവാ അരൂപിയുടെ സത്യമാണ്. യേശുവിലെ വെളിപാട് അംഗീകരിക്കുകയെന്നാൽ അന്ത്യകാലാത്മകമായ അവസ്ഥയിലായിരിക്കുകയാണ്. അതാണ് ക്രിസ്തുവിൽ വിശ്വസിക്കുകയെന്നതിനർത്ഥം. അങ്ങനെ ക്രിസ്തുവിൽ വിശ്വസിക്കുന്നതോടെ പുതിയൊരസ്തിത്വത്തിലാകുന്നു. യുഗാന്ത്യപരമായ അസ്തിത്വം. ഈ അസ്തിത്വത്തിൽ ഉൾച്ചേർന്നുള്ള ആരാധനയേ യഥാർത്ഥ ആരാധനയാകൂ. അനുഷ്ഠാനപരമായ ആരാധനയും യഥാർത്ഥ ആരാധനയാകാം. ക്രിസ്തുവിശ്വാസത്തിൽ അടിസ്ഥിതവും ആമഗ്നവുമായിരിക്കണമെന്നു മാത്രം. യുഗാന്ത്യപരമായ ക്രിസ്തുവാസ്തിത്വത്തിൽ അധിഷ്ഠിതമല്ലാത്ത ആരാധന യഥാർത്ഥാരാധനയാവില്ല. ക്രിസ്തുവിൽ സ്വയം വെളിപ്പെടുത്തിയ ദൈവത്തോട് മനുഷ്യൻ നടത്തുന്ന പ്രത്യുത്തരമാണ് സത്യാരാധന. കാരണം ക്രിസ്തു

www.malankaralibrary.com

വിലാണ് ദൈവം ഏററവും പൂർണ്ണമായി മനുഷ്യനോടിടപെട്ടിരിക്കുക. അങ്ങിലാണ് ദൈവം സ്വയം മനുഷ്യന് സമ്പൂർണ്ണമായി വെളിപ്പെടുത്തിയിരിക്കുക.

ആരാധനതന്നെയെന്താണ്? ഈശ്വരൻെറ മനുഷ്യാഭിമുഖ്യത്തിനു പ്രത്യുത്തരമാണല്ലോ. ആവൃതനും അജ്ഞാതനുമായ ദൈവത്തിന് മനുഷ്യൻ മുൻകൈ എടുത്ത് നടത്തുന്ന ആരാധനയെല്ലാം അപൂർണ്ണമത്രേ. രൂപവും സ്ഥലവും ഏതായാലും അവ യഥാർത്ഥ ആരാധനയാവില്ല.

അപൂർണ്ണമായ ആരാധനയാണ് സമറിയാക്കാർ നടത്തിയിരുന്നത് എന്നാണ് യേശു പറയുക (വാക്യം 24). ദൈവം നൽകിയ വെളിപാട് മുഴുവൻ അവർ സ്വീകരിച്ചില്ല. സംരക്ഷിച്ചുമില്ല. വെളിപാടിനെക്കുറിച്ചുള്ള അവരുടെ അറിവും അപൂർണ്ണമായിരുന്നു. പഞ്ചഗ്രന്ഥി അംഗീകരിച്ചിരുന്നെങ്കിലും പ്രവചനപ്രബോധനഗ്രന്ഥങ്ങളിലെ ദൈവാവിഷ്ക്കരണം സ്വീകരിച്ചില്ലെന്ന കാര്യം നേരത്തെ പറഞ്ഞല്ലോ. അവർക്കു സ്വീകാര്യമായ രീതിയിൽ അവർ വേദഗ്രന്ഥം ക്ലിപ്തപ്പെടുത്തി. സമറിയായിൽ കുടിയേറിപ്പാർത്ത വിജാതീയരുടെ ഇഷ്ടദൈവങ്ങളെയെല്ലാം കുടിയിരുത്തുകയും ആരാധിക്കയും ചെയ്തു (2 രാജാ. 17, 29). അവർ കർത്താവിനെ ഭയക്കണമെന്ന് ബഥേലിൽ നിന്നു വന്ന ഒരു പുരോഹിതൻ ഉപദേശിച്ചു (2 രാജ. 17, 18). യാഹ്വേയേയും ഒരുദൈവമായി സ്വീകരിച്ചിരിക്കാം. കാരണം അവർ വസിക്കുന്ന ദേശത്തിൻെറ ദേവനാണല്ലോ യാഹ്വേ. ദൈവങ്ങളിലൊരാൾ മാത്രമായി യാഹ്വേയെ സ്വീകരിക്കുന്ന നിലപാടിലുള്ള ആരാധന അപൂർണ്ണമാകാനേ തരമുള്ളു. പൂർണ്ണമായി അറിയാത്ത ഒരു ദൈവത്തെ, യാഹ്വേയെ, ആണ് അവരാരാധിക്കുക. തങ്ങൾക്കു വെളി

www.malankaralibrary.com

പ്പെട്ടത്താത്ത, തങ്ങളോടാഭിമുഖ്യമില്ലാത്ത, ദൈവത്തിനർപ്പിക്കുന്ന ആരാധന അപൂർണ്ണമാവാതിരിക്കില്ലല്ലോ. യൂദർ ദൈവവെളിപാട് അംഗീകരിക്കയും പ്രത്യുത്തരമായി ആരാധനയർപ്പിക്കയും ചെയ്തു. വെളിപാടിന്റെ പൂർത്തീകരണത്തിനായി ദൈവാവിഷ്ക്കരണപൂർണ്ണതയായ യേശുക്രിസ്തു യൂദരിലുത്ഭവിക്കയും ചെയ്തു. അങ്ങനെ രക്ഷ യഹൂദന്മാരിൽ നിന്നായി.

പക്ഷേ ആ യേശുവിനെ യൂദമതത്തിന്റെ ഔദ്യോഗിക സംഘം ക്രിസ്തുവെന്ന് അംഗീകരിച്ചില്ല. അതിനാൽ അവരുടെ ആരാധനയും അപൂർണ്ണവും അയഥാർത്ഥവുമത്രേ: "ജറുസലേമിലോ ഗർസിമിലോ പിതാവിനെ ആരാധിക്കാത്ത സമയം സമാഗതമാകുന്നു........... ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു...........വന്നു കഴിഞ്ഞു".

യോഹന്നാന്റെ സുവിശേഷത്തിൽ 'സമയ' ത്തിനു സവിശേഷമായ സൂചനയുണ്ട്. യേശുവിന്റെ മഹത്വീകരണത്തിന്റെ സമയമാണത്. സഹനവും മരണവും ഉയിർപ്പുംവഴി മനുഷ്യരക്ഷ സാധിക്കുന്ന സമയം. ആ മഹത്വീകരണ സമയം സഭയുടെ സമയവുമാണ്. യേശുവിന്റെ മഹത്വീകരണത്തിലാസ്പദമായ ആരാധന സർവ്വവിധേനയും സമ്പൂർണ്ണമത്രേ. യേശു ചരിത്രസംഭവമാക്കിയ മനുഷ്യ രക്ഷയെന്ന മഹത്വീകരണത്തിലാസ്പദമാക്കി യഥാർത്ഥ ആരാധന സാദ്ധ്യവുമാണ്. യേശുവിലാരംഭിച്ച പുതിയ ആരാധന യൂദമതത്തിന്റെയും മതിലുകൾക്കുള്ളിലൊതുങ്ങുന്നതല്ല. മനുഷ്യൻ പ്രത്യുത്തരം നൽകുന്ന ദൈവം അരൂപിയാണ്. എന്നുപറഞ്ഞാൽ അരൂപിയെ നൽകുന്നവനാണ് (കാണുക. യോഹ. 1,32 മ

www.malankaralibrary.com

തൽ). ജീവൻ നൽകുന്നവനാണ്. ദൈവം ആത്മാവിനെ നൽകുന്നതിനാൽ അവിടുന്ന് ആത്മാവാകുന്നു. ക്രിസ്തുവിൽ ദൈവം ആത്മാവിനെ നൽകുന്നു. ക്രിസ്തു ആത്മാവാകുന്നു. സത്യവും ക്രിസ്തുവും ഒന്നുതന്നെ. സത്യം എന്ന പദം യോഹന്നാൻ ഇരുപത്തഞ്ചു തവണ ഉപയോഗിച്ചിട്ടുണ്ട്. മിക്ക അവസരങ്ങളിലും അതു് സൂചിപ്പിക്കുന്നത് യേശുവിലുള്ള ദൈവികവെളിപാടാണ്. പഴയ നിയമത്തിലും 'സത്യം' ദൈവിക വെളിപാടിനെയാണല്ലോ സൂചിപ്പിക്കുക. 'ആത്മാവിലും സത്യത്തിലും' എന്നതിന്ന് യേശുക്രിസ്തുവിൽ എന്നാണർത്ഥം. യേശുക്രിസ്തുവിലുള്ള ആരാധനയാണ് യഥാർത്ഥ ആരാധന.

യേശു സമറിയാക്കാരിക്ക് യഥാർത്ഥ ആരാധനയെക്കുറിച്ചു വെളിപ്പെടുത്തി. അതു് അവൾ സമ്മതിച്ചു. അതെല്ലാം സംഭവിക്കുന്നതെപ്പോഴെന്നും അവളോർത്തു; 'ക്രിസ്തു' എന്നു പേരുള്ള രക്ഷകൻ വരുമ്പോൾ. 'അഭിഷിക്തൻ' എന്നു വിശേഷനാമമുള്ള രക്ഷകൻ ആഗതനാകുമ്പോൾ.

യേശുവിനെ പ്രവാചകനായി സമറിയാക്കാരി നേരത്തെ അംഗീകരിച്ചു കഴിഞ്ഞല്ലോ. ആവർത്തനഗ്രന്ഥത്തിൽപ്പറയുന്ന (18, 18) പ്രവാചകനാകാം. വാഗ്ദാനം ചെയ്ത പ്രവാചകനെ രക്ഷകനെന്നും സമറിയാക്കാർ സ്വീകരിച്ചിരുന്നു. പക്ഷേ 'അഭിഷിക്തൻ' എന്നു കരുതിയോ എന്നതു സംശയമാണ്. രക്ഷകൻ അഭിഷിക്തൻ ആണെന്ന ദർശനം യഹൂദരുടെ പ്രത്യേകതയായിരുന്നു. സമറിയാസ്ത്രീ പ്രതീക്ഷിച്ച പ്രവാചകൻ 'തായേബ്'' (വീണ്ടെടുപ്പുകാരൻ/തിരിച്ചുതരുന്നവൻ) ആയിരുന്നു. യഹൂദരുടെ രക്ഷകദർശനം അവൾക്കുമറിയാമായിരിക്കണം. വീണ്ടെടുപ്പുകാരനെപ്പററിയുള്ള പ്രതീക്ഷ അവളിലുണർ

www.malankaralibrary.com

നും. അദ്ദേഹത്തിന്റെ മുമ്പിലാണോ താനെന്നും അവൾ ക്കൊരു തോന്നൽ. പക്ഷേ തീർത്തറിഞ്ഞുകൂടാ. അദ്ദേഹം വരുമ്പോൾ ആരാധനയെക്കുറിച്ചുള്ള കാര്യങ്ങളെല്ലാം വിശദമായറിയിക്കുമെന്നുമറിയാം. അവളും അദ്ദേഹത്തെ പ്രതീക്ഷിച്ചിരിക്കയാണ്. ആളെ അറിഞ്ഞുകൂടാ.

യേശു സമറിയാസ്ത്രീയ്ക്കു സ്വയം വെളിപ്പെടുത്തി. "നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെ". "നിന്നോടു സംസാരിക്കുന്ന ഞാൻ, ഞാൻ ആകുന്നു" എന്നാണ് യോഹന്നാൻ ഉപയോഗിക്കുന്ന ശൈലി. യേശു സ്വയം ഉപയോഗിക്കുകയാണ്. പഴയനിയമത്തിൽ യാഹ്‌വേ സ്വയാവിഷ്കരണത്തിനുപയോഗിക്കുന്ന പദപ്രയോഗം തന്നെ യോഹന്നാനും യേശുവിന്റേതായുപയോഗിക്കുന്നു. മോശ ഹോറെബ് പർവ്വതത്തിൽ വച്ച് യാഹ്‌വേയോടു അങ്ങയുടെ പേരു ചോദിച്ചു. യാഹ്‌വേ മറുപടി നൽകി: "ഞാൻ ആയിരിക്കുന്നവൻ ആകുന്നു" (പുറ. 3, 31, 14). ബി.സി. 536-ൽ ഇസ്രായേൽ ബാബിലോണിയൻ അടിമത്തത്തിലായിരുന്നപ്പോൾ രണ്ടാം ഐസയാസ് രംഗപ്രവേശം ചെയ്തു. യാഹ്‌വേ തന്റെ ജനത്തെ സ്വതന്ത്രമാക്കുമെന്ന പ്രതീക്ഷയുണർത്തുന്ന ചില പ്രവചനങ്ങൾ നടത്തി. അടിമത്തമനുഭവിക്കുന്ന ഇസ്രായേലിനോടു സംസാരിക്കുന്ന യാഹ്‌വേ സ്വയം വെളിപ്പെടുത്തുന്നതിപ്രകാരമാണ്: "സംസാരിക്കുന്ന ഞാൻ, ഞാൻ ആകുന്നുവെന്ന് അന്നാളിൽ അവരറിയും" (53, 6). 'ഞാനാകുന്നു....' എന്നു യോഹന്നാന്റെ സുവിശേഷത്തിൽ മററിടങ്ങളിലും (6,35) യേശു സ്വയം വെളിപ്പെടുത്തുന്നുണ്ട്. ദൈവം സ്വയമാവിഷ്കരിക്കുന്ന പദപ്രയോഗമാണ് യേശു ഇവിടെയെല്ലാം സ്വീകരിക്കുക. സമറിയാക്കാരി പ്രതീക്ഷിക്കുന്ന രക്ഷ

www.malankaralibrary.com

കൻ താൻ തന്നെയാണെന്നു് യേശു അവൾക്കു് ആധികാരികമായും ആത്മാഭിലാഷപൂർവ്വവും ആവിഷ്കരിച്ചുകൊടുക്കുന്നു. ദൈവം സ്വയം യേശുവിൽ അവൾക്കു വെളിപ്പെടുത്തിക്കൊടുക്കുന്നു.

സമറിയാസ്ത്രീയ്ക്കു് യേശുക്രിസ്തുവിൽ വെളിപ്പെട്ട ദൈവത്തെ താൻ പ്രതീക്ഷിച്ചിരുന്ന വീണ്ടെടുപ്പുകാരനായി വീക്ഷിക്കാൻ കഴിഞ്ഞു. രക്ഷകനെ കണ്ടെത്തി; സ്വീകരിച്ചു. വെളിപ്പെട്ട ദൈവദാനത്തെ, ദാഹം നിത്യമായി തീർക്കുന്ന ജീവജലത്തെ, സ്വീകരിച്ചു.

രക്ഷകനെ കണ്ടെത്തിയ ഉടനെ അവൾ കുടം അവിടെ ഉപേക്ഷിച്ചിട്ടു് രക്ഷകനെക്കുറിച്ചു് സാക്ഷിക്കാൻ ഓടുകയായി. കുടമെടുക്കാതെ പോയതു് എന്തുകൊണ്ടാവാം! അതിന്നർത്ഥം എന്താവാം? കുടിക്കാൻ ചോദിച്ച യേശു കുടിച്ചോട്ടെ എന്നു കരുതിയാവാം. എന്നാൽ അതിലും ആഴമായ ധ്വന്യാർത്ഥം സുവിശേഷകൻ സൂചിപ്പിക്കുന്നുണ്ടെന്നു തോന്നുന്നു. ജീവജലത്തിന്റെ സ്രോതസ്സു തന്നെ അവൾ കണ്ടെത്തിക്കഴിഞ്ഞതിനാൽ അവൾക്കിനി ചോറ വെള്ളത്തിന്റെ ആവശ്യമില്ല.

സമറിയാക്കാരിയുടെ അനുഭവസാക്ഷ്യം അനേകരെ രക്ഷകനായ ക്രിസ്തുവിലേക്കാകർഷിച്ചു. അവർ അവളുടെ ജീവിതത്തിലുണ്ടായ മാറ്റം ഗ്രഹിച്ചുകാണണം.

സുദീർഘമായൊരു വിചിന്തനമാണു് നടത്തിയതു്. പക്ഷേ സമറിയാസ്ത്രീയ്ക്കുണ്ടായ ക്രിസ്തുദർശനത്തിന്റെ വിവിധപടവുകൾ ഒന്നൊന്നായി കടന്നുനോക്കുമ്പോൾ എത്ര മനോഹരം! രചനയും സംവിധാനവും സുന്ദരമായിരിക്കുന്നു. നാടകീയതയും സ്വാഭാവികതയും സമഞ്ജസമാ-

www.malankaralibrary.com

യി സമ്മേളിച്ചിട്ടുണ്ട്. സ്വാഭാവികവും സുന്ദരവുമായ പരിസമാപ്തി. സാഹിത്യപരമായും അനുഭവപരമായും മനോഹരമായ അന്ത്യം.

ഭിക്ഷുവായ യേശുവിനെ ശത്രുവായ യഹൂദനെന്നു ദർശിച്ചു തുടങ്ങിയ സമരിയാക്കാരി പൂർവ്വപിതാവായ യാക്കോബിനെക്കാൾ വലിയവനും പ്രവാചകനും മിശിഹായും രക്ഷകനുമായി കണ്ടെത്തി. ദാഹിച്ചു വലഞ്ഞ വഴിപോക്കനെ മനുഷ്യന്റെ അടിസ്ഥാനദാഹം എന്നേക്കുമായി ശമിപ്പിക്കുന്ന ജീവജലത്തിന്റെ ഉറവയായി തിരിച്ചറിഞ്ഞു. ആ ഉറവയിൽ നിന്നു മതിവരുവോളം പാനം ചെയ്തു. അവസാനം അതിൽത്തന്നെ സ്വയമർപ്പിച്ചു. ആ ദിവ്യസ്രോതസ്സിലേക്കു ദാഹിച്ചുവലഞ്ഞവരെ വലിച്ചടുപ്പിക്കുന്ന വ്യക്തിയായി.

സുഹൃത്തേ, നമ്മുടെ ജീവിതത്തിൽ അവിചാരിതനിമിഷങ്ങളിൽ അപരിചിതരൂപത്തിൽ ദൈവം നമ്മോടിടപെടാറുണ്ട്. പക്ഷേ തിരിച്ചറിയാൻ നമുക്കാവുന്നില്ല. യഥാർത്ഥ ഭിക്ഷുവിന്റെ രൂപത്തിലാവാം അവിടുന്നു വരിക. തിരിച്ചറിയാൻ കഴിയുന്നതിലാണ് നമ്മുടെ അക്ഷികളുടെ കാര്യക്ഷമത. ഒരിക്കൽ മദർതെരേസാ കൽക്കത്തായിലെ തിരക്കേറിയ തെരുവിലൂടെ മെല്ലെ നടക്കുമ്പോൾ തലയും മുഖവും കീറവസ്ത്രംകൊണ്ടു മൂടിയ ഒരു ഭിക്ഷക്കാരി അവരോടു ഭിക്ഷ ചോദിച്ചു. ആ സ്ത്രീ ധരിച്ചിരുന്നത് മുഷിഞ്ഞ വസ്ത്രം. അവളിൽനിന്നും ദുർഗന്ധം വമിച്ചിരുന്നു. മദർ അവളെ സൂക്ഷിച്ചുനോക്കി. മുഖം കാണാതിരിക്കാൻ മുഖം മൂടിയിട്ടിരുന്ന വസ്ത്രം പൊക്കിനോക്കി. മുഖമാസകലം വെളുത്തപാണ്ട്! കുഷ്ഠരോഗം വിരൂപമാക്കിയ മുഖം. ആരും കാണാനറയ്ക്കുന്ന മുഖം! പക്ഷേ മദർതെരേസാ

www.malankaralibrary.com

അവളുടെ മുഖത്തു് ശാന്തമായി നോക്കി പുഞ്ചിരിയോടെ പറഞ്ഞു: "ഞാൻ നിങ്ങളെ സ്നേഹിക്കുന്നു". എന്നിട്ടു് അവളെ ആതുരാലയത്തിൽ കൊണ്ടുപോയി ശുശ്രൂഷിച്ചു. അവരതു് ചെയ്തതു് എന്തുകൊണ്ടു്? ആ ഭിക്ഷുവിൽ യേശുവിനെ ദർശിച്ചതിനാൽ. യേശുവിനോടുള്ള സ്നേഹമാണു്, ഓരോ വ്യക്തിയിലുമുള്ള യേശുവിനോടുള്ള സ്നേഹമാണു്, ആതുര ശുശ്രൂഷയ്ക്കു് തന്നെ പ്രേരിപ്പിക്കുകയെന്നു് മദർ തെരേസാ ആവർത്തിച്ചു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

രവീന്ദ്രനാഥ ടാഗോറിന്റെ ഗീതാഞ്ജലിയിലെ അമ്പതാം ഖണ്ഡികയിലവതരിപ്പിക്കുന്ന അനുഭവം അനുസ്മരിക്കുക.

"ഞാൻ ഗ്രാമീണ വീഥിയിൽ വാതായനങ്ങൾതോറും
ഭിക്ഷ തേടി നടക്കുമ്പോൾ
അങ്ങയുടെ തങ്കരഥം
മോഹനമായൊരു സ്വപ്നംപോലെ
അങ്ങു വിദൂരത്തിൽ ദൃശ്യമായി.
രാജാധി രാജനായ അങ്ങു്
ആരെന്നാശ്ചര്യപ്പെട്ടുപോയി.
എന്റെ പ്രതീക്ഷകളുന്നതങ്ങളിലേക്കുയർന്നു;
എന്റെ ദുർദ്ദിനങ്ങളെല്ലാം തീർന്നുവെന്നുതോന്നി.
അഭ്യർത്ഥിക്കാതെ ലഭിക്കുന്ന ഭിക്ഷയ്ക്കായി
ആ ധൂളിയിൽ നാലുപാടും വാരിവിതറിയിരുന്ന
ധനത്തിനായി
ഞാൻ കാത്തുനിന്നു.
ഞാൻ നിന്നിടത്തു രഥം വന്നു നിന്നു.
അങ്ങയുടെ അക്ഷികൾ എന്നിൽ പതിച്ചു.

www.malankaralibrary.com

അങ്ങ് പുഞ്ചിരിച്ചുകൊണ്ട് താഴെയിറങ്ങി
അങ്ങ് എൻെറ അടുത്തു വന്നു നിന്നു.
എൻെറ ജീവിതഭാഗ്യം കൈവന്നുവെന്നെനിക്കു
തോന്നി.

പക്ഷേ അപ്രതീക്ഷിതമായി
അങ്ങ് കരം എൻെറനേരെ നീട്ടി
അങ്ങ് എന്നോടു ചോദിച്ചു:
"എനിക്കു നൽകാൻ എന്തുണ്ട് നിനക്ക്"?
ഹാ! എന്തൊരു രാജകീയ വിനോദം!
അങ്ങ് വിരിഞ്ഞ കരം നീട്ടി
യാചകിയോട് യാചിക്കയോ!
ഞാൻ വിഭ്രാന്തയായി, നിർന്നിമേഷയായി
നിന്നുപോയി കുറെ നേരം.
എങ്കിലും
എൻെറ ഭാണ്ഡം ഞാനഴിച്ചു.
അതിലെ ഏററം ചെറിയ ധാന്യമണികളിലൊന്നെ
ടുത്ത്

അർദ്ധമനസ്സോടെ അങ്ങയുടെ കയ്യിലർപ്പിച്ചു.
ആ ദിനത്തിൻെറ അന്ത്യത്തിൽ
എൻെറ ഭാണ്ഡമഴിച്ച് ധാന്യത്തരികളെല്ലാം നില
ത്തു ചൊരിഞ്ഞു.

അതാ! ഒരു സ്വർണ്ണധാന്യമണി!
അതുകണ്ടപ്പോൾ ഞാനെത്ര അമ്പരന്നെന്നോ!
ആ ദർശനം എന്നെ രോദനാധീനയാക്കി.
എൻെറ സമസ്തവും അങ്ങേയ്ക്കു സമർപ്പിക്കാൻ
എനിക്കു തോന്നിയില്ലല്ലോ എന്നു ഖേദിച്ചു."
ചേരിയിലെ ദരിദ്രനിലും കവിതമായി ആ ധ്യാനിച്ചു

www.malankaralibrary.com

നിലമുഴുന്ന കർഷകനിലും പാറപൊട്ടിക്കുന്ന തൊഴിലാളിലും ഭാരം ചുമക്കുന്നവനിലും വെയിലിന്റെ കഠിന ചൂടിലും മഴയുടെ നനവിലും അവരോടൊത്തുള്ള യേശുവിനെ കാണാൻ നമുക്കു കഴിയണം. മാനുഷിക ജീവിതത്തിന്റെ അടിസ്ഥാനാവശ്യങ്ങൾപോലും നിറവേററാനാവാതെ വിഷമിക്കുന്നവനിൽ യേശുവിനെ കാണാൻ കഴിയാത്തവന് എങ്ങനെ കട്ടി കുറഞ്ഞതോ നിറം മങ്ങിയതോ പ്രത്യേക സ്വാദൊന്നുമില്ലാത്തതോ ആയ അപ്പത്തിൽ യേശുവിനെ കാണാനാവും? ജീവിക്കുന്ന ദൈവസാദൃശ്യങ്ങളിൽ ദൈവത്തെ ദർശിക്കാത്തവന് കാഴ്ചയിൽ ജീവനില്ലാത്ത വസ്തുവിൽ ദൈവത്തെ ദർശിക്കാനാവുമോ? കേറിക്കിടന്നുറങ്ങാൻ ഇടമില്ലാത്തവന് അതിനിടമുണ്ടാക്കിക്കൊടുക്കാൻ സഹായിക്കാൻ സഹായിക്കാൻ ഉദാരമനസ്സില്ലാത്തവന് അപരർക്കുവേണ്ടി ആത്മാർപ്പണം നടത്തിയ യേശുക്രിസ്തുവിന്റെ ദിവ്യയാഗാർപ്പണമാവർത്തിക്കാനുള്ള വേദിയും വീടുമൊരുക്കാൻ എങ്ങനെ സാധിക്കും? അഥവാ അതിനു സഹായിച്ചാൽ അതിലെ ചേതോവികാരമെന്താവും! ബസ്സ്റ്റാൻഡിലും തെരുവിലും വീട്ടുപടിയ്ക്കലും കൈനീട്ടുന്ന യഥാർത്ഥായഥാർത്ഥ യാചകർക്കു പത്തു പൈസ ഇട്ടുകൊടുത്ത് അവരെ കൂടുതൽ യാചകരാക്കിയിട്ട് എന്തോ പുണ്യം ചെയ്യുന്നു അഭിമാനിക്കുന്ന ഔദാര്യമനസ്കർ ബലിയർപ്പണ സ്വീകരണങ്ങളുടെ യഥാർത്ഥ അരൂപികൾക്ക് അനുരൂപരായെങ്കിൽ! പൂഴിപുരണ്ട വസ്ത്രമണിഞ്ഞവനെ ആദരിക്കാനും അവനിൽ അവനെപ്പോലെ മുഷിഞ്ഞതും കീറിപ്പറിഞ്ഞതുമായ വസ്ത്രമണിഞ്ഞുനിൽക്കുന്നവനായ യേശുവിനെക്കാണാനും സമൂഹത്തിലെ മേലാളന്മാർക്ക് കഴിഞ്ഞെങ്കിൽ! മുഷിഞ്ഞതും കീറിയതുമായ വസ്ത്രം മാത്രമുള്ളവന് പ്രാർത്ഥനാലയ

www.malankaralibrary.com

ത്തിൽ വരാനും മടി? കാരണം? മററുള്ളവർ അയാളെ തുറിച്ച കണ്ണുകളോടെ നോക്കും. അതു കാണാൻ അവനു കഴിവില്ല.

യേശു നമ്മെ വ്യക്തിപരമായി അഭിമുഖീകരിക്കുന്ന സന്ദർഭവും സാഹചര്യവും കാലേക്കൂട്ടി പ്രവചിക്കാനാവില്ല. ഇന്നിന്നിപ്പോഴേ അഥവാ ഇന്നയിടത്തേ അവിടുന്നു നമ്മെ സമീപിക്കാവൂ എന്നും നമുക്കു നിഷ്കർഷിക്കാനമാവില്ല. ചിലർ ചെയ്യുകളയും. അവർ ആജ്ഞാപിക്കുന്നു സ്ഥലത്തും സമയത്തും വിധവുമേ യേശു സമീപിക്കാവൂ! പൗലോസ് ക്രിസ്ത്യാനയായികളെ അടിച്ചമർത്താൻ അധികാരപത്രികയും നേടി ധീരവീരനായി അശ്വാരൂഢനായി പോകുകയായിരുന്നു. ദമാസ്കസിലേക്കുള്ള വഴിയ്ക്കുവച്ച് യേശു അദ്ദേഹത്തെ അഭിമുഖീകരിച്ചു. അതു് വല്ലാത്തൊരനുഭവമായിരുന്നു പൗലോസിനു്. ആകെ അമ്പരന്നുപോയി. ഒന്നും കാണാനാവാതായി. ആളെ പിടികിട്ടിയില്ല. "ആരാണു് നിങ്ങൾ?" പൗലോസ് തിരക്കി. യേശു വെളിപ്പെടുത്തിക്കൊടുത്തു: നീ മർദ്ദിച്ചൊതുക്കാനാഗ്രഹിക്കുന്ന നസ്രായൻ **യേശുവാണ്** ഞാൻ. പക്ഷേ ഇനി മുതൽ നീ നിന്റേതല്ല; എന്റേതാണ്. എനിക്കുവേണ്ടി സമസ്ത ശക്തിയും വിനിയോഗിക്കാനുള്ളവൻ. അതു മുതൽ പൗലോസിന്റെ ജീവിതമാകെ യേശുവിന്റെ സാക്ഷ്യമായി. അദ്ദേഹം സർവ്വചരാചരങ്ങളുടേയും സമുദ്ധാരകനായ യേശുക്രിസ്തുവിലേക്കു അനേകായിരങ്ങളെ ആനയിച്ചു.

നിലമുഴുമ്പോഴാകാം ആകസ്മികമായി ആ അമൂല്യ നിധി കണ്ടെത്തുക. പക്ഷേ കണ്ടെത്തിയ നിധി നാം നേടുന്നോ എന്നതാണ് പ്രശ്നം. മുത്തന്വേഷിച്ചുനടന്ന വ്യാ

www.malankaralibrary.com

പാരിയെപ്പോലെ നിരവധി വർഷത്തെ തെരച്ചലിലും വ്യാപാരത്തിനമിടയ്ക്കായിരിക്കാം വിലയേറിയ ആ മുത്ത് കണ്ടെത്തുക. അതുവരെ തേടി നേടിവച്ച സകലതും, നല്ലതും തിയതുമായ സകലതും, അതിനുവേണ്ടി ത്യജിക്കാൻ സന്നദ്ധനാണോ? വിട്ടമ്മ അടുക്കളയിൽ പണിയെടുക്കുമ്പോഴാകാം ദിവ്യനാഥൻ സമീപിക്കുക. വെള്ളം കോരുമ്പോഴാകാം. യാത്ര ചെയ്യുമ്പോഴാകാം. പഠിച്ചുകൊണ്ടിരിക്കുമ്പോഴാകാം. നിരാശാചിന്തകനായി മാറിക്കഴിഞ്ഞാകാം. എപ്പോഴായാലും നമ്മെ അഭിമുഖീകരിക്കുന്ന യേശുവിനെ തിരിച്ചറിയാൻ കഴിയണം. അതിന് ആത്മദാഹം അത്യധികമാവശ്യമത്രേ. ദാഹമില്ലാത്തവന് ദാഹശമനവുമില്ല.

വ്യക്തിപരമായി വെളിപ്പെട്ടനുഭവിച്ചറിഞ്ഞ യേശുവിനെ കൂട്ടായനുഭവിക്കാനും ആ അനുഭവത്തിൽ മറ്റുള്ളവർക്കും പങ്ക് നൽകാനുമാണ് പള്ളിയിലും ഭവനങ്ങളിലും പ്രാർത്ഥനയ്ക്കു ഒരുമിച്ചു കൂടുക. ദൈവാഭിമുഖ്യത്തിലും ദൈവാനുഭവത്തിലും അടിസ്ഥിതമില്ലാത്തതും അവയ്ക്കു പ്രത്യുത്തരമല്ലാത്തതുമായ ആരാധനായൊന്നും ആരാധനയല്ല; അനുഷ്ഠാനം മാത്രമാണ്. അനുഷ്ഠാനം ആരാധനയാവില്ല; അനുഷ്ഠാനം അനുഷ്ഠാനം മാത്രമായിരിക്കും.

നിങ്ങൾക്കു ദാഹമുണ്ടോ? ഒരിക്കലും ദാഹം തോന്നുന്നില്ലെങ്കിൽ എന്താണർത്ഥം? മരിച്ചു കഴിഞ്ഞു എന്നല്ലേ? അബോധാവസ്ഥയിൽനിന്നുള്ള ക്ഷീണമകററാൻ ശുദ്ധജലം നല്ലതാണ്. മരിച്ചപോയതിനുപോലും ജീവനും ഓജസ്സും നൽകുന്ന മൃതസഞ്ജീവനിയാണ് യേശു. ആ അമൃതിന് അഭ്യർത്ഥിക്കൂ.

www.malankaralibrary.com

തിരിച്ചറിയാനാവുന്നില്ലേ? സമയമെടുത്ത് സംസാരിക്കു. കാണുമ്പോഴേ മുൻവിധിയോടെ ഓടാതിരിക്കു. മാനുഷിക പരിഗണനകൾ മാററി വയ്ക്കു, സംഭാഷണം ഇടയ്ക്കുവച്ചു നിർത്തുകയുമരുത്. അർത്ഥിയായ ആ അതിഥിയുടെ മുമ്പിൽനിന്ന് ജീവിതം തുറന്നുനോക്കു. നിങ്ങളിലൂടെ നിങ്ങളൊന്നു കടന്നുപോകു. അന്തരാത്മാവിൻെറ ആഴമാർന്ന ദാഹം തീർക്കുന്ന ജീവജലത്തിൻെറ വററാത്ത നീരുറവ നിങ്ങൾക്കു വെളിപ്പെടും. ദർശിച്ചുകഴിഞ്ഞാൽപ്പിന്നെ വെറുതെയിരിക്കാനാവില്ല. അലസമായി സമയം പോക്കാനാവില്ല. നിങ്ങളുടെ ദർശനം നിങ്ങളെക്കൊണ്ട് പ്രവർത്തിപ്പിക്കും. ആ ജീവജലത്തിൻെറ അനശ്വര സ്രോതസിലേക്ക് അനേകരെ നിങ്ങളാകർഷിക്കും.

## VIII

# തെളിവാർന്ന ദർപ്പണം

യേശുവാകുന്ന ദർപ്പണത്തിലൂടെ പ്രതിഫലിപ്പിക്കുമ്പോൾ നമ്മുടെ ജീവിതത്തിൻെറ സത്യാവസ്ഥ നമുക്കു വെളിപ്പെടും. അവിടുന്ന് നമ്മെ നമുക്കു വ്യക്തമാക്കിത്തരും. അതാണല്ലോ സമറിയാക്കാരിയുടെ അനുഭവം.

സിക്കാർ പട്ടണത്തിൽ ജേക്കബിൻെറ കിണററിന്നരികെ വെള്ളംകോരാൻ വന്ന സമറിയാ യുവതി അസ്സന്മാർഗ്ഗികമായൊരു ജീവിതത്തിൻെറ ഉടമയായിരുന്നു. ഇക്കാര്യം സുവിശേഷം സൂചിപ്പിക്കുന്നുണ്ട്. അവൾ വസിച്ചിരുന്ന ഗ്രാമത്തിൽനിന്ന് അരമൈലോളം അകലെയുള്ള കിണററിൽനിന്നു ജലമെടുക്കാൻ വന്നതെന്തുകൊണ്ടാവാം? സമറിയാസ്ത്രീകൾ നട്ടുച്ചയ്ക്ക് വെള്ളംകോരാൻ പോവുക സാധരണയല്ല. അവളുടെ ഗ്രാമത്തിലെ കിണററിൽ നിന്ന്

www.malankaralibrary.com

വെള്ളമെടുക്കാൻ അവിടത്തെ സ്ത്രീകൾ സമ്മതിയ്ക്കാത്തതാവാം. അത്രയുമല്ല അവളുടെ ധാർമ്മികനിലവാരം താണതാവാം. മററുസ്ത്രീകളാരും വെള്ളം കോരാൻ വരാത്ത സമയം നോക്കി അവൾ വന്നു. അവളുടെ ജീവിതം ആകെ കുത്തഴിഞ്ഞതായിരുന്നെന്ന് സംഭാഷണം പുരോഗമിക്കുന്നതോടെ വ്യക്തമാകുന്നുമുണ്ടല്ലോ. "പോയി നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടുവരിക" എന്നു യേശു പറഞ്ഞപ്പോൾ മറുപടി നൽകിയതു് "എനിക്കു ഭർത്താവില്ല" എന്നായിരുന്നു. അതും യേശു സമ്മതിച്ചു. ശരിതന്നെ. നിനക്ക് ഭർത്താവെന്നൊരാൾ ഇല്ലായിരുന്നു. പക്ഷേ അഞ്ചുപേരുടെ കൂടെ നീ മാറിമാറി പൊറുത്തിട്ടുണ്ട്. ഇപ്പോൾ നിന്റെ കൂടെ പാർക്കുന്നവനും നിന്റെ ഭർത്താവല്ല.

അവളുടെ ജീവിതം അസന്മാർഗ്ഗികമായിരുന്നു. അപൂർണ്ണമായിരുന്നു. തിന്മനിറഞ്ഞതായിരുന്നു. തന്നിലേക്കു തന്നെ തിരിഞ്ഞ് സ്വയപരിശോധന നടത്താനും ദൈവത്തോടും സഹജീവികളോടും അവൾ പുലർത്തുന്ന ബന്ധം യഥാർത്ഥാവസ്ഥയിൽ വിലയിരുത്താനും യേശു അവളോടാവശ്യപ്പെടുകയാണ്. സ്വയാവബോധത്തിലേക്ക് അവളെ ആനയിച്ചു. അവളുടെ ജീവിതത്തിന്റെ തകരാറ് കാട്ടിക്കൊടുത്തു. തകർന്നു തരിപ്പണമായിക്കിടക്കുന്ന ആ ജീവിതം പുനരുദ്ധരിക്കണമെന്ന് അവൾക്കു ബോദ്ധ്യപ്പെടുത്തുകയത്രേ. അവളുടെ പാപപങ്കിലമായ ജീവിതം ഒരു കണ്ണാടിയിലെന്നപോലെ കാണാൻ സഹായിച്ചു.

സ്വജീവിതത്തിന്റെ തനിമ കണ്ടു് അവളാകെ അമ്പരന്നു. ഒളിച്ചോടാനും നോക്കി. "എനിക്കു ഭർത്താവില്ല" എന്ന മറുപടി മററെന്താണ്? സ്വയം പ്രതിരോധമല്ലേ? സർവ്വദർശിയായ വിധിയാളന്റെ മുമ്പിൽ നിൽക്കുന്ന

www.malankaralibrary.com

അനുഭവമായിരുന്നു അവൾക്ക്. അവിടെ നിൽക്കുമ്പോൾ പാപജീവിതത്തെക്കുറിച്ചോർക്കുക സന്തോഷപ്രദമല്ല. ഭീതിപ്രദമാണു്. പാപം മറച്ചു പിടിക്കാനുള്ള പ്രവണത സ്വാഭാവികമത്രേ. ദൈവത്തിൽ നിന്നും മനുഷ്യരിൽ നിന്നും മറച്ചു വയ്ക്കാൻ വെമ്പൽകൊള്ളുന്നു. പക്ഷേ സ്വജീവിതം അതായിരിക്കുംവിധംതന്നെ കാണുവാൻ യേശു സമറിയാക്കാരിയോടാവശ്യപ്പെട്ടു. സത്യം അഭിമുഖീകരിക്കാൻ നിർബന്ധിച്ചു. അവളുടെ ജീവിതത്തിൻെറ വിശദാംശങ്ങളാകെ തനിക്കറിയാമെന്നു് യേശു അറിയിച്ചു. ഇനിയൊന്നും മൂടിവയ്ക്കേണ്ടതില്ല. മറച്ചുപിടിച്ചതുകൊണ്ടു് ഫലവുമില്ല. അവളുടെ ഇരുളടഞ്ഞ ഭൂതകാലവും അസംതൃപ്തവും അസ്വസ്ഥവുമായ വർത്തമാനകാലവും യേശു അവളുടെ കൺമുമ്പിൽ തുറന്നുവച്ചുകൊടുത്തു. സംതൃപ്തിതേടി സൃഷ്ടങ്ങളുടെ പിന്നാലെയുള്ള പോക്കു് അവളെ ഒരിടത്തും കൊണ്ടെത്തിക്കയില്ലെന്നു വ്യക്തമാക്കിക്കൊടുത്തു. അതു് ആദ്യം അവൾക്കത്ര രസിച്ചില്ല. "തിന്മ പ്രവർത്തിക്കുന്നവനെല്ലാം വെളിച്ചം വെറുക്കുന്നു. തൻെറ പ്രവൃത്തികൾ വെളിപ്പെടാതിരിക്കാൻ അവൻ വെളിച്ചത്തിലേക്കു വരുന്നില്ല. എന്നാൽ സത്യം പ്രവർത്തിക്കുന്നവൻ തൻെറ പ്രവൃത്തികൾ ദൈവത്തിലാണു് നിർവ്വഹിക്കപ്പെടുന്നതെന്നു് വ്യക്തമായി ദൃശ്യമാകാൻ വെളിച്ചത്തലേക്കു് വരുന്നു" (യോഹ. 3, 20–21).

യേശു സമറിയാക്കാരിയെ പ്രകാശത്തിലേക്കാനയിച്ചു. അവളുടെ ജീവിതത്തിലേക്കു കടന്നു ചെന്നു. പിതാവിൻേറയും ലോകത്തിൻേറയും പ്രകാശമാകുന്ന യേശുവിൻെറ തുളച്ചിറങ്ങുന്ന രശ്മികൾ സമറിയാസ്ത്രീയുടെ അന്തരാത്മാവിൻെറ ഉള്ളറകളിലേക്കു് ആഴ്ന്നിറങ്ങി. ജീവിത

www.malankaralibrary.com

സ്പർശിയായ ആ പ്രകാശധോരണിയിൽ അവൾ സ്വയം വ്യക്തമായിക്കണ്ടു. അവളുടെ ജീവിതമാകെ മാററി മറിയ്ക്കാൻ ശക്തമായ പ്രകാശധോരണി. ഊർജ്ജദായിയായ കിരണാവലി അവളെ പരിവർത്തനവിധേയമാക്കി. അവൾ പുതിയൊരു ജീവിതശൈലി സ്വീകരിക്കാനിടയാക്കി. ദൈവിക വെളിപാടിൽ സംതൃപ്തിയടയുന്നവളാക്കി. ദൈവസംസർഗ്ഗത്തിൽ സ്വസ്ഥതയനുഭവിക്കുന്ന സ്ത്രീയാക്കി. അതു സാധിച്ചതെന്തുകൊണ്ടു്? യേശുവിനോടു് സംസാരിച്ചതിനാൽ. യേശുവിന്റെ സന്നിധിയിൽ ഏറെ നേരം നിന്നതിനാൽ. യേശു അവളിലേക്കു കടന്നതിനാൽ. യേശുവിൽ അവൾ സ്വയം ദർശിച്ചതിനാൽ.

വാരസ്ത്രീയായിരുന്ന മേരിയുടെ അനുഭവം വ്യത്യസ്തമല്ല. സംഭവം സുവിശേഷകനായ ലൂക്കോസ് വിവരിക്കുന്നു: ലൂക്കോ. 7,36–48

36) ഒരു ഫരിസേൻ തന്റെകൂടെ ഭക്ഷണം കഴിക്കാൻ യേശുവിനെ ക്ഷണിച്ചു. യേശു അയാളുടെ വീട്ടിലെത്തി. ഭക്ഷണത്തിന്നിരുന്നു. 37) ഈ വിവരം ആ പട്ടണത്തിലെ ഒരു വേശ്യയറിഞ്ഞു. അവൾ ഒരു വെൺകൽഭരണി നിറയെ സുഗന്ധതൈലവുമായി അവിടെ വന്നു 38) കരഞ്ഞുകൊണ്ടു് പിന്നിൽ പാദാന്തികെ നിന്നു. കണ്ണീരുകൊണ്ടു് അവിടത്തെ പാദങ്ങൾ കഴുകി. കാർക്കൂന്തലഴിച്ചു തുടച്ചു. ആ പാദങ്ങളിൽ മുത്തമർപ്പിച്ചു് തൈലം പൂശി. 39) ഇതെല്ലാം ആതിഥേയനായ ഫരിസേൻ കണ്ടിട്ടു് ആത്മഗതം ചെയ്തു. ഇവൻ പ്രവാചകനെങ്കിൽ തന്നെ തൊടുന്ന ഈ സ്ത്രീ ആരെന്നും എത്തരക്കാരിയെന്നും അറിയുമായിരുന്നു. ഇവൾ ഒരു പാപിനിയാണല്ലോ 40) യേ

www.malankaralibrary.com

ശു അവനോടു പറഞ്ഞു: ശെമഓൻ, എനിക്കു് നി
ന്നോടു് ഒരു കാര്യം പറയനം. "ഗുരോ അരുളിയാ
ലും". അയാൾ പറഞ്ഞു. 41) (യേശു തുടർന്നു: ഒരാ
ളോടു് രണ്ടു പേർ വായ്പ വാങ്ങിയിരുന്നു. ഒരുവൻ
അഞ്ഞൂറും മററവൻ അമ്പതും നാണയം വീതം
42) തിരിച്ചുകൊടുക്കാൻ ഇരുവർക്കും നിവൃത്തിയി
ല്ലാത്തതിനാൽ അയാൾ രണ്ടുപേർക്കും കടം ഇളച്ചു
കൊടുത്തു. ഈ രണ്ടുപേരിൽ ആരാണു് അയാളെ കൂ
ടുതൽ സ്നേഹിക്കുക? 43) ശെമഓൻ മറുപടി നൽ
കി: ഏറെ ഇളച്ചുകിട്ടിയവൻ എന്നു ഞാൻ കരുതു
ന്നു. യേശു പറഞ്ഞു: നിന്റെ ഉത്തരം ശരിതന്നെ.
44) എന്നിട്ടു് യേശു ആ സ്ത്രീയെ നോക്കി ശെ
മഓനോടു് പറഞ്ഞു: നീ ഇവളെ കാണുന്നുണ്ടല്ലോ.
ഞാൻ നിന്റെ വീട്ടിൽ അതിഥിയായി വന്നു. നീ
എനിക്കു പാദക്ഷാളനത്തിനു വെള്ളം തന്നില്ല. എ
ന്നാൽ ഇവളോ? എന്റെ കാലുകൾ കണ്ണീരാൽ കഴു
കുകയും തലമുടികൊണ്ടു് തുടയ്ക്കുകയും ചെയ്തു. 45)
നീ എന്നെ ആശ്ലേഷിച്ചു സ്വീകരിച്ചില്ല. എന്നാൽ
ഇവളോ ഞാൻ ഇവിടെ പ്രവേശിച്ചപ്പോൾ മുതൽ
എന്റെ പാദങ്ങൾ മുത്തുന്നതിൽനിന്നും വിരമിച്ചി
ട്ടില്ല. 46) നീ എന്റെ തലയിൽ പൂശിയില്ല. ഇവ
ളാകട്ടെ എന്റെ പാദങ്ങളിലും തൈലം പൂശിയിരി
ക്കുന്നു. 47) അതിനാൽ ഞാൻ നിന്നോടു പറയുന്നു:
ഇവളുടെ എണ്ണമററ പാപങ്ങൾ ഇവളോടു ക്ഷമി
ച്ചിരിക്കുന്നു............(ലൂക്കോസ് 7,36-48)

മേരിയുടെ ജീവിതം ഏറെയൊന്നും വിശദീകരിക്കാ
തെതന്നെ അനുവാചകർക്കു് മനസ്സിലാകും! ആ പട്ടണത്തി

www.malankaralibrary.com

ലെ ഒരു സ്ത്രീ (വാരസ്ത്രീ)' എന്ന പ്രയോഗം തന്നെ അർത്ഥഗർഭവും വാചാലവുമാണ്. പരശതം പരപുരുഷന്മാർക്കു ലൈംഗികദാഹം തീർക്കാൻ ക്ഷണിക്കുന്ന കടക്കണ്ണുകളുടെ ആകർഷണീയത വർദ്ധിപ്പിക്കുന്നതിൽ ദത്തശ്രദ്ധയായിരുന്ന മേരി. കാമാസക്തരെ മാടിവിളിച്ചു സത്ക്കരിച്ചിരുന്ന മേരി. ആവുന്നത്ര പുരുഷന്മാരെ വശീകരിച്ച് ആവോളം ഭോഗാസക്തിയും പണവും സമ്പാദിക്കുന്നതിൽ ജീവിതവിജയവും വന്നും ദർശിച്ചിരുന്ന മേരി. പട്ടണത്തിലെ 'മാന്യർ' പൊതുവെ സ്വീകരിച്ചിരുന്ന മേരി. പക്ഷേ..........പക്ഷേ, അവളുടെ അന്തർദ്ദാഹം അടങ്ങിയിരുന്നില്ല. അസംതൃപ്തമായ അവളുടെ മനസ്സ് തൃപ്തിതേടി അങ്ങുമിങ്ങും അലഞ്ഞു. കണ്ടിട്ടതൊക്കെ കയറിയിറങ്ങി. വന്നവരെയൊക്കെ സമീപിച്ചു. ഇങ്ങനെ ജീവിതസംതൃപ്തി നേടാമെന്നു തെററിദ്ധരിച്ചു. പക്ഷേ...........ഒരുനാൾ........

ഒരു ദിവസം മേരി യേശുവിനെക്കുറിച്ചു കേട്ടു. വ്യഭിചാരവൃത്തിയിലേർപ്പെട്ടിരിക്കേ പിടിക്കപ്പെട്ട സ്ത്രീയെപ്പോലും ശിക്ഷിക്കാതെ രക്ഷിച്ചുവിട്ട യേശുവിനെക്കുറിച്ച് അവൾ കേട്ടു. നാലാമത്തെ സുവിശേഷം എട്ടാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ആ സംഭവം ഏതു പാപിയേയും യേശുവിലേക്കാകർഷിക്കും (യോഹ. 8,2–11.)

2) യേശു അതിരാവിലെ വീണ്ടും ദേവാലയത്തിൽ വന്നു. ജനങ്ങളെല്ലാം അവിടത്തെ അടുത്തെത്തി. അവിടുന്ന് ഇരുന്ന് അവരെ പഠിപ്പിച്ചു. 3) വ്യഭിചാരത്തിൽ പിടിച്ച ഒരു സ്ത്രീയെ നിയമജ്ഞരും ഫരിസരുംകൂടി അവിടുത്തെ പക്കലാനയിച്ച് അവരുടെ നടുവിൽ നിർത്തി. 4) അവർ അവിടത്തോടു പറഞ്ഞു: ഗുരോ, ഈ സ്ത്രീയെ വ്യഭിചാരവൃത്തിയിൽ പി

www.malankaralibrary.com

ടിച്ചതാണ്. 5) ഇങ്ങനെയുള്ളവരെ കല്ലെറിയണമെ ന്നാണു് മോശ നിയമത്തിൽ കല്പിച്ചിരിക്കുക. നി എന്തു പറയുന്നു? 6) ഇതു് അവർ ചോദിച്ചതു് അ ങ്ങിൽ കുററമാരോപിക്കാൻ അവസരം ലഭിക്കുന്ന ൻ് അവിടത്തെ പരീക്ഷിക്കാനായിരുന്നു. 7) അവർ ചോദ്യം ആവർത്തിച്ചുകൊണ്ടിരുന്നു. അതിനാൽ അവിടന്നു നിവർന്നു് അവരോടു പറഞ്ഞു: നിങ്ങ ളിൽ പാപമില്ലാത്തവൻ ആദ്യം അവളെ കല്ലെറിയ ട്ടെ. 8) അവിടന്നു വീണ്ടും കുനിഞ്ഞു് നിലത്തു് എഴു തിക്കൊണ്ടിരുന്നു. 9) എന്നാൽ അവിടന്നു പറഞ്ഞതു കേട്ടപ്പോൾ മൂതിർന്നവർ തുടങ്ങി ഓരോരുത്തരായി സ്ഥലം വിട്ടു. ഒടുവിൽ യേശുവും നടുവിൽ നിന്നിരു ന്ന ആ സ്ത്രീയും മാത്രം ശേഷിച്ചു. 10) യേശു നിവർ ന്നു് അവളോടു ചോദിച്ചു: സ്ത്രീയേ, അവരെല്ലാം എവിടെ? ആരും നിന്നെ വിധിച്ചില്ലേ? 11) അവൾ പറഞ്ഞു: ഇല്ല കർത്താവേ! യേശു പറഞ്ഞു: ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുതു്.

ഈ സംഭവം യഹൂദന്മാരുടെ കൂടാരപ്പെരുനാളിൽ ന ടന്നതായാണു് സുവിശേഷത്തിൽ എഴുതിയിരിക്കുക. യോ ഹന്നാന്റെ സുവിശേഷത്തിലുൾപ്പെടുത്തിയിട്ടുള്ള ഈ ഭാ ഗത്തിന്റെ ശൈലി യോഹന്നാന്റേതല്ല. മാത്രമല്ല; കൂടാര പ്പെരുന്നാളിനെക്കുറിച്ചുള്ള വിവരണത്തിന്നിടയ്ക്കു മുഴച്ചു നിൽക്കുന്നതുമാണ്. ഈ ഭാഗം വിവരണത്തിന്റെ അനർ ഗ്ഗളതയ്ക്കു് വിഘാതമായി നിൽക്കുന്നു. മിക്കവാറും ലൂക്കോ സിന്റെ സുവിശേഷഗ്രന്ഥത്തിൽനിന്നെടുത്തു് യോഹ ന്നാന്റെ സുവിശേഷത്തിൽ ചേർത്തതാവാം.

www.malankaralibrary.com

നിയമമനുസരിച്ച് വധശിക്ഷയർഹിക്കുന്നവളെയാണ് യേശുവിൻെറ മുന്നിൽ കൊണ്ടു വന്നത്. വിവാഹനിശ്ചയം കഴിഞ്ഞ കന്യക (യുവതി) വ്യഭിചാരം ചെയ്താൽ കല്ലെറിഞ്ഞുകൊല്ലണമെന്നു നിയമം അനുശാസിച്ചു (ലേവ്യ. 22, 23). വിവാഹിതയെങ്കിൽ അവളെയും വധിക്കണം (ലേവ്യ. 20, 10; 22, 22). പക്ഷേ എങ്ങനെ കൊല്ലണമെന്ന് പറഞ്ഞിട്ടില്ല. ശ്വാസം മുട്ടിച്ചു കൊല്ലണമെന്ന് യഹൂദറബ്ബിമാർ വ്യാഖ്യാനിച്ചു. സുവിശേഷകൻ വിവരിക്കുന്ന സംഭവത്തിലെ സ്ത്രീയെ യേശുവിൻെറ സന്നിധിയിൽ കൊണ്ടുവന്നത് അവളെ ശിക്ഷിക്കാനോ മോചിക്കാനോ അല്ല. യേശുവിനെ കുരുക്കുവാനാണ്. വ്യഭിചാരണികളെ കൊല്ലണമെന്ന നിയമത്തിൻെറ ഏതു വ്യാഖ്യാനമാണ് ശരിയെന്നായിരുന്നു അവളെ കൊണ്ടുവന്നവരുടെ ചോദ്യം. അവർ നൽകിയ ഭാഷ്യം ശരിയോ എന്നറിയുകയായിരുന്നു മുഖ്യമായ ഉദ്ദേശ്യം.

യേശു അവളെ ശിക്ഷിച്ചില്ല. രണ്ടു വ്യാഖ്യാനവും നിരാകരിച്ചുമില്ല. നിയമം ലംഘിച്ചില്ല; മറികടന്നുമില്ല. നിയമത്തിൻെറ അന്തസത്ത അവർക്കു കാട്ടിക്കൊടുത്തു. അവരുടെ. വ്യഭിചാരവൃത്തിയിലേർപ്പെടാതിരിക്കാൻ ഒരു മുൻകരുതലായാണ് നിയമം നൽകിയത്. ഏതെങ്കിലും കാരണത്താൽ, സ്ഥലകാലസാഹചര്യങ്ങൾ മൂലമോ എന്തായാലും അതിലുൾപ്പെടുന്നവരെ അതിൽനിന്നു മോചിക്കാനാണ് ശ്രമിക്കേണ്ടത്. അതത്രേ യേശു ചെയ്തത്. അവളെ ആന്തരികമായും സ്വസ്ഥയാക്കി. ആത്മപീഡയിൽനിന്നും മോചിച്ചു. ഇനിയൊരിക്കലും അധഃപതിക്കാതിരിക്കാനുപദേശിക്കുകയും ചെയ്തു. "ഇനിമേൽ പാപം ചെയ്യരുത്" എന്ന അവിടത്തെ വചനങ്ങൾ ശക്തവുമാണ്.

www.malankaralibrary.com

മേലിൽ പാപത്തിൽ പതിക്കാതിരിക്കാൻ ശക്തി നൽകുന്നതാണ്.

പരസ്യപാപികളോടുപോലും യേശുവിനുള്ള കരുണയും സ്നേഹവും വിളിച്ചറിയിക്കുന്ന സംഭവം ആരിൽനിന്നോ ഗലീലിയിലെ വ്യഭിചാരണിയുടെ കാതിലെത്തി. ആദ്യം അവൾക്ക് അവിശ്വസനീയമായി തോന്നി. എങ്കിലും ആ കരുണാമയനെ കണ്ടുകഴിഞ്ഞപ്പോൾ അവൾക്കുറപ്പായി. പട്ടണത്തിലൂടെ നടന്നുപോയപ്പോഴൊക്കെ അവൾ യേശുവിനെ കണ്ടുകാണും. യേശുവിന്റെ ചുറ്റുംകൂടി അവിടത്തെ സാന്ത്വനവാക്കുകൾ കേട്ടുകൊണ്ടിരുന്ന ആൾക്കൂട്ടത്തിന്റെ കോണിലെവിടെയോ കാണാമറയത്തു നിന്നു അവൾ അങ്ങയെ കേട്ടുകാണും. അനുതപിക്കുന്ന പാപിയെപ്രതി സ്വർഗ്ഗീയപിതാവ് സന്തോഷിക്കുന്നതിനെക്കുറിച്ച് അവിടുന്നു പറഞ്ഞ വചനങ്ങൾ. വിട്ടുവിട്ടിറങ്ങി വിദേശത്തു് വിജാതിയർക്കിടയിൽ വിശന്നലയുന്ന മകനെ ആകാംക്ഷയോടെ കാത്തിരിക്കുന്ന സ്നേഹനിധിയായ പിതാവിനെപ്പറ്റി (ലൂക്കോസ് 15) അവിടുന്ന് പറഞ്ഞതു്. "ചീത്തവൃക്ഷം ചീത്തഫലവും നല്ല വൃക്ഷം നല്ലഫലവും പുറപ്പെടുവിക്കുന്നു. നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽനിന്നു നന്മ പുറപ്പെടുവിക്കുന്നു. ഹൃദയത്തിന്റെ നിറവിൽനിന്നാണല്ലോ അധരങ്ങൾ സംസാരിക്കുക". യേശുദേവന്റെ ഈ വാക്കുകൾ അവളുടെ മനസ്സിനെ പിടിച്ചുനിർത്തിയിട്ടുണ്ടാവും.

യേശുവിന്റെ രൂപഭാവങ്ങൾ അവളെ വല്ലാതെയാകർഷിച്ചു. ഇതുവരെ മററാരിലും കണ്ടിട്ടില്ലാത്ത ഒരു പ്രത്യേകത, ദിവ്യത, യേശുവിൽ കണ്ടു. കരുണാർദ്രവും സ്വഛതാപനിർഭരവുമായ ആ മുഖവും കണ്ണുകളും അവളെ കീഴടക്കി. ആ ദിവ്യന്റെ രൂപഭാവങ്ങളുടേയും വാക്കുകളുടേ

www.malankaralibrary.com

യും മുന്നിൽ തന്റെ ദയനീയനില അവൾക്കു തെളിമയാർന്നു കാണായി. സർവ്വാകർഷകവും സമ്പാദ്യസഹായിയും വിജയകരവും നിർവൃതിദായകവുമെന്ന് കരുതി ഇതുവരെ നയിച്ച തകർന്നടിഞ്ഞ ജീവിതത്തിന്റെ രൂപം അതിന്റെ പൂർണ്ണഭീകരാവസ്ഥയിൽ അവളഭിമുഖീകരിച്ചു. അതു കണ്ട് അവളാകെ അമ്പരന്നു. അവൾ പരിതപിച്ചു. നിർണ്ണായകമായൊരു തീരുമാനത്തിലെത്തി. അവൾക്കു ലഭിച്ച പ്രകാശത്തിൽ കിട്ടിയ ആത്മദർശനം ദൈവവുമായുള്ള ബന്ധത്തിൽ അററുപോയിരുന്ന കണ്ണികൾ കൂട്ടിയോജിപ്പിക്കാൻ അവളെ സഹായിച്ചു. അങ്ങയോടുള്ള ബന്ധം ദൃഢതരമാക്കാനും തെററുകളപ്പാടെ അടിസ്ഥാനപരമായി തിരുത്താനും പ്രതീക്ഷാനിർഭരമായൊരു ഭാവിയെ കരുപ്പിടിപ്പിക്കാനും സഹായിച്ചു.

## യോഗ്യനല്ല ഞാൻ. ലൂക്കാ. 7, 1–10

1) യേശു ജനങ്ങളോടുള്ള പ്രബോധനം അവസാനിപ്പിച്ചിട്ട് കഫർണാമിലേക്ക് പോയി. 2) അവിടെ ഒരു ശതാധിപന്റെ ഭൃത്യൻ രോഗം ബാധിച്ച് ആസന്നമരണനായിക്കിടന്നിരുന്നു. 3) ശതാധിപൻ യേശുവിനെക്കുറിച്ചു കേട്ടു. ഭൃത്യനെ സുഖപ്പെടുത്തണമെന്നപേക്ഷിക്കാൻ ഏതാനും യഹൂദ പ്രമാണികളെ അദ്ദേഹത്തിന്റെ അടുക്കലയച്ചു. 4) അവർ യേശുവിനെ സമീപിച്ച് കേണപേക്ഷിച്ചു: നീ ഇതു ചെയ്തുകൊടുക്കാൻ അവന് അർഹതയുണ്ട്.
5) കാരണം അവൻ നമ്മുടെ ജനത്തെ സ്നേഹിക്കുന്നു. നമുക്ക് ഒരു സിനഗോഗ് പണിയിച്ചുതന്നിട്ടുമുണ്ട്. 6) യേശു അവരോടൊത്തു യാത്രയായി.

www.malankaralibrary.com

അദ്ദേഹം വീട്ടിനോടടുക്കാറായപ്പോൾ ആ ശതാധി
പൻ തന്റെ സ്നേഹിതരിൽ ചിലരെ അയച്ച്
അദ്ദേഹത്തോടു പറഞ്ഞു: കർത്താവേ, അങ്ങു ബുദ്ധി
മുട്ടേണ്ട. അങ്ങ് എന്റെ ഭവനത്തിൽ പ്രവേശി
ക്കാൻ എനിക്കർഹതയില്ല. 7) അങ്ങയെ നേരിട്ടു സ
മീപിക്കാൻപോലും എനിക്കർഹതയില്ലെന്നു ഞാൻ
വിചാരിച്ചു. അങ്ങ് ഒരു വാക്ക് ഉച്ചരിച്ചാൽമാത്രം
മതി; എന്റെ ഭൃത്യന്നു സൗഖ്യം കിട്ടും. 8) കാരണം,
ഞാനും അധികാരവിധേയനാണ്. എന്റെ അധി
കാരത്തിലും പടയാളികളുണ്ട്. ഞാൻ ഒരുവനോട്
'പോകുക' എന്നു പറയുമ്പോൾ അവൻ പോകുന്നു.
വേറൊരുവനോടു 'വരിക' എന്നു പറയുമ്പോൾ അ
വൻ വരുന്നു. എന്റെ ഭൃത്യനോട് 'ഇതു ചെയ്യുക.
എന്നു പറയുമ്പോൾ അവൻ ചെയ്യുന്നു. 9 ഇതു കേ
ട്ട് യേശു അയാളെപ്പററി അതിശയിച്ചു. തന്നെ അ
നുഗമിച്ചിരുന്ന ജനക്കൂട്ടത്തിനു നേരെ തിരിഞ്ഞു പ
റഞ്ഞു: ഇത്തരം വിശ്വാസം ഇസ്രായേലിൽപ്പോലും
ഞാൻ കണ്ടിട്ടില്ല: 10) പ്രതിനിധി സംഘം തിരിച്ചു
ചെന്നപ്പോൾ ആ ഭൃത്യൻ സുഖപ്പെട്ടിരിക്കുന്നതു
കണ്ടു. (ലൂക്കോസ് 7, 1-10)

ശതാധിപൻ റോമാക്കാരനാണ്. യഹൂദന്മാരുടെ നോ
ട്ടത്തിൽ പുറജാതിക്കാരൻ. റോമൻ സൈന്യത്തിലെ 100
പേരടങ്ങുന്ന ഗ്രൂപ്പിന്റെ തലവൻ. പുതിയനിയമത്തിൽ
പല ശതാധിപന്മാരെക്കുറിച്ച് പറയുന്നുണ്ട്. പരാമർശി
ക്കപ്പെട്ടിട്ടുള്ളവരെല്ലാം സത്യസന്ധരും ദയാവായ്പുള്ളവരു
മാണെന്നുള്ളതു് ശ്രദ്ധേയമത്രേ (ലൂക്കോ. 23, 47; നട.
10, 22; 22, 26; 23, 17, 23, 23· 24; 24, 23; 27, 43).
നാം മുകളിലുദ്ധരിച്ചിരിക്കുന്ന കഥയിലെ ശതാധിപൻ
ദയാലുവെന്നു മാത്രമല്ല; മതാത്മകനുമാണ്.

www.malankaralibrary.com

റോമൻ നിയമമനുസരിച്ച് ഭൃത്യന്മാർ വെറും വസ്തുക്കൾ മാത്രമായിരുന്നു. യജമാനൻെറ ഇഷ്ടമനുസരിച്ച് അവരോടു പെരുമാറാം. കൊന്നാലും ചോദിക്കാനാളില്ല. പാടില്ല. സുവിശേഷസംഭവത്തിലെ യജമാനനായ ശതാധിപൻ ഭൃത്യന്മാരോട് അനുകമ്പയും സ്നേഹവുമുള്ളവനാണ്.

അയാളുടെ മതാത്മകതയും ശ്രദ്ധേയമത്രേ. റോമാക്കാർ മതം പ്രോത്സാഹിപ്പിച്ചതു് രാഷ്ട്രത്തിനു പ്രയോജനകരമായിരുന്നതിനാലായിരുന്നു. ജനങ്ങളെ അച്ചടക്കബോധമുള്ളവരായി നിലനിർത്താൻ മതം സഹായിച്ചു. മനുഷ്യനെ മയക്കാനുള്ള കറുപ്പ് എന്ന നിലയിലാണ് അവർ മതത്തെ കരുതിയതെന്നു തോന്നും. എന്നാൽ ഇതിൽ നിന്നു വ്യത്യസ്തമാണ ശതാധിപൻെറ മനോഭാവം. ആത്മാർത്ഥമായിരുന്നു. പ്രായോഗിക പ്രയോജനക്ഷമതയെന്നതിലും ആഴമായൊരുൾക്കാഴ്ച മതത്തെക്കുറിച്ച് അയാൾക്കുണ്ടായിരുന്നെന്നു കരുതുന്നതിൽ തെററില്ല. യഹൂദന്മാരോടുള്ള അയാളുടെ മനോഭാവവും അസാധാരണമാണ്. യഹൂദന്മാർ റോമക്കാരുൾപ്പെടെ പുറജാതികളെ അവജ്ഞയോടെ വീക്ഷിച്ചിരുന്നു. റോമാക്കാർ യഹൂദരെ വെറുത്തിരുന്നു. എന്നാൽ കഥയിലെ ശതാധിപനും യഹൂദന്മാരും പരസ്പരം ദൃഢമായ ബന്ധത്തിലായിരുന്നു. അയാൾ അവർക്ക് ഒരു പ്രാർത്ഥനാലയം പണിയിച്ചുകൊടുക്കപോലും ചെയ്തു. അവരുടെ അന്യോന്യബന്ധത്തിൻെറ പ്രത്യേകതകൊണ്ടാണല്ലോ യഹൂദന്മാർ അയാൾക്കുവേണ്ടി ശുപാർശയ്ക്കു പോയതു്. വിശുദ്ധമത്തായിയുടെ സുവിശേഷത്തിൽ ശതാധിപൻ നേരിട്ട് യേശുവിനെ സമീപിക്കയാണ്. ലൂക്കോസിൻെറ കാഴ്ചപ്പാടിൽ പെന്തക്കുസ്തായ്ക്കു മുമ്പ് വിജാതിയരോട് നേരിട്ട് യേശു പ്രസംഗിക്കുന്നില്ല,

www.malankaralibrary.com

ശതാധിപൻ അയച്ച യഹൂദപ്രമാണികളുടെ ദൗത്യ സംഘം യേശുവിനോട് ശുപാർശ ചെയ്തു. യേശു ഉപകാരം ചെയ്തുകൊടുക്കാൻ അയാൾക്കർഹതയുണ്ട്. പ്രതിനിധി സംഘത്തിന്റെ ശുപാർശയ്ക്കു നേരെ വിരുദ്ധമാണ് ശതാധിപന്റെ ആത്മപ്രകാശനം. അയാൾക്ക് യേശുവിനെ നേരെ സമീപിക്കാൻ അർഹതയില്ല! അതിനാൽ അയാൾ ഒരു ദൗത്യസംഘത്തെ അയയ്ക്കുന്നു. യേശുവിട്ടിനോട് അടുക്കാറായപ്പോഴും സ്നേഹിതന്മാരുടെ ഒരു സംഘത്തെ അയാൾ അയയ്ക്കുന്നല്ലോ.

വിജാതിയൻ യഹൂദറബ്ബിയെ നേരിൽ സമീപിക്കാൻ പാടില്ല. യഹൂദറബ്ബി അന്യ ജാതിക്കാരന്റെ ഭവനത്തിൽ പ്രവേശിച്ചാൽ നിയമപരമായി അശുദ്ധനാകും. ജാതി മത നിയമങ്ങളുടെ പേരിലുള്ള അനർഹതമാത്രമല്ല ശതാധിപനിൽ സുവിശേഷകൻ ഉദ്ദേശിക്കുന്നതെന്നു മനസ്സിലാക്കാമല്ലോ. വിശ്വാസത്തിൽ അയാൾ വളരെ ഉന്നത നിലയിലെത്തിയിരുന്നു! അസാധാരണ ദിവ്യശക്തി തെളിഞ്ഞു പ്രവർത്തിക്കുന്ന ഈ ദിവ്യ ഗുരുവിന്റെ മുമ്പിൽ താൻ നിസ്സാരനാണ് എന്നത്രേ അയാളുടെ ചിന്ത. റോമൻ സൈന്യത്തിലെ അധികാരമുള്ള ഒരുദ്യോഗസ്ഥനാണ് താനെങ്കിലും അത് യേശുവിന്റെ അധികാരവുമായി താരതമ്യപ്പെടുത്താനാവില്ല. യേശുവിന്റെ അധികാരത്തിനു മുമ്പിൽ തന്റെ അധികാരപരിധി നിസ്സാരമാണെന്ന അവബോധം അയാളെ ഭരിക്കുന്നു. പട്ടാളത്തിലെ താണ ഒരുദ്യോഗസ്ഥന്റെ ആജ്ഞകൾ ഉടനടി അനുവർത്തിക്കപ്പെടുന്നു. വാഗ്നിർദ്ദേശങ്ങൾ അപ്പാടെ നിവർത്തിക്കാൻ പട്ടാളശിക്ഷണത്തിനുള്ളതിലും ശക്തി യേശുവിന്റെ വാക്കുകൾക്കുണ്ട്. അതിനാൽ അവിടുന്ന് ഒരു

www.malankaralibrary.com

വാക്കു പറഞ്ഞാൽ മാത്രം മതി. വചനത്തിന്റെ ശക്തി കൊണ്ടു് മനുഷ്യനെ മരണത്തിൽനിന്നുപോലും സമുദ്ധരിക്കുന്ന യേശുവുമായി ബന്ധപ്പെട്ടപ്പോൾ ശതാധിപൻ സ്വയം കണ്ടെത്താൻ കഴിഞ്ഞു. അതിനു് യേശുവിന്റെ സാന്നിദ്ധ്യം അയാളെ സഹായിച്ചു.

സ്വയം കരുതിയിരുന്നതിലും അർഹനായിരുന്നു അയാൾ. ഈ സത്യം യേശു പ്രഖ്യാപിക്കുന്നല്ലോ: "ഇസ്രായേലിൽപ്പോലും ഇത്തരം വിശ്വാസം ഞാൻ ദർശിച്ചിട്ടില്ല". യേശുവിന്റെ സാന്നിദ്ധ്യത്തിലും അവിടത്തെ കണ്ടെത്തിക്കഴിയുമ്പോഴും നമുക്കു നമ്മെ നമ്മുടെ നിജസ്ഥിതിയിൽ ദർശിക്കാനാവും. ഇതിനു് ഒന്നാംതരം സാക്ഷ്യമാണു് സക്കേവൂസിന്റെ ജീവിതാനുഭവം.

## നിഷ്ക്കളങ്കന്റെ മാനസാന്തരം

ലൂക്കോ. 19,1-10

1) യേശു ജറിക്കോയിൽ പ്രവേശിച്ചു് അതിലൂടെ കടന്നുപോകയായിരുന്നു 2) അവിടെ സക്കേവൂസ് എന്നു പേരുള്ള ഒരാളുണ്ടായിരുന്നു. അയാൾ ചുങ്കക്കാരിൽ പ്രധാനിയും ധനികനുമായിരുന്നു. 3) യേശു ആരാണെന്നുകാണാൻ അയാൾ ആഗ്രഹിച്ചു. പക്ഷേ ജനക്കൂട്ടത്തിന്നിടയിൽ നിന്നു് അതു് അയാൾക്കു് അസാദ്ധ്യമായിരുന്നു. കാരണം അയാൾ കുള്ളനായിരുന്നു. 4) അദ്ദേഹത്തെ കാണാൻ അയാൾ മുമ്പേ ഓടി ഒരു സിക്കമൂർ മരത്തിൽ കയറിയിരുന്നു. അതിലേയാണു് യേശു കടന്നുപോകാനിരുന്നതു് 5) അവിടെ വന്നപ്പോൾ അദ്ദേഹം മുകളിലേക്കു നോക്കിയിട്ടു പറഞ്ഞു: സക്കേവൂസ്, വേഗം ഇറങ്ങിവരിക; ഇന്നു് എനിക്കു് നിന്റെ വീട്ടിൽ താമസിക്കണം.

www.malankaralibrary.com

6) അയാൾ തിടുക്കത്തിൽ ഇറങ്ങിവന്നു. 7) ഇതു കണ്ടപ്പോൾ അവരെല്ലാവരും പിറുപിറുത്തു: ഇവൻ പാപിയുടെ ഭവനത്തിൽ അതിഥിയായി പാർക്കുന്നല്ലോ. 8) സക്കേവൂസ് എഴുന്നേററു യേശുവിനോടു പറഞ്ഞു: കർത്താവേ, ഇതാ, എന്റെ സമ്പത്തിന്റെ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടിയായി തിരിച്ചു കൊടുക്കുന്നു. 9) യേശു അയാളോടു പറഞ്ഞു: 'ഇന്നു് ഈ ഭവനത്തിനു് രക്ഷ കൈവന്നിരിക്കുന്നു. ഇവനും അബ്രഹാമിന്റെ പുത്രനാണല്ലോ. 10) നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തി രക്ഷിക്കാനാണു് മനുഷ്യപുത്രൻ വന്നിരിക്കുക'.

(ലൂക്കോസ് 19, 1-10)

യേശുവിന്റെ ദർശനവും സാമീപ്യവും സക്കേവൂസിനെ പുതിയൊരു മനുഷ്യനാക്കിയ സംഭവമാണു് സുവിശേഷകർ വിവരിച്ചിരിക്കുന്നു. ഈ വിവരണം മൂന്നാം സുവിശേഷഗ്രന്ഥത്തിൽ മാത്രമേയുള്ളൂ. ഇതിൽ സുവിശേഷകന്റെ രചനയുടേയും ദർശനത്തിന്റേയും സവിശേഷതകൾ നിഴലിക്കുന്നുണ്ടു്. സന്തോഷം (വാക്യം 6), സമ്പത്തിനോടുള്ള അനാസക്തി (വാക്യം 8), സർവ്വത്രികരക്ഷ (വാക്യം 10), വിരുന്നിൽ പങ്കെടുക്കുന്ന യേശു (വാക്യം 5) എന്നിവയെല്ലാം മൂന്നാം സുവിശേഷത്തിന്റെ സവിശേഷതകളാണല്ലോ.

സക്കേവൂസ് ആരു്? അയാളിൽവന്ന മാററമെന്തു്? പരിവർത്തനത്തിനു നിദാനമെന്തു്?

നിർമ്മലൻ അഥവാ നിഷ്കളങ്കൻ എന്നാണു് സക്കേവൂസ് എന്ന പേരിന്റെ വ്യാഖ്യാനാർത്ഥം. പക്ഷേ

www.malankaralibrary.com

ചുങ്കക്കാരുടെ പ്രാധാനിയും ധനികനുമായിരുന്നു അയാൾ. കപ്പം പിരിവുകാരൻ എന്ന നിലയിൽ യഹൂദരുടെ ശത്രുവാണ്. യാഹ്വേയുടേയും. ദൈവജനമായ യഹൂദരിൽ നിന്ന് കപ്പം പിരിച്ച് റോമാസാമ്രാജ്യത്തിന് നൽകുന്നു. യാഹ്വേയുടെ ജനത്തിനും യാഹ്വേയ്ക്കും എതിരായ തെററ്. പരസ്യപാപം. മാത്രമല്ല; നിയമാനുസൃതം ഈടാക്കാവുന്നതിൽ കൂടുതൽ പിരിച്ചു. അങ്ങനെ അയാളുടെ പാപം ഇരട്ടിച്ചു.

ജെറിക്കോ പട്ടണത്തിലെ കപ്പം പിരിവുകാരുടെ തലവൻ ധനവാനാകാതെ തരമില്ല. അത്ര സമ്പന്നമായിരുന്നു ജെറിക്കോ. യോർദ്ദാൻ താഴ്വരയിലെ ആ പട്ടണം വളരെ പ്രധാനവുമായിരുന്നു. ഒലിവും സുഗന്ധ ദ്രവ്യങ്ങളും തിങ്ങിനിറഞ്ഞ പ്രദേശം. അവിടെനിന്നു സക്കേവ്യൂസ് സാദ്ധ്യമായതെല്ലാം സമ്പാദിച്ചു. അന്യായമായി പിരിച്ചെടുത്ത് ധനത്തിന്റെ തൂക്കം വർദ്ധിപ്പിച്ചു. എല്ലാവിധവും ആവുന്നത്ര ധനമാർജ്ജിക്കുന്നതിൽ ജീവിതവിജയം ദർശിച്ചിരുന്നു.

സമ്പന്നനായ സക്കേവ്യൂസ് അസന്തുഷ്ടനായിരുന്നു. സകലരും അയാളെ വെറുപ്പോടെയാണ് വീക്ഷിച്ചിരുന്നത്. സമുദായത്തിന്റെ മുന്നിൽ പരസ്യപാപി. സമുദായദ്രോഹി.

സക്കേവൂസ് യേശുവിനെക്കുറിച്ചു കേട്ടു. യേശുവിനെക്കുറിച്ച് പലരും പലതും പറയുന്നതു കാതിലെത്തി. ശത്രുക്കളും മിത്രങ്ങളും പുകഴ്ത്തിയും ഇകഴ്ത്തിയും പറയുന്നത്. പരസ്യപാപികളെപ്പോലും സ്നേഹത്തോടെ സ്വീകരിക്കുന്നതും അവരോട് അനുകമ്പാപൂർവ്വം പെരുമാറുന്ന

www.malankaralibrary.com

ത്തും അവരെ അനുഗ്രഹിക്കുന്നതും സന്തോഷകരമായ അനുഭവത്തിലേക്കു കൊണ്ടുവരുന്നതും അയാളുടെ ശ്രവണപുടങ്ങളിലെത്തി. ആ ദിവ്യനെ ഒന്നു കാണണമെന്നു് സക്കേവൂസിനു് അതിയായ ആഗ്രഹം. ഒന്നു കാണുക മാത്രം മതി. അങ്ങനെയിരിക്കെ അയാളറിഞ്ഞു: യേശു പട്ടണത്തിലൂടെ കടന്നുപോകുന്നു. അയാളോടി. പക്ഷേ, കഷ്ടമെന്നു പറയട്ടെ! അയാൾക്കാവുന്നില്ല. യേശുവിനെ കാണാനൊക്കുന്നില്ല. വലിയൊരു ജനക്കൂട്ടം യേശുവിനെ പൊതിഞ്ഞിട്ടുണ്ടു്. അവരുടെ നടുവിൽ നടക്കുന്ന യേശുവിനെ പൊക്കം കുറഞ്ഞ സക്കേവൂസിനു് കാണാനാവില്ല. ജനക്കൂട്ടത്തിന്നിടയിലേക്കു കടന്നു ചെല്ലാനുമാവില്ല. സമുദായം അവജ്ഞയോടെ വീക്ഷിക്കുന്ന തൊഴിൽക്കാരനാണയാൾ. അവരുടെ ഉന്തും തള്ളും പരിഹാസവാക്കുകളും പേറേണ്ടിവരും. യേശുവിനെ കണ്ടേ തീരൂ. അതിനു് എന്തു ത്യാഗവും ഏൽക്കാം. തന്റെ ധനസ്ഥിതിയും ചുങ്കക്കാരുടെ പ്രധാനി എന്ന സ്ഥാനവുമൊന്നും അയാളോർത്തില്ല. ഓടി ജനക്കൂട്ടത്തിന്റെ മുന്നിൽക്കടന്നു. വഴിവക്കിൽ നിന്ന സിക്കമൂർമരം കണ്ടു. നാലുവശത്തേയ്ക്കും ശിഖരങ്ങൾ വിരിച്ച മരം. അധികം ഉയരമില്ല. അതിന്റെ ശിഖരങ്ങളിലൊന്നിന്റെ കക്ഷത്തിലിരുന്നാൽ അതുവഴി കടന്നുവരുന്ന യേശുവിനെ ശരിയ്ക്കു കാണാം. ക്ഷണനേരംകൊണ്ടു് അയാൾ അതിൽ വലിഞ്ഞു കയറി ഇരുപ്പുറപ്പിച്ചു.

സക്കേവൂസിന്റെ താൽപ്പര്യം യേശുവിന്റെ ദിവ്യദൃഷ്ടിയിൽ പതിഞ്ഞു. അയാളുടെ ലളിതപ്രകൃതിയും യേശുവിനോടുള്ള ആഭിമുഖ്യവും താൽപ്പര്യവും യേശുവിന്റെ ശ്രദ്ധ പിടിച്ചു പറ്റി. അയാളോടു് സുഹൃദ്ബന്ധം സ്ഥാപിക്കാൻ തന്നെ യേശു തീരുമാനിച്ചു. യേശു മരച്ചു

www.malankaralibrary.com

വട്ടിലെത്തി. പെട്ടെന്നു് നിന്നു. മുകളിലേക്കു നോക്കി. സക്കേവൂസ് യേശുവിനേയും. അവരുടെ കണ്ണുകൾ തമ്മിലിടഞ്ഞു. അയാളുടെ ഹൃദയാഭിലാഷം പൂവണിഞ്ഞു. അവിടെ അവസാനിച്ചില്ല: അതു് ആരംഭം മാത്രമായിരുന്നു. യേശു സക്കേവൂസിനോടു പറഞ്ഞു: സക്കേവൂസ്, വേഗം ഇറങ്ങി വരൂ; ഇന്നു ഞാൻ നിന്റെ വീട്ടിൽ വരികയാണ്; ഇന്നു് എനിക്കു് അവിടെ പാർക്കണം. ഇത്രയുമൊന്നും സക്കേവൂസ് പ്രതീക്ഷിച്ചില്ല, ആഗ്രഹിച്ചില്ല. അയാൾക്കു അവിശ്വസനീയമായ ആ വാക്കുകൾ കേട്ടു് അയാളുടെ ഹൃദയം ആനന്ദംകൊണ്ടു് തുള്ളിച്ചാടി. കേട്ടപാതി, കേൾക്കാത്തപാതി; അയാൾ മരത്തിൽനിന്നു് ഊർന്നിറങ്ങി. യേശുവിനു വഴികാട്ടി മുമ്പേ നടന്നു. അപ്പോഴത്തെ അയാളുടെ വികാരവിചാരങ്ങൾ ഊഹിക്കാമല്ലോ.

യേശു സക്കേവൂസിന്റെ ഭവനത്തിലെത്തി. അസാധാരണനായ അതിഥിയെക്കണ്ടു് സക്കേവൂസിന്റെ ഭാര്യ ആദ്യം തെല്ലമ്പരന്നു. യഹൂദറബ്ബി കപ്പംപിരിവുകാരന്റെ വീട്ടിൽ വരികയോ! തെല്ലുനേരം കഴിഞ്ഞപ്പോഴേക്കും അവളുടെ അമ്പരപ്പു് ആദരവായി മാറി. അവിടത്തെ സ്നേഹോഷ്മളമായ പെരുമാററം ആ ദിവ്യനോടു് ഉള്ളുതുറന്നു പെരുമാറാൻ സഹായിച്ചു. അവരുടെ കുഞ്ഞുങ്ങളുമെല്ലാം അങ്ങയോടു് അടുത്തിടപ്പെട്ടു. സക്കേവൂസിന്റെ കുടുംബാംഗങ്ങളോടൊത്തു് യേശു ഭക്ഷണം കഴിച്ചു. അപ്പോഴെല്ലാം അവർ പരസ്പരം എന്തെല്ലാം പറഞ്ഞുകാണും! അതെല്ലാമൊന്നും സുവിശേഷഗ്രന്ഥത്തിൽ വിവരിച്ചിട്ടില്ല. യേശുവിന്റെ സന്ദർശനത്തിന്റെ ഫലംവ്യക്തമായിപ്പറഞ്ഞിരിക്കുന്നതിൽനിന്നു് നമുക്കു് ചിലതൊക്കെ ഊഹിക്കാനാവും. സമ്പത്തിന്റെ ആധിക്യത്തിലല്ല മനുഷ്യായുസ്സിന്റെ

www.malankaralibrary.com

മഹത്വമെന്ന് യേശു വ്യക്തമാക്കികൊടുത്തുകാണും. അവഗണിതരോടും പാപികളോടും സ്വർഗ്ഗീയപിതാവിനുള്ള സ്നേഹവും കരുണയും വിവരിച്ചുകാണും. അപരരിൽ നിന്ന് പണം അന്യായമായി കൈവശമാക്കി അതിന്മേലിരുന്ന് ജീവിതമാസ്വാദിക്കുന്നതിലല്ല ജീവിതത്തിന്റെ ശ്രേഷ്ഠതയെന്നും സാഹോദര്യത്തിലും സുഹൃദ്ബന്ധത്തിലുമാണ് സമ്പത്തിന്റെ സാക്ഷാൽ സാരമടങ്ങിയിരിക്കുന്നതെന്നും സ്പഷ്ടമാക്കിയിട്ടുണ്ടാവണം. ആവശ്യക്കാരനായ അയൽക്കാരന്റെ ആവശ്യനിവൃത്തിയ്ക്കു നൽകാനാണ് ധനം മനുഷ്യനു നൽകിയിരിക്കുന്നതെന്നും യേശു നേരെയങ്ങു പറഞ്ഞു കാണണം (ലൂക്കോ. 10, 25–37; 12, 13 –20; 15; 16, 1–13).

സക്കേവൂസും കുടുംബാംഗങ്ങളും യേശുവിനോട് അവരുടെ നിരവധി ജീവിതാനുഭവങ്ങൾ പങ്കുവച്ചു. ഭർത്താവ് ഭാര്യയെക്കുറിച്ചും ഭാര്യ ഭർത്താവിനെക്കുറിച്ചും അവരിരുവരും കുഞ്ഞുങ്ങളെക്കുറിച്ചും അവരുടെ ശുണ്ഠിത്തരങ്ങളെക്കുറിച്ചും അഭിരുചികളെക്കുറിച്ചും സ്വഭാവപെരുമാററ പ്രത്യേകതകളെക്കുറിച്ചുമൊക്കെ വെട്ടിത്തുറന്നു പറഞ്ഞു രസിച്ചു. ഇതുവരെ അനുഭവിച്ചിട്ടില്ലാത്ത സുഹൃദ്ബന്ധവും സന്തോഷവും ആ കുടുംബമനുഭവിച്ചു. അന്ന് അവർക്ക് ഉത്സവമായിരുന്നു.

യേശു പറഞ്ഞവയെക്കാൾ സക്കേവൂസിനേയും കുടുംബത്തെയും ആകർഷിച്ചത് അവിടത്തെ പെരുമാററമാണ്. ആ വ്യക്തത്വത്തിന്റെ അവർണ്ണനീയമായ കുലീനതയും ദിവ്യതയും പരിമളം പരത്തുന്ന ആ സാന്നിദ്ധ്യവും അങ്ങയുടെ മുഖാഭിമുഖപരിചയവും വീട്ടിൽവച്ചുള്ള വ്യക്തിപരമായ അനുഭവവും ഹൃദയവിശാലതയും പരിശു

www.malankaralibrary.com

ഢമായ സ്വീകരണഭാവവും ജീവിതവീക്ഷണവും. ഇവയെല്ലാം അവരെ വല്ലാതെ പിടിച്ചുലക്കി. സക്കേവൂസിനെ ആകെ ഇളക്കി മറിച്ചു.

വിജയവും സമൃദ്ധിയുമെന്ന് സക്കേവൂസ് ഇതുവരെ സ്വരൂപിച്ചിരുന്ന സമ്പത്ത് തന്നെ ഒരിടത്തും കൊണ്ടെത്തിയ്ക്കുകയില്ലെന്ന് അയാൾക്കു കാണായി. സന്തോഷത്തിന്റെ അടിസ്ഥാനം സമ്പത്തെന്നു കരുതിയിരുന്നതു് ഭോഷത്തമായിരുന്നെന്ന് വ്യക്തമായി. അന്യരിൽനിന്ന് അന്യായമായി കരം പിരിച്ചെടുത്ത തിന്മയുടെ ആഴം അയാൾക്കു ബോദ്ധ്യമായി. ആവുന്നത്ര ധനമാർജ്ജിക്കുന്നതിലല്ല അസ്തിത്വത്തിന്റെ അർത്ഥമെന്ന് ആ കപ്പം പിരിവുകാരന് ബോദ്ധ്യപ്പെട്ടു. അയാളുടെ ജീവിത വീക്ഷണത്തിനും മൂല്യബോധത്തിനും സമൂലമായ പരിവർത്തനം സംഭവിച്ചു. അയാൾ ഇതുവരെ താലോലിച്ചു വളർത്തിക്കൊണ്ടുവന്ന വ്യവസ്ഥിതി പാടേ പരാജയവും പാപവുമാണെന്നു ബോദ്ധ്യമായി. സങ്കുചിതമായ മനോഭാവത്തിൽനിന്ന് അയാൾ വിമുക്തനായി. സക്കേവൂസ് നല്ലൊരു മനുഷ്യനായി. ഇനിമുതൽ ജീവിതം പുതിയൊരു ലക്ഷ്യത്തിലേക്കാണ്. നവമായൊരു ജീവിതശൈലി സ്വീകരിച്ചു. ചെയ്ത തെററിനെല്ലാം നാലിരട്ടി പരിഹാരം ചെയ്യാൻ തയ്യാറാകുന്നു. നിയമം അനുശാസിക്കുന്നതിലുമപ്പുറം. മുതലും അതിന്റെ അഞ്ചിലൊന്നും പ്രതിശാന്തി നൽകാനേ നിയമം നിർദ്ദേശിക്കുന്നുള്ളു (സംഖ്യ 5, 5–7). യേശുവുമായി ഉദാത്തമായൊരു ബന്ധത്തിലെത്തിയതോടെ നിയമത്തിന്റെ അതിർവരമ്പുകൾക്കുള്ളിലൊതുങ്ങി അവയുടെ ആനുകൂല്യങ്ങളനുഭവിക്കാൻ അയാൾക്കാവില്ല. ഉന്നതമായൊരു തലത്തിലായി അയാളുടെ സാമൂഹ്യ

www.malankaralibrary.com

ബന്ധം. പുതിയ സാമൂഹ്യ വീക്ഷണവും അയാൾക്ക കൈവന്നു. "എന്റെ സമ്പത്തിന്റെ പകുതി ഞാൻ ദരിദ്രർക്ക ദാനം ചെയ്യുന്നു". സ്വത്തിൽ പകുതി പാവങ്ങളുടെ സമുദ്ധാരണത്തിന്ന് തുറന്നിടാനുള്ള സാമൂഹ്യാവബോധം അയാൾക്കുദിച്ചു.

തീർത്തും പരിവർത്തന വിധേയനായ പുതിയൊരു മനുഷ്യനെയാണ് സക്കേവൂസിൽ ഇപ്പോൾ നാം കാണുക. താൻ അന്യായമായി കരം പിരിച്ചെടുത്തതു പാപമായിരുന്നെന്നും അതിനെല്ലാം പരിഹാരം ചെയ്യണമെന്നും ബോദ്ധ്യമായ മനുഷ്യൻ. നിയമത്തിന്റെ അനുശാസനകൾക്കുപരി ഉയർന്നവൻ. ശ്രേഷ്ഠവും ശക്തിയും ആവശ്യവുമെന്ന് ഇതുവരെ കരുതിയ പെരുമാററരീതി പാപമാണെന്നു മനസ്സിലായവൻ. അനുതപിക്കുന്ന പാപിയായി അയാൾ യേശുവിന്റെ മുന്നിൽ നിന്നു. പുതിയ ജീവിതവീക്ഷണവും സാമൂഹ്യ ബോധവും വന്നുചേർന്നു. അന്യനിലേക്ക തുറന്നിട്ടിരിക്കുന്ന ഹൃദയത്തിന്റെ ഉടമയായി. ആവശ്യക്കാരന്റെ ആവശ്യങ്ങൾ നിറവേററുവാൻ വിനിയോഗിക്കുന്നതിലാണ് സമ്പത്തിന്റെ യഥാർത്ഥ വിനിയോഗമെന്ന രക്ഷാകരമായ വീക്ഷണം സ്വീകരിച്ചു. ഇതെല്ലാം അയാൾക്ക സാധിച്ചതു് യേശുവിന്റെ സാന്നിദ്ധ്യം മൂലമാണല്ലോ. അവിടത്തെ സന്ദർശനവും സാന്നിദ്ധ്യവും സംഭാഷണവും സക്കേവൂസിന് സ്വയം മനസ്സിലാക്കാനും പരിവർത്തന വിധേയനാകാനും ഇട നൽകി. യേശുവിനോട് ബന്ധപ്പെടുത്തി നോക്കിയപ്പോഴാണ് പോരായ്മകൾ വ്യക്തമായതു്. യേശുവിലൂടെ സ്വയം ദർശിച്ചപ്പോഴത്രേ സക്കേവൂസിന് തന്റെ തനിമ ദൃശ്യമായതു്. അപ്പോൾ ഉള്ളറകളാകെ തുറന്നു കാണാൻ കഴിഞ്ഞു.

www.malankaralibrary.com

ഈശ്വരദർശനത്തിനു മനുഷ്യനാഗ്രഹിക്കുക. അവിടന്നു അവനു കാട്ടിക്കൊടുക്കും. മാത്രമല്ല, അവനോടൊത്തു വസിക്കാനായി മുന്നിട്ടിറങ്ങും. അവന്റെ ജീവിതത്തിലേക്കു കടന്നുചെല്ലും.

മനുഷ്യൻ സ്വയം ദൈവത്തിൽ ദർശിച്ചാൽ സ്വജീവിതം അങ്ങേ മുമ്പിൽ സമ്പൂർണ്ണമായി തുറന്നു വയ്ക്കാനും നിർബ്ബന്ധിതനാകും. ഒരിക്കലങ്ങനെ തുറന്നുവച്ചാൽ മനുഷ്യന്റെ പ്രതീക്ഷകളെല്ലാം നിറവേററിക്കൊണ്ടു് ദൈവം അവന്റെ ജീവിതത്തിലേക്കു പ്രവേശിക്കും. അവന്റെ അടിസ്ഥാനപ്രശ്നങ്ങൾക്കു പോലും പരിഹാരം ലഭിക്കും. ശാശ്വത പരിഹാരം. നീണ്ടുനില്ക്കുന്ന സന്തോഷവും ആനന്ദവും അനുഭവിക്കും. ജീവിതമാകെ പരിവർത്തന വിധേയമാകും. സമറിയാക്കാരിയിലും സക്കേവൂസിലും അതു് സംഭവിച്ചു. ചേരിയവത്തു നിറവേറി.

സുഹൃത്തേ, നമ്മെ ഏററം നന്നായി അറിയേണ്ടതു് നാം തന്നെയാണ്. നാം നമ്മോടുതന്നെ നമ്മെ താരതമ്യപ്പെടുത്തി നോക്കിയാൽ നമ്മുടെ യഥാർത്ഥ രൂപം കണ്ടെത്താനാവില്ല. മനുഷ്യൻെറ സമ്പൂർണ്ണതയും ലോകത്തിൻെറയും പിതാവിൻേറയും പ്രകാശവും നന്മതന്നെയുമായ യേശുക്രിസ്തുവിൽ നാം നമ്മെ കാണുക. അങ്ങിൽ നമ്മെ പ്രതിഫലിപ്പിക്കുക. അപ്പോൾ നമുക്കു നമ്മുടെ യഥാർത്ഥ രൂപം കാണാനാവും. നമ്മുടെ അസ്തിത്വത്തിൻെറ ആദിമഹത്വവും നമുക്കു് ജന്മം നൽകി ഈ ഭൂമിയിൽ നിയമിച്ചിരിക്കുന്നതിൻെറ ഉദ്ദേശവും ദൃശ്യമാകും. നമ്മുടെ ജീവിതത്തിൻെറ നേട്ടങ്ങളും കോട്ടങ്ങളും. നാം താണ്ടിപ്പോന്ന പാതയുടെ വളവും പുളവും കയററവും ഇറക്കവും. ഇനിയും നമ്മുടെ മുന്നിൽ കിടക്കുന്ന വഴി. നാം തിരുത്തേണ്ടതും സ്വീകരിക്കേണ്ടതും. നമ്മുടെ മൂലബോധത്തിൻെറ തകരാറു്. എല്ലാമെല്ലാം തെളിഞ്ഞുയർന്നു കാണാവും.

അന്ധകാര വൃതമായ മുറിയ്ക്കുള്ളിൽ നാം നമ്മെ വച്ചുകൊണ്ടിരുന്നാൽ നമ്മുടെ നിഴൽപോലും കാണാനാവില്ല. നിഴലിൽ നമ്മുടെ ആന്തരികതയുടെ വിശദാംശങ്ങളൊന്നുംതന്നെ പ്രതിഫലിക്കയുമില്ല. അനേകർക്കും ഇരുട്ടത്തു് തപ്പിനടക്കാനാണിഷ്ടമെന്നു തോന്നുന്നു. യേശുവിൻെറ ആകർഷകമായ പ്രകാശമുൾക്കൊള്ളുക. സകലത്തേയും പ്രകാശിപ്പിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്യുന്ന ചൈതന്യസമ്പൂർണ്ണമായ ആ രശ്മികൾ താങ്കളിലൂടെ കടന്നു പോകാൻ അനുവദിക്കുമോ?

www.malankaralibrary.com

# IX
# അപരനെക്കാണാൻ

മർക്കോസ് 8, 22-26

22) യേശുവും ശിഷ്യന്മാരും ബഥ്സയ്ദായിൽ
വന്നു. കുറേപ്പേർ ഒരു അന്ധനെ യേശുവിൻെറ അടു
ക്കൽ കൊണ്ടുവന്നു. അയാളെ തൊടണമെന്ന് യേശു
വിനോട് അപേക്ഷിച്ചു. 23) അദ്ദേഹം അവനെ
കൈക്കുപിടിച്ച് ഗ്രാമത്തിനു പുറത്തു കൊണ്ടുപോ
യി. അയാളുടെ കണ്ണുകളിൽ തുപ്പിയശേഷം അയാ
ളുടെ മേൽ കരങ്ങൾ വച്ചുകൊണ്ട് ചോദിച്ചു: നിന
ക്ക് എന്തെങ്കിലും കാണാനാവുന്നോ? 24) അയാൾ
നോക്കിയശേഷം പറഞ്ഞു: എനിക്കു മനുഷ്യരെ കാ
ണാം; അവർ മരങ്ങളെപ്പോലിരിക്കുന്നു; നടക്കുന്നതാ
യും കാണാം. 25) വീണ്ടും യേശു അയാളുടെ കണ്ണുക
ളിൽ കൈകൾ വച്ചു. അയാൾ സൂക്ഷിച്ചുനോക്കി.
അയാൾക്കു കാഴ്ച തിരിച്ചു കിട്ടി. അയാൾ സകലതും
വ്യക്തമായി കണ്ടു. 26) ഗ്രാമത്തിൽ പ്രവേശിക്കപോ
ലും അരുത് എന്നു പറഞ്ഞ് യേശു അയാളെ വീട്ടി
ലേക്ക് അയച്ചു (മർക്കോസ്. 8, 22-26).

ബഥ്സയ്ദായിലെ കണ്ണുപൊട്ടനു് യേശു കാഴ്ച നൽകുന്ന സംഭവം മർക്കോസ്സുവിശേഷകൻ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. ഇതുപോലൊരു സംഭവം വിശുദ്ധലൂക്കോസും തൻെറ ആദ്യകൃതിയിൽ വിവരിക്കുന്നുണ്ട്. ജെറിക്കോയിലെ അന്ധനു് യേശു കാഴ്ച നൽകുന്ന കാര്യം. രണ്ടു വിവരണങ്ങളും തമ്മിൽ ഒട്ടേറെ സാമ്യമുണ്ട്. മർക്കോസ് 7, 31-37ൽ വിവരിക്കുന്ന സംഭവത്തോടാണ് കൂടുതൽ സാമ്യം.

www.malankaralibrary.com

മർക്കോസ് 8, 22-26 വരെ വിവരണത്തിന് പ്രത്യേക ഉദ്ദേശ്യമുണ്ട്. ഗലീലിയ്ക്കു് പുറത്താണ് ബത്സയ്ദാ. ഫീലിപ്പിന്റെ ഭരണസീമയിൽപ്പെട്ടിടം. ജനങ്ങൾ തിങ്ങിപ്പാർക്കുന്നിടം. അവിടെ നിന്ന് യേശു അന്ധനെ അധികം ആൾപാർപ്പില്ലാത്തിടത്തേക്കു കൊണ്ടുപോയി. അയാളുടെ കണ്ണുകളിൽ തുപ്പിയശേഷം അയാളുടെ മേൽ കരങ്ങൾ വച്ചു. ഇങ്ങനെ മററവസരങ്ങളിലും യേശു പെരുമാറുന്നവെന്ന് മർക്കോസ് സുവിശേഷകൻ പറയുന്നു. അദ്ധ്യായം ഏഴിലെ വിവരണത്തിലെ അവതരണരീതിയും ശൈലിപ്രയോഗങ്ങളും ആവർത്തിച്ചിട്ടുണ്ട്. യേശു ദശഗ്രാമങ്ങളിലൂടെ കടന്നുപോകയായിരുന്നു. കുറെപ്പേർചേർന്നു ബധിരനും ഊമനുമായ ഒരുവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. യേശു അവന്റെ മേൽ കൈ വയ്ക്കണം (തൊടണം). അതാണവരുന്നയിച്ച ആവശ്യം. ഇതുതന്നെയാണ് ബത്സയ്ദായിലെ കുരുടനെ കൊണ്ടുവന്നവരും ആവശ്യപ്പെട്ടുക. ആദ്യത്തെയാളിനേയും യേശു ജനക്കൂട്ടത്തിൽനിന്നു മാററിനിർത്തി അയാളുടെ ചെവികളിൽ വിരലുകളിട്ടു; തുപ്പിയിട്ട് നാവിൽ തൊട്ടു. രണ്ടാമന്റെ കാര്യത്തിലും അങ്ങനെതന്നെ. ജനക്കൂട്ടത്തിൽനിന്നു മാററിനിർത്തി; കണ്ണുകളിൽ തുപ്പി; അയാളെ തൊട്ടു. അങ്ങനെ യേശു ചെയ്തപ്പോൾ ഇരുവരുടേയും കുറവുകൾ മാറിക്കിട്ടി. ആദ്യത്തവന് കേൾവിയും സംസാരശക്തിയും രണ്ടാമന് കാഴ്ചയും ലഭിച്ചു.

യേശു തന്റെ ദിവ്യവ്യക്തിത്വം ഏറെനാളത്തേക്കും വെളിപ്പെടുത്താതെ രഹസ്യമായി വച്ചുപുലർത്തിയെന്നതു് മർക്കോസിന്റെ പ്രത്യേക കാഴ്ചപ്പാടാണ്. ആ രഹസ്യാത്മകതയ്ക്കു ഭംഗം വരാതിരിക്കാനായിരിക്കാം യേശു

www.malankaralibrary.com

അർത്ഥികളെ ഒററയ്ക്കു മാററിനിർത്തി സൗഖ്യമേകുക.

ദ ശ ന ഗ രങ്ങളിലെ ബധിരനും ഊമനുമായവനേയും ബെത്സയ്ദായിലെ അന്ധനേയും സുഖപ്പെടുത്തുന്ന സംഭവങ്ങൾ ഒരേ ശൈലിയിലവതരിപ്പിക്കുന്നതിനും പ്രത്യേകമുദ്ദേശമുണ്ടെന്നു തോന്നുന്നു. മെസ്സിയാനിക യുഗത്തിൻെറ ലക്ഷണങ്ങളായി ഏശയ്യാസ് പ്രവാചകൻ (29, 18; 35, 5–6) കുരുടർക്കു കാഴ്ചയും ബധിരർക്കു കേൾവിയും ഊമർക്കു സംസാരശക്തിയും ലഭിക്കുന്നതു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ പ്രവചനങ്ങളുടെ പൂർത്തീകരണമാണ് യേശുവിൻെറ പ്രവൃത്തികൾ എന്നു് വ്യക്തമാക്കുകയത്രേ സുവിശേഷകൻ. പ്രവചനങ്ങൾ പൂർത്തിയാക്കിയ മെസയാ ആണ് യേശു.

ബെത്സയ്ദായിലെ കുരുടനു കാഴ്ച നൽകുന്നതു് രണ്ടു ഘട്ടങ്ങളിലാണ് എന്നതു് സംഭവത്തിൻെറ സവിശേഷതയത്രേ. ദ്വിപാദ പ്രവൃത്തിക്കു് പ്രത്യേക അർത്ഥമുണ്ടു്. ഘടനാപരമായി തുടർന്നുവരുന്ന ഭാഗത്തോടു (8, 27–30) ബന്ധപ്പെട്ടിരിക്കുന്നു. രണ്ടിലും ഒരു അനുക്രമവർദ്ധന കാണാനുണ്ടു്. കുരുടനു് കാഴ്ച പൂർണ്ണമായി തിരിച്ചുകിട്ടിയതും യേശു മെസയാ ആണെന്നു് ശിഷ്യന്മാർക്കതിരിച്ചറിയാൻ കഴിഞ്ഞതും ക്രമേണയാണ്. രണ്ടിലും യേശു തൻെറ പ്രവൃത്തി അഥവാ ചോദ്യം ആവർത്തിക്കുന്നു. കുരുടൻെറ കണ്ണുകളിൽ രണ്ടുതവണ തൊട്ടു; 'ഞാൻ ആരാകുന്നു.' എന്നു രണ്ടു പ്രാവശ്യം ശിഷ്യന്മാരോടു ചോദിച്ചു. എന്നാൽ 7,31–37ലെ സൗഖ്യദാനത്തിൻെറ പരിസമാപ്തിയായ വിശ്വാസ പ്രഖ്യാപനം (7, 37) 8, 22–26ലെ സംഭവത്തിലില്ല. തുടർന്നുള്ള സംഭവത്തിൻെറ പരിസമാപ്തിയാണുതാനും (8,29): നീ മെസയാ (ക്രിസ്തു) ആകു

www.malankaralibrary.com

ന്നു. ഇതിൽനിന്നു് ബെത്സയിദായിലെ കുരുടനു് കാഴ്ച നൽകുന്നതിന്റെ അർത്ഥം വ്യക്തമാകുന്നു. യേശു മെസയായാകുന്നുവെന്നു കാണാൻ ശിഷ്യന്മാരുടെ കണ്ണുകൾ തുറക്കുന്നുവെന്നു സൂചിപ്പിക്കുന്ന പ്രവചനാത്മക പ്രവർത്തിയാണിതു്.

ബെത്സയ്ദയിലെ കുരുടൻ അവസാനം സകലത്തും വ്യക്തമായി കണ്ടു (8,25). യേശുവിനേയും മനുഷ്യരേയും സുവ്യക്തമായി കണ്ടു എന്നർത്ഥം. മനുഷ്യൻ ആയിരിക്കുമ്പോലെ കാണാൻ യേശു അയാളെ സഹായിച്ചു.

അയാൾ പിറവിക്കുരുടനല്ല. ജീവിതത്തിലെ ഏതോ ഒരു ദുർവിധിയിൽ കാഴ്ച നഷ്ടപ്പെട്ടവനാണു് അപകടമോ രോഗമോ മൂലം. കാഴ്ച നഷ്ടപ്പെടുന്നതിനുമുമ്പു് അയാൾ മനുഷ്യരെ കണ്ടിട്ടുണ്ടു്. ഇനിയും കാണാൻ കഴിഞ്ഞാലറിയാം. യേശു രണ്ടു ഘട്ടമായി അയാൾക്കു കാഴ്ച നൽകി. ആദ്യ ഘട്ടത്തിൽ അയാൾ മനുഷ്യരെ കണ്ടു. മരങ്ങളെപ്പോലെ. ഒരു വ്യത്യാസം മാത്രം. അവർ നടക്കുന്നു.

അതിവേഗം ഓടിക്കൊണ്ടിരിക്കുന്ന ബസ്സിലിരുന്നു് പുറത്തേക്കു നോക്കിയാൽ പാതയുടെ ഇരുവശങ്ങളിലേയും മരങ്ങളും മൃഗങ്ങളും മനുഷ്യരുമെല്ലാം ഒരുപോലെ പിറകോട്ടു പാഞ്ഞുപോകുന്നുവെന്നു നമുക്കു തോന്നും. ഒന്നും വ്യക്തമായിക്കാണാനാവില്ല.

മനുഷ്യരെ നടക്കുന്ന മരങ്ങളെപ്പോലെ മാത്രമേ ബെത്സയ്ദായിലെ അന്ധനു് സുഖപ്രാപ്തിയുടെ ആദ്യഘട്ടത്തിൽ കാണാനായുള്ളു ആ സ്ഥിതിയിൽ അയാൾക്കു് യേശുവിനേയും കാണാനായില്ല. ഇതു് സകലരേയും സംബന്ധിച്ചു് സത്യമാണു്.

www.malankaralibrary.com

പലർക്കും ഈശ്വരനെ കണ്ടെത്താനാവുന്നില്ല. കാരണം ഈശ്വരന്റെ അഭാവമല്ല. ഈശ്വരദർശനത്തിന്റെ അഭാവമാണ്. ഈശ്വര ദർശനം സാദ്ധ്യമാകണമെങ്കിൽ മനുഷ്യദർശനം സിദ്ധിച്ചിരിക്കണം.

"മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുമ്പോൾ
മനസ്സിൽ ദൈവം ജനിക്കുന്നു". മലയാളത്തിന്റെ

വയലാർ പാടി. എത്രയോ ശരി! പുതിയ വെളിപാടൊന്നുമല്ല. ആദി മുതലേ ഉള്ള ക്രിസ്തീയ കാഴ്ചപ്പാടാണ്. സഹോദരനെ സ്നേഹിക്കാതെ ഈശ്വരനെ സ്നേഹിക്കാനാവില്ല. ഈശ്വരൻ എന്നിൽ ജനിക്കുന്നതെപ്പോഴാണ്? അവനെ ഞാൻ സ്നേഹിക്കുമ്പോൾ. അപരൻ എന്നിൽ ജനിക്കാതിരുന്നാലും അവന് അവന്റെ അസ്തിത്വമുണ്ട്. അവനെന്ന സത്യമുണ്ട്. എന്നിൽ ഇല്ലെന്നേയുള്ളൂ. ഈശ്വരൻ എന്നെ സംബന്ധിച്ച് അസ്തിത്വമാകുന്നതെപ്പോൾ? അവിടുന്നു എന്നിൽ ജനിക്കുമ്പോൾ. അഥവാ ഞാൻ അങ്ങയെ അംഗീകരിക്കുമ്പോൾ. ഞാൻ അംഗീകരിച്ചില്ലെങ്കിലും ഈശ്വരൻ സത്യമായിരിക്കും. അങ്ങേയ്ക്കു് അസ്തിത്വമുണ്ടായിരിക്കും. ഒരു പക്ഷേ എനിക്ക പ്രസക്തമല്ലായിരിക്കും. എന്തെന്ന് കണ്ണടച്ച് ഇരുട്ടാക്കണം? മനുഷ്യദർശനവും ഈശ്വരദർശനവും പരസ്പര ബന്ധിതമാണ്. ഈശ്വരദർശനം കൂടാതെ സമഗ്രമായ മനുഷ്യദർശനമോ മനുഷ്യദർശനമില്ലാതെ ഈശ്വരദർശനമോ സാദ്ധ്യമല്ല.

താൻ പ്രകാശത്തിൽ (യേശുവിൽ/ഈശ്വരനിൽ) ആണെന്നു പറയുകയും സ്വസഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നവൻ ഇപ്പോഴും അന്ധകാരത്തിൽ തന്നെയാകുന്നു.

www.malankaralibrary.com

സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ വസിക്കുന്നു; അവനു് ഇടർച്ചയുണ്ടാകുന്നില്ല.
എന്നാൽ തന്റെ സഹോദരനെ വെറുക്കുന്നവൻ ഇരുട്ടിലാകുന്നു. ഇരുട്ടു് അവന്റെ കണ്ണുകൾ അന്ധമാക്കിയതിനാൽ എവിടേക്കു പോകുന്നുവെന്നു് അവൻ അറിയുന്നില്ല. 1യോഹ. 2, 9-11.
സഹോദരനെ സ്നേഹിക്കുന്നതിനാൽ നാം മരണത്തിൽനിന്നു ജീവനിലേക്കു (ദൈവത്തിലേക്കു) കടന്നിരിക്കുന്നു എന്നു നമുക്കറിയാം. സ്നേഹിക്കാത്തവനെല്ലാം മരണത്തിൽത്തന്നെ നിലകൊള്ളുന്നു.
സഹോദരനെ വെറുക്കുന്നവൻ കൊലപാതകനാകുന്നു കൊലപാതകിയിൽ നിത്യജീവൻവസിക്കുന്നില്ല എന്നു നിങ്ങൾക്കറിയാമല്ലോ.
ക്രിസ്തു സ്വന്തം ജീവൻ നമുക്കുവേണ്ടി പരിത്യജിച്ചു എന്നതിൽനിന്നു സ്നേഹം എന്തെന്നു് നമുക്കറിയാം. നമ്മളും സഹോദരൻമാർക്കുവേണ്ടി ജീവൻ പരിത്യജിക്കുവാൻ കടപ്പെട്ടിരിക്കുന്നു.
ലൗകികസമ്പത്തുള്ളവൻ സഹായമാവശ്യമുള്ള തന്റെ സഹോദരനെ കണ്ടിട്ടും അവനെതിരേ ഹൃദയം കൊട്ടിയടയ്ക്കുന്നെങ്കിൽ അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും? 1യോഹ. 3, 14-18.
കുഞ്ഞുമക്കളേ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടതു്; പ്രത്യുത, പ്രവൃത്തിയിലും സത്യത്തിലുമാണ്. 1യോഹ. 4, 8.
ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. എന്നാൽ

www.malankaralibrary.com

നാം പരസ്പരം സ്നേഹിക്കുന്നെങ്കിൽ ദൈവം നമ്മിൽ വസിക്കും 1 യോഹ. 4,12

'ഞാൻ ദൈവത്തെ സ്നേഹിക്കുന്നു' എന്നു പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കയും ചെയ്യുന്നവൻ കള്ളം പറയുന്നു. കാരണം, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കയില്ല.

1 യോഹ. 4, 20.

കർക്കശമായൊരു നിലപാടെടുക്കാൻ യോഹന്നാനെ പ്രേരിപ്പിച്ചതെന്താണ്? മനുഷ്യനെക്കുറിച്ചുള്ള ആദിഗ്രന്ഥത്തിൻെറ വീക്ഷണവും യേശുവിനോടൊത്തുള്ള വാസവും യേശുവിൻെറ സ്നേഹവും ആണെന്നു പൊതുവെ പറയാം. ബൈബിളിലെ ആദ്യഗ്രന്ഥമായ ഉൽപ്പത്തിപ്പുസ്തകത്തിൽ മനുഷ്യോൽപ്പത്തിയും പരാമർശിച്ചിട്ടുണ്ട്. വിശദമായിത്തന്നെ. മനുഷ്യനെ മണ്ണുകൊണ്ട് മെനഞ്ഞുണ്ടാക്കുന്ന കുശവനായി യാഹ്വേയെ അവതരിപ്പിക്കുകയല്ല ഗ്രന്ഥകാരൻെറ ഉദ്ദേശ്യം. മനുഷ്യനും ഈശ്വരനുമായുള്ള ബന്ധം വ്യക്തമാക്കുകയുമാണ്. ഈശ്വരൻെറ ഛായയിലും സ്വരൂപത്തിലും സൃഷ്ടനാണ് മനുഷ്യൻ. രൂപമില്ലാത്ത ഈശ്വരന് രൂപവും പരിധിയും കല്പിച്ചുണ്ടായ ഈശ്വരപ്രതിമയാണ് മനുഷ്യൻ. അരൂപിയായ ഈശ്വരച്ഛായയ്ക്കു രൂപം നൽകിയപ്പോഠം മനുഷ്യനായി. അദൃശ്യനായ ഈശ്വരൻെറ ദൃശ്യരൂപമാണ് മനുഷ്യൻ. മനുഷ്യൻെറ ജീവനും ബുദ്ധിയും സ്വാതന്ത്ര്യവും എല്ലാം ഈശ്വരനിൽ നിന്നാണ്. ദൃശ്യരൂപത്തെ സ്നേഹിക്കാത്തവന് അദൃശ്യരൂപത്തെയും സ്നേഹിക്കാനാവില്ല. മനുഷ്യൻെറ ആദിസ്രോതസ്സിൽ എത്താത്തവന് മനുഷ്യൻെറ ശ്രേ

www.malankaralibrary.com

ഷ്ഠതയും ദിവ്യതയും ദർശിക്കാനാവില്ല: മനുഷ്യനെ അവൻെറ സാകല്യരൂപത്തിൽ ആദരിക്കാനാവില്ല. നടക്കുന്ന മരങ്ങളായി മാത്രമേ കാണാനാവൂ.

വികലമായ മനുഷ്യദർശനം മനുഷ്യനെ നടക്കുന്ന മരങ്ങളായി കാണുന്നു. ഇവിടെ അപരൻെറ ആവശ്യങ്ങൾ കാണാനാവില്ല. യേശു പറഞ്ഞ ധനികൻെറയും ലാസറിന്റേയും ഉപമ (ലൂക്കോ. 16, 10-31)യിലെ ധനികൻ മനുഷ്യനെ നടക്കുന്ന മരമെന്നു കാണുന്നവനാണ്.

19) ഒരു ധനികൻ ഉണ്ടായിരുന്നു. അയാൾ പട്ടും നല്ല മൃദുലമായ വസ്ത്രവും ധരിച്ചിരുന്നു. നിത്യവും മൃഷ്ടാന്നഭോജനവും കഴിച്ച് ആനന്ദിച്ചുമിരുന്നു. 20) അയാളുടെ പടിയ്ക്കൽ ലാസർ എന്നുപേരുള്ള ഒരു ദരിദ്രൻ വ്രണം നിറഞ്ഞു കിടന്നിരുന്നു. 11) ആ ധനികൻെറ മേശയിൽ മിച്ചം വരുന്നതുകൊണ്ടെങ്കിലും വയറ്നിറച്ച് വിശപ്പടക്കാൻ അവൻ ആഗ്രഹിച്ചു. കൂടാതെ, നായ്ക്കൾവന്ന് അവൻെറ വ്രണം നക്കുകയും ചെയ്തു. 22) ആ ദരിദ്രൻ മരിച്ചു. മാലാഖമാർ അവനെ അബ്രഹാമിൻെറ മടിയിലേക്കു കൊണ്ടുപോയി. ആ ധനികനും മരിച്ചു അടക്കപ്പെട്ടു. 23) അയാൾ നരകത്തിൽ പീഡയേല്ക്കവേ കണ്ണുയർത്തി അബ്രഹാമിനേയും അദ്ദേഹത്തിൻെറ മടിയിൽ ലാസറിനേയും കണ്ടു. 24) അയാൾ വിളിച്ചപേക്ഷിച്ചു: പിതാവായ അബ്രഹാമേ, എന്നിൽ കനിയേണമേ. തൻെറ വിരലിന്റെ അഗ്രം വെള്ളത്തിൽ മുക്കി എൻെറ നാവു തണുപ്പിക്കാൻ ലാസറിനെ ഇവിടേയ്ക്കു യയ്ക്കേണമേ. കാരണം ഞാൻ ഈ അഗ്നിജ്വാലയിൽ നരകവേദനയിലാണ്. 15) പക്ഷേ അബ്രഹാം

www.malankaralibrary.com

പറഞ്ഞു: മകനേ, നീ ഓർക്കുക. നീ നിന്റെ ജീവിതകാലത്തു് സകല സുഖസൗകര്യങ്ങളും അനുഭവിച്ചു. ലാസറാകട്ടെ കഷ്ടതകളും. പക്ഷേ ഇപ്പോൾ അവൻ ഇവിടെ ആനന്ദമനുഭവിക്കുന്നു. നീയോ കഠിനവേദനയനുഭവിക്കുന്നു. 26) ഇതെല്ലാം കൂടാതെ ഞങ്ങൾക്കും നിങ്ങൾക്കുമിടയ്ക്കു് വലിയൊരു ഗർത്തവും സ്ഥാപിതമായിരിക്കുന്നു. ഇവിടെനിന്നു നിങ്ങളുടെയടുത്തേയ്ക്കു വരാനിച്ഛിക്കുന്നവർക്കു് അതു സാദ്ധ്യമാകാതിരിക്കാനും അവിടെനിന്നു് ആരും ഞങ്ങളുടെയടുക്കൽ കടന്നുവരാതിരിക്കാനുംതന്നെ. 27) അപ്പോൾ അവൻ പറഞ്ഞു: എങ്കിൽ, പിതാവേ, അവനെ എന്റെ പിതൃഭവനത്തിലേക്കയക്കണമെന്നു ഞാനപേക്ഷിക്കുന്നു. 28) എനിക്കു് അഞ്ചു സഹോദരന്മാരുണ്ടു്. അവരും ഈ പീഡസ്ഥലത്തു് വരാതിരിക്കാൻ അവൻ അവർക്കു് മുന്നറിയിപ്പു് നൽകട്ടെ. 28) അപ്പോൾ അബ്രഹാം പറഞ്ഞു: അവർക്കു് മോശയും പ്രവാചകന്മാരുമുണ്ടു്. അവർ അവരെ ശ്രവിക്കട്ടെ. 30) അയാൾ വീണ്ടും പറഞ്ഞു: അങ്ങനെയല്ല പിതാവായ അബ്രഹാമേ; മരിച്ചവരിൽനിന്നു ഒരുവൻ അവരുടെ അടുക്കൽ ചെന്നു പറഞ്ഞാൽ അവർ പശ്ചാത്തപിയ്ക്കും. 31) അദ്ദേഹം അവനോടു പറഞ്ഞു: അവർ മോശയേയും പ്രവാചകന്മാരേയും ശ്രവിക്കുന്നില്ലെങ്കിൽ മരിച്ചവരിൽനിന്നു ഒരുവൻ എഴുന്നേററു ചെന്നാലും അവർക്കു ബോദ്ധ്യമാകയില്ല.

(ലൂക്കോസു് 16, 19-31).

ലൂക്കോസിന്റെ സുവിശേഷം മാത്രമേ ഈ ഉപമ രേഖപ്പെടുത്തിയിട്ടുള്ളു. ഒരു കഥയും അതിന്റെ പാഠവും

www.malankaralibrary.com

ചേർന്നതാണ് ഉപമ. ലൌകികസമൃദ്ധിയുടെ ഔന്നത്യമാസ്വാദിച്ചിരുന്നവനാണ് ഇവിടെപ്പറയുന്ന ധനികൻ. അയാൾ ധരിച്ചിരുന്നപട്ടും മൃദുലവസ്ത്രങ്ങളും വളരെ വിലപ്പിടിപ്പുള്ളതാണു്. ടൈർ രാജ്യത്തുനിന്നുള്ള പട്ടുകൊണ്ട് അലങ്കരിച്ച കമ്പിളിവസ്ത്രമാണ് പട്ട്. മൃദുലവസ്ത്രം ഈജിപ്ഷ്യൻ ലിനനും. രണ്ടും സമൃദ്ധിയുടേയും ആഡംബരത്തിന്റേയും അടയാളങ്ങൾ. അയാളനുഭവിച്ചിരുന്ന ഭക്ഷണവും അതിസമൃദ്ധംതന്നെ. നേരേ വിപരീതമാണ് ലാസറിന്റെ ജീവിതാനുഭവം. അക്ഷരാർത്ഥത്തിൽ മുഴപ്പട്ടിണി. കൂടെ അതികഠിനമായ രോഗവും. മാനസ്സികമായും ശാരീരികമായും വേദനയുടെ തിച്ചൂളയിൽ. ജീവിതയാതനകളൊന്നാകെ അനുഭവിച്ചു. എന്നാൽ അവരുടെ മരണാനന്തരജീവിതാനുഭവങ്ങൾ ഈ ലോകാനുഭവത്തിനു നേരേ വിപരീതമായിരുന്നു.

ഇഹത്തിൽ സുഖിച്ചാൽ പരത്തിൽ ദുഃഖിക്കുമെന്നോ ഇവിടെ ദുഃഖിച്ചാൽ അവിടെ സുഖിക്കുമെന്നോ പറയുകയല്ല യേശു. സമ്പത്തിനേയോ ദാരിദ്ര്യത്തേയോ അതിൽത്തന്നെ പുകഴ്ത്തുകയോ ഇകഴ്ത്തുകയോ അല്ല. അതേസമയം വർത്തമാനഭാവിജീവിതങ്ങൾ തമ്മിൽ ബന്ധമുണ്ടെന്നു വ്യക്തമാക്കുന്നു താനും. സാമൂഹ്യസ്ഥിതിയെപ്പററിയോ സ്വർഗ്ഗനരക ജീവിതങ്ങളെക്കുറിച്ചോ പഠിപ്പിക്കുകയല്ല. ഉപമയിൽ യേശുവിന്റെ ലക്ഷ്യം. ധനവാൻ ഈലോകജീവിതകാലത്ത് പെരുമാറിയപോലെയും അവന്റെ സഹോദരന്മാർ ജീവിക്കുന്നതുപോലെയും ആകരുതെന്നു ഉപദേശിക്കുന്നു.

മരണാനന്തരജീവിതത്തിലും ശാരീരികോത്ഥാനത്തിലും വിശ്വസിക്കാത്തവരും യേശുക്രിസ്തുവിലൂടെ ദൈവം ആ

www.malankaralibrary.com

വിഷ്കരിക്കുന്ന പദ്ധതി സ്വീകരിക്കാത്തവരുമായ ആളുകളോടാണ് അദ്ദേഹം ഈ ഉപമ പറഞ്ഞത്. പ്രകടമായ തെളിവു നൽകാമെങ്കിൽ വിശ്വസിക്കാമെന്നു ശഠിക്കുന്നവരോട്. വി. ഗ്രന്ഥവും യേശുവിൽ ആവിഷ്കൃതമായ അടയാളങ്ങളും സ്വീകരിക്കാത്തവർ പശ്ചാത്തപിക്കാഞ്ഞതിനാൽ അവസാനം വിധിക്കപ്പെട്ടുമെന്നോർപ്പിച്ച് പശ്ചാത്തപിക്കാനാഹ്വാനം ചെയ്യുകയാണ് ഉപമയിൽ. അതാണ് ഉപമയുടെ പ്രധാന ഉദ്ദേശ്യം.

യേശു അവലംബിക്കുന്ന കഥയിലെ ധനികന്റേയും സഹോദരന്മാരുടേയും അപരാധം വളരെ വ്യക്തമാണ്. ധനികന്റെ മൂക്കിനു നേരേ കിടന്നു നരകിച്ചിരുന്ന ദരിദ്രനുവേണ്ടി ഒന്നും ചെയ്തില്ല. അവന്റെ വയറിന്റെ വിളിയും വ്രണങ്ങളുമുയർത്തിയ വേദനയകറ്റാൻ മുതിർന്നില്ല. തെരുവുപട്ടികളിൽനിന്നുപോലും രക്ഷിച്ചില്ല. ഒക്കെ കണ്ടിട്ടും കണ്ടതായി നടിച്ചില്ല. സഹോദരനെ സ്നേഹിക്കാനും അവന്റെ ആവശ്യങ്ങൾ നിറവേറ്റാനും മോശയും പ്രവാചകന്മാരും നൽകിയ ശക്തിയേറിയ നിർദ്ദേശങ്ങൾ ആ ധനികകുടുംബം സ്വീകരിച്ചില്ല. അവർ പുതിയ അടയാളങ്ങൾ ആവശ്യപ്പെടുകയാണ്. സ്വീകരിക്കാനല്ല; ഒഴിഞ്ഞുമാറാൻ. ലാസറിന്റെ സൗഭാഗ്യാവസ്ഥ കണ്ടപ്പോഴും താൻ അയാളോട് ചെയ്ത തെറ്റിനെക്കുറിച്ച് അനുതപിച്ചില്ല. പോരാ. ആ സ്ഥിതിയിലും ലാസറിനെ സ്വന്തം കുടുംബത്തിന്റെ നന്മയ്ക്കുവേണ്ടി വിനിയോഗിക്കാനാണ് ശ്രമിക്കുക.

ഇന്നും കൂടുതൽ ഭീകര രൂപത്തിൽ ആവർത്തിക്കുന്ന കാര്യമാണല്ലോ യേശു ഉപമയുടെ കഥയിൽ പറയുന്ന ധനികന്റെ പെരുമാററവും ദരിദ്രന്റെ അനുഭവവും.

www.malankaralibrary.com

ആവശ്യക്കാരന്റെ ആവശ്യങ്ങൾ നിറവേറുന്നതാസ്പദമാക്കിയാണ് അന്ത്യവിധി അനുകൂലമോ പ്രതികൂലമോ ആകുകയെന്നു് യേശുക്രിസ്തു അസന്ദിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ടു്.

> മനുഷ്യപുത്രൻ (ക്രിസ്തു) തന്റെ എല്ലാ മാലാഖമാരോടുംകൂടെ പ്രതാപത്തിൽ എഴുന്നെള്ളുമ്പോൾ അവൻ തന്റെ മഹത്വത്തിൽ സിംഹാസനത്തിൽ ഉപവിഷ്ടനാകും. അവന്റെ മുമ്പിൽ സകലജനങ്ങളെയും ഒരുമിച്ചു കൂട്ടും. ഇടയൻ ചെമ്മരിയാടുകളേയും കോലാടുകളേയും വേർതിരിക്കുന്നതുപോലെ അവരെ തമ്മിൽ വേർതിരിക്കും. ചെമ്മരിയാടുകളെ തന്റെ വലത്തുവശത്തും കോലാടുകളെ തന്റെ ഇടത്തുവശത്തും നിർത്തും. അനന്തരം രാജാവ് തന്റെ വലത്തുഭാഗത്തുള്ളവരോടു് കല്പിക്കും: എന്റെ പിതാവിനാൽ അനുഗ്രഹീതരേ, വരുവിൻ. ലോക സ്ഥാപനംമുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ. എന്തെന്നാൽ, എനിക്കു വിശന്നു; നിങ്ങൾ എനിക്കു ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു; നിങ്ങൾ എനിക്കു് കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു; നിങ്ങൾ എന്നെ വസ്ത്രമുടുപ്പിച്ചു. ഞാൻ രോഗിയായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചു. ഞാൻ ജയിലിലടയ്ക്കപ്പെട്ടിരുന്നു; നിങ്ങൾ എന്റെ അടുക്കൽ വന്നു. അപ്പോൾ നീതിമാന്മാർ ഇങ്ങനെ മറുപടി പറയും: കർത്താവേ, നിന്നെ വിശക്കുന്നവനായിക്കണ്ടു് നിനക്കു ഞങ്ങൾ ആഹാരം നൽകിയതും ദാഹിക്കുന്നവനാ

www.malankaralibrary.com

യിക്കണ്ടു് കുടിക്കാൻ തന്നതും എപ്പോൾ? നിന്നെ വിദേശിയായിക്കണ്ടു് സ്വീകരിച്ചതും നഗ്നനായിക്കണ്ടു് വസ്ത്രമുടുപ്പിച്ചതും എപ്പോൾ? ഞങ്ങൾ നിന്നെ രോഗശയ്യയിലോ ജയിലിലോ വന്നു കണ്ടതെപ്പോൾ? രാജാവു് മറുപടി പറയും: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏററവും ചെറിയ സഹോദരനിൽ ഒരാൾക്കു് ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണു് ചെയ്തതു്.

അനന്തരം അവൻ ഇടത്തുഭാഗത്തുള്ളവരോടു് പറയും: ശപിക്കപ്പെട്ടവരെ, നിങ്ങൾ എന്നിൽ നിന്നകന്നു് പിശാചിനും അവന്റെ ദൂതന്മാർക്കുമായി തയ്യാറാക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ. എന്തെന്നാൽ എനിക്കു വിശന്നു; നിങ്ങൾ എനിക്കു് ആഹാരം തന്നില്ല. എനിക്കു ദാഹിച്ചു; നിങ്ങൾ എനിക്കു കുടിക്കാൻ തന്നില്ല. ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചില്ല. ഞാൻ നഗ്നനായിരുന്നു; നിങ്ങൾ എന്നെ വസ്ത്രമുടുപ്പിച്ചില്ല. ഞാൻ രോഗ ശയ്യയിലും ജയിലിലുമായിരുന്നപ്പോൾ നിങ്ങൾ എന്നെ സന്ദർശിച്ചില്ല. അപ്പോൾ അവർ ചോദിക്കും: കർത്താവേ, ഞങ്ങൾ നിന്നെ വിശക്കുന്നവനോ ദാഹിക്കുന്നവനോ പരദേശിയോ നഗ്നനോ രോഗിയോ ജയിൽബന്ധിതനോ ആയി കണ്ടതും നിനക്കു് ശുശ്രൂഷ ചെയ്യാതിരുന്നതും എപ്പോൾ? അവൻ മറുപടി പറയും: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ഈ ഏററവും ചെറിയവരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണു ചെയ്യാതിരുന്നതു്.

www.malankaralibrary.com

ഇവർ നിത്യശിക്ഷയിലേക്കും നീതിമാന്മാർ നിത്യ ജീവനിലേക്കും പോകും (മത്താ. 25,31-46)

ആദിമ ക്രിസ്തീയസഭയുടെ ആഴമായ അവബോധവും സുസ്ഥിരമായ വിശ്വാസവുമാണ് സുവിശേഷകനായ മത്തായി എഴുതിവച്ചിരിക്കുന്നത്. തലമുറതലമുറകൾക്കുവേണ്ടി അയവില്ലാത്ത വ്യവസ്ഥ. കർക്കശമായ നിലപാട്. മാററമില്ലാത്ത മട്ട്. വ്യക്തമായ വാക്കുകൾ. ഔദ്യോഗികക്രിസ്തുമതത്തിന്റെ ഔദ്യോഗികാനൗദ്യോഗികാംഗങ്ങളും നേതാക്കളും പേർത്തും പേർത്തുമാവർത്തിക്കുന്ന വാക്കുകൾ. നൂററാണ്ടുകളായി ആവർത്തിക്കുന്നു. എന്നിട്ടും തൊററ് കൂടുതൽ ആർത്തിയോടും ആഴത്തിലും ആവർത്തിക്കുന്നു. ക്രിസ്തുമതം ക്രൈസ്തവമല്ലാതായി മാറിയിരിക്കുകയാണോ? ക്രിസ്തുമതം റോമൻ സാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായിത്തീർന്നതിനുശേഷം രാഷ്ട്രീയഭരണാധികാരികളനുഭവിച്ചിരുന്ന ആനുകൂല്യങ്ങളും സുഖസൗകര്യങ്ങളും ക്രൈസ്തവസഭയുടെ ഔദ്യോഗികനേതാക്കന്മാരുടെ മേലും വന്നുവീണുകൊണ്ടിരുന്നു. ഈ പ്രക്രിയയ്ക്ക് ചേപ്പൽ ഭസ്റ്ററുകളുടെ രൂപീകരണത്തോടെ ആക്കംവും കൂടി. വൈദികസംഘം ഒന്നാകെ പൊതുവെ സമൂഹത്തിലെ സമ്പന്നവർഗ്ഗത്തോടും അധികാരവർഗ്ഗത്തോടും താദാത്മ്യം പ്രാപിച്ചു. ഉത്തുംഗശൃംഗമന്ദിരങ്ങളിൽ വാണരുളി വിലയേറിയ പട്ടും മുല്യവസ്ത്രങ്ങളും അണിഞ്ഞ് നിത്യേന മൃഷ്ടാന്നഭോജനവും ആസ്വദിച്ചു. ഈ പാരമ്പര്യത്തിന്റെ കെട്ടുപാട് ഇന്നും വളരെയേറെ സ്വാധീനിക്കുന്നുണ്ട്. സമ്പന്നവർഗ്ഗത്തോടോ അധികാരവർഗ്ഗത്തോടോ താദാത്മ്യപ്പെട്ടുനിന്നുകൊണ്ട് ദരിദ്രോദ്ധാരണത്തെപ്പററിപ്പറയുന്നതെല്ലാം പാഴായിപ്പോം

www.malankaralibrary.com

കുന്നു. ദരിദ്രന്റെ പക്ഷത്തു ജീവിച്ചുകൊണ്ടുള്ള പ്രസംഗമേ ഫലപ്രദമാകൂ. സമ്പന്നവർഗ്ഗം സഭയിൽ സ്വരുക്കൂട്ടിയിരിക്കുന്ന ദുഷിച്ച സ്വാധീനവലയം തീർത്തും തകർക്കുക തന്നെ വേണം. എങ്കിലേ സഭയ്ക്കു് അവളുടെ നാഥനോട് വിശ്വസ്തയായി വർത്തിക്കാനാവൂ; സ്വധർമ്മം വിജയപ്രദമായി പൂർത്തിയാക്കാനാവൂ.

സ്വന്തം സ്വാധീനവും സുരക്ഷിതത്വവും ഉറപ്പിക്കാൻ ദാനം ചെയ്യുന്ന മനോഭാവവും സമീപനവും അടിസ്ഥാനപരമായി തെറ്റാണ്. ഇല്ലാത്തവന്റെ ജീവിതാവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുക സൗജന്യമല്ലെന്നും ഒഴിച്ചുകൂടാത്ത കടമയാണെന്നുമുള്ള ബോദ്ധ്യം സമൂഹത്തിൽ അടിച്ചേല്പിക്കുക തന്നെ വേണം. സമ്പന്നതയുടേയും അധികാരപ്രമത്തതയുടേയും ദൂഷിതവലയത്തിൽനിന്നു സ്വതന്ത്രമായ സഭാനേതാക്കന്മാരുടെ പ്രവർത്തനം ക്രൈസ്തവവീക്ഷണത്തിൽ വിജയിച്ചുവിരാജിക്കുന്നതു് കാണാൻ നമുക്കു കഴിയുന്നല്ലോ. മറ്റുള്ളവരെ ചൂണ്ടലിൽ കോർക്കാനുള്ള സംഭാവനകളും മറ്റും ഉന്നതന്മാരുടെ അപ്രീതിയും എതിർപ്പുകളും മർദ്ദനമുറകളും വിധേയമായാൽപ്പോലും അർഹിക്കുന്ന അവജ്ഞയോടെ നിരസിക്കുകയും ജീവിതാവശ്യങ്ങൾ നിറവേറ്റാനാവാതെ വിഷമിക്കുന്നവനുമായി സമ്പത്തു് പങ്കുവയ്ക്കാത്ത സംഭാവനകളൊന്നും സഭയ്ക്കു സ്വീകാര്യമല്ലെന്ന നിലപാടു സധൈര്യം സ്വീകരിക്കുകയും വേണം.

എന്റെ ആവശ്യത്തിനുവേണ്ടി മറ്റുള്ളവരെ ഉപയോഗിക്കുന്നതും മനുഷ്യരെ മരങ്ങളായിക്കാണുകയാണ്. ഞാൻ എനിക്കുവേണ്ടി അപരനെ സ്നേഹിക്കുക. അവനുവേണ്ടിയല്ല. എന്റെ ഉപയോഗത്തിനുവേണ്ടി; എന്റെ

www.malankaralibrary.com

സന്തോഷത്തിനും സുഖത്തിനുവേണ്ടി; എനിക്കു ലാഭമുണ്ടാക്കാൻ. ഞാൻ എനിക്കുവേണ്ടി ഉപയോഗിക്കുന്നവനു് എന്തു സംഭവിക്കുന്നുവെന്നതു് എനിക്കു പ്രശ്നമല്ല. ഈ മനോഭാവം പണ്ടു് നിലവിലിരുന്ന അടിമവ്യവസ്ഥിതിയുടെ പരിഷ്ക്കരിച്ച പതിപ്പുകളിലൊന്നല്ലേ?

സകലരും പരസ്പരം നന്മവരുത്താൻ നിയുക്തരാണു്. അതിനാൽ അപരനിൽനിന്നു് എനിക്കു നന്മയുണ്ടാവുക സഹജവുമത്രേ. എന്നാൽ, അപരനു് ഞാൻ നന്മയേകാതെ അവനെ എന്റെ നന്മയ്ക്കു് ഉപയോഗിക്കുമ്പോഴാണു് തെറ്റു്. മനുഷ്യബന്ധം വൺവേട്രാഫിക്കു് അല്ലല്ലോ. എനിക്കു് ഉപയുക്തമായിടത്തോളം അപരൻ നല്ലവൻ എന്ന നിലപാടാണു് പൊതുവെ എല്ലാവരും സ്വീകരിക്കുക. എന്നെ ഉപദ്രവിച്ചതിനാൽ അവൻ ചീത്ത; ഞാൻ പറയുന്നതുപോലെ ചെയ്യാത്തതിനാൽ അവൾ കൊള്ളരുതാത്തവൾ എന്നിങ്ങനെയാണല്ലോ നമ്മുടെ വിധിതീർപ്പു് പലപ്പോഴും.

അപരനെപ്രതി അവനെ സ്നേഹിക്കുക. മനുഷ്യനെ മനുഷ്യനായി കാണുക. ധൂർത്തപുത്രന്റെ ഉപമ (ലൂക്കോസ് 15) യിലെ അപ്പന്റെ ചിത്രം ഹൃദയഹാരിയാണു്; സംസ്കരണശക്തിയുള്ളതാണു്. ഇളയ മകൻ അപ്പനെ വേദനിപ്പിച്ചു. കുടുംബത്തിന്റെ വീതമെല്ലാം സമയമാകുന്നതിനു മുമ്പുതന്നെ ചോദിച്ചുവാങ്ങി. കൊടുക്കാതിരിക്കാമായിരുന്നിട്ടും അപ്പൻ കൊടുത്തു. കുടുംബത്തിന്റെ അന്തരീക്ഷത്തിൽനിന്നു അകന്നുപോയ മകനെ അയാൾ ആകാംക്ഷയോടെ കാത്തിരുന്നു. അവൻ സ്വത്തു മുഴുവൻ ധൂർത്തടിച്ചു് തിരിച്ചുവന്നപ്പോൾ ഒരു തെറ്റും ചെയ്യാത്തവനെയെന്നപോലെ സ്വീകരിച്ചു. അവന്റെ തിരിച്ചുവരവു

www.malankaralibrary.com

തന്നെ വലിയൊരു നന്മപ്രവർത്തിയായി അപ്പൻ കാണു ന്നു. തിരിച്ചുവരവിൽ ആഹ്ളാദിച്ചു. അവന്റെ ബഹുമാ നാർത്ഥം വിരുന്നൊരുക്കി. പാട്ടും നൃത്തവും സംഘടിപ്പി ച്ചു. മകനെപ്രതി അവനെ സ്നേഹിക്കുന്ന പിതാവിനെ ഇവിടെ നമുക്കു കാണാം. എന്നാൽ മൂത്തമകനോ? അവ ന്റെ നോട്ടത്തിൽ ഇളയവൻ കുടുംബദ്രോഹിയാണ്. അ വനെ വീട്ടിൽക്കയററാൻ പാടില്ല. അവനെ സ്വീകരിച്ച അപ്പനും തെററുകാരനത്രേ.

മററുള്ളവരോട്ട് സഹതപിക്കാനാവാത്തവരും മനു ഷ്യരെ മരങ്ങളായിക്കാണുകയത്രേ. സഹതാപം! വിലകുറ ഞ്ഞ വാക്കായിമാറിയിരിക്കയാണല്ലോ. ദുഃഖിക്കുന്നവരോ ട്ട് അനുകമ്പ കാണിക്കുകയാണെന്നത്രേ പലരുടേയും ധാര ണ. മാന്യവ്യക്തികളുടെ നിർമ്മാണത്തിലുണ്ടാകുന്ന 'നികത്താനാവാത്ത വിടവു സൃഷ്ടിക്കുന്നു' നിർവികാരവും നിർ വ്യക്തികവുമായ അനുശോചനത്തിന്റെ താഴ്ന്ന പടി യാണ് സഹതാപം മിക്കവർക്കും. സഹതാപം അനുകമ്പ യല്ല. സഹതപിക്കുകയാണ്. ഒത്തു തപിക്കുക. കൂടെ ദുഃ ഖിക്കുക. ദുഃഖത്തിന്റെ, പങ്കു കൈക്കൊള്ളുക. രണ്ടു തുള്ളി കണ്ണീരൊഴുക്കയോ അല്പനേരം അലമുറയിടുകയോ മാത്രമല്ല. ദുഃഖഭാരം പേറുന്നവനോടൊത്തു നിന്ന്, ആ ഭാരം വഹിക്കുക. "ദുഃഖിക്കുന്നവരോട്ടുകൂടി ദുഃഖിക്കുകയും കരയുന്നവരോട്ടുകൂടി കരയുകയും ചെയ്യുക". ഇതു് എത്ര പേർ അനുവർത്തിക്കുന്നുണ്ട്? എത്ര പേർക്കു സാധിക്കും? യഥാർത്ഥ സഹതാപികൾ എത്രയുണ്ട്? മററുള്ളവരുടെ വേദനയും ദുഃഖവുമൊന്നും ഒരു വികാരവുമുദിപ്പിക്കാത്ത തരം മരവിച്ച മനസ്സാക്ഷിയുടെ ഉടമകളുടെ അനുപാതം ഏറിയേറി വരികയല്ലേ?

www.malankaralibrary.com

അപരന്റെ സഹതാപാർഹമായ അവസ്ഥയിൽ എന്തിനാണ് പങ്കുകൊള്ളുക? അവനെ ആശ്വസിപ്പിക്കാൻ. അവനെ ആ അവസ്ഥയിൽനിന്നു സ്വതന്ത്രനാക്കാൻ. സഹതപിക്കുന്നവന്റെ ബന്ധനത്തിലേക്ക് സഹതാപാർഹനെ കുടുക്കിൽപ്പെടുത്തുന്ന കറക്കുവഴിയായി സഹതാപപ്രകടനം നടത്തുന്നവരും കുറവല്ലല്ലോ.

യേശുവിന്റെ കെനോസിസ്– സ്വയം ശൂന്യമാക്കൽ–യഥാർത്ഥ സഹതാപമാണ്. അവൻ മനുഷ്യനായി നമ്മിലൊരുവനായി. വചനം ശരീരിയായി. പാപമൊഴിച്ചെല്ലാററിലും മനുഷ്യഭാഗധേയങ്ങളിൽ പൂർണ്ണമായി പങ്കുകൊണ്ടു. 'തീരാത്ത ദുഃഖത്തിൻ തീരത്തൊരുനാൾ' മനുഷ്യനായ് പിറന്നു ദൈവം. പ്രാണസർവ്വസ്വമായ് സ്നേഹിച്ച മനുഷ്യനുവേണ്ടി പ്രാണൻ പ്രണമിച്ചു. ജനനത്തിലും ജീവിതത്തിലും രോഗത്തിലും ആരോഗ്യത്തിലും പട്ടിണിയിലും സമൃദ്ധിയിലും ദുഃഖത്തിലും സന്തോഷത്തിലും മ്ളാനതയിലും ആനന്ദത്തിലും മരണത്തിലും ഉത്ഥാനത്തിലും മനുഷ്യനോടു പങ്കുകൊണ്ടു. എല്ലാം എന്തിനുവേണ്ടി? മനുഷ്യന്റെ ഭാരം കുറയ്ക്കാൻ. അവനെ വിമോചിപ്പിക്കാൻ. അവന്റെ സമഗ്രസ്വാതന്ത്ര്യത്തിനു്. അതാണല്ലോ അവിടത്തെ മരണത്തിന്റെ അർത്ഥം.

മനുഷ്യന്റെ നഷ്ടസ്ഥിതിയിൽ അവനെ യേശു ദർശിച്ചു. അവന്റെ ആദിമഹത്വവും അവിടത്തേക്കറിയാം. മനുഷ്യൻ ആയിരിക്കുന്ന അവസ്ഥയിൽ നിന്നു് ആയിരിക്കേണ്ട യഥാർത്ഥാവസ്ഥയിലേക്ക് അവനെ പുനരാനയിച്ചു.

www.malankaralibrary.com

മനുഷ്യനെ സമഗ്രമായി ദർശിച്ചവൻ യേശു മാത്രമാണു്. അരിസ്റ്റോട്ടിലും പ്ലേറ്റോയും കാന്റും കാറൽമാക്സും സാർത്രും ഉൾപ്പെട്ട ദാർശനികസമൂഹത്തിലാരും മനുഷ്യനെ പൂർണ്ണമായി ദർശിച്ചിട്ടില്ല. യേശുവിനു മാത്രം സാധിച്ചു. അതെ. അങ്ങേയ്ക്കുമാത്രം. അങ്ങയിലൂടെ മാത്രമേ ആർക്കും മനുഷ്യന്റെ സമഗ്രദർശനം സാദ്ധ്യമാകൂ. ആ ദർശനത്തിനുമാത്രമേ മനുഷ്യനെ സമ്പൂർണ്ണസ്വാതന്ത്ര്യത്തിലേക്കു് ആനയിക്കാനാവൂ.

സകലതും വ്യക്തമായിക്കാണാൻവേണ്ട കൃപയ്ക്കു് കേഴുക. യേശുവിനെയും യേശുവിലൂടെ നിങ്ങളേയും അപരനേയും കാണുവാൻ വേണ്ട കാഴ്ചയ്ക്കു് അപേക്ഷിക്കുക.

www.malankaralibrary.com

# ഉപസംഹാരം

പിതാവിന്റെ പ്രകാശമേ,
പ്രപഞ്ചത്തിന്റെ പ്രകാശമേ,
യേശുവേ,
എനിക്കു് കാഴ്ചവേണം.

അങ്ങയെക്കാണാൻ
അങ്ങിലൂടെ എന്നെക്കാണാൻ
അങ്ങിലൂടെ അപരനെക്കാണാൻ
എനിക്കു കാഴ്ചവേണം

"തമസോ മാ ജ്യോതിർഗ്ഗമയ
മൃത്യോ മാ അമൃതം ഗമയ"

"ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

ഫാദർ കുര്യന്റെ കൃതികൾ.

1) **വിതയും കൊയ്ത്തും**

(യേശുവിന്റെ ഉപമകളെക്കുറിച്ച്
ഒരു ശാസ്ത്രീയ പഠനം)

2) **ദർശനം**

(ധ്യാനം, പ്രാർത്ഥന, പ്രസംഗം ബൈബിൾ ഭാഗങ്ങളെക്കുറിച്ചുള്ള പഠനം എന്നിവയ്ക്കു സഹായകമായൊരു ചെറുഗ്രന്ഥമാണു് 'ദർശനം'

www.malankaralibrary.com